വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

# വെട്ടൂ
# ഗ്രാമപഞ്ചായത്ത്




## വികസന റിപ്പോർട്ട്

# വികസന റിപ്പോർട്ട്

## വെട്ടൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമീണ ജനതയുടെ ആന്തരാത്മാവിൽ -
നിന്നുതിർന്നു വീണ അറിവിൻെറ മുത്തുകളും
വളരെ കാലമായി മനസ്സിൽ വച്ച്
താലോലിച്ച വികസനസ്വപ്നങ്ങളും
ഗ്രാമസഭാങ്കണങ്ങളിലുയർന്നു കേട്ട
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
ആകെ ചാലിച്ചെടുത്ത്,
പഞ്ചായത്തു് തല ആസൂത്രണസമിതി പ്രവർത്തകരും
ഭരണസമിതിയംഗങ്ങളും
വസ്തുനിഷ്ഠമായി വിലയിരുത്തി
തയ്യാറാക്കിയ വികസന റിപ്പോർട്ട്
പുതിയ നിർദ്ദേശങ്ങൾക്കും
അംഗീകാരത്തിനുമായി
സവിനയം സമർപ്പിയ്ക്കുയാണ്.
റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ
നല്കിയവർക്കും, ദ്വിതീയ വിവരശേഖരണത്തിന്
സഹകരിച്ച ഡിപ്പാർട്ടുമെൻറ്കൾക്കും
ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർവ്വാത്മനാ
സഹകരിച്ച് വിശ്രമമില്ലാതെ എന്നോടൊപ്പം
പ്രവർത്തിച്ച എല്ലാസുഹൃത്തുകൾക്കും,
വിശിഷ്യാ പ്രൊ. രാഘവൻ സാറിനും
എൻെറ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,
നിങ്ങളുടെ **ബി. ധനപാലൻ,**
പ്രസിഡൻറ്.



ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ ജീവിക്കുന്നു.

*- ഗാന്ധിജി*



"ഞാൻ ചെറുപ്പമാണ്,
എനിയ്ക്കൊരു സ്വപ്നമുണ്ട്...............
അധികാരവികേന്ദ്രീകരണം"

- രാജീവ്ഗാന്ധി



**ബി. ധനപാലൻ**

പ്രസിഡൻറ്

# ഭരണസമിതിയംഗങ്ങൾ



ശ്രീമതി. സുൽസിലാ ഫസിലുദ്ദീൻ
വൈസ്പ്രസിഡൻറ്



ശ്രീമതി. ശാന്തകുമാരി
ചെയർപേഴ്സൺ
സ്റ്റാൻഡിംഗ് കമ്മിറ്റി



ശ്രീ. പി.എസ്. സാദിക്
മെമ്പർ



ശ്രീ. കെ. എം. കാസിം
മെമ്പർ



ശ്രീ. കെ. രവീന്ദ്രൻ
മെമ്പർ



ശ്രീ. സലാഹുദ്ദീൻ
മെമ്പർ



ശ്രീമതി. ഷീബാ പ്രസാദ്
മെമ്പർ



ശ്രീ. കെ. പ്രേമദാസ്
മെമ്പർ

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



ശ്രീ. വെട്ടൂർ നാരായണൻ വൈദ്യർ
(ആദ്യത്തെ പ്രസിഡൻറ്)



ശ്രീ. എ. എം. ലത്തീഫ്



ശ്രീ. പിറവിളാകത്ത് വാസുദേവൻ



സഖാവ് റ്റി.എ. സമദ്



ശ്രീ. കെ. ചെല്ലപ്പൻ ബി.എ.എൽ.റ്റി



ശ്രീ. വി. ഷാജി ചെട്ടിത്തൊടി

# വെട്ടൂർ ഗ്രാമപഞ്ചായത്ത്

I. പുത്തൻചന്ത
II. തെങ്ങറ
III. ചൂള പ്പുര
IV. വെട്ടൂർ
V. പെരുമൺ
VI. വലയൻെറകുഴി
VII. വെന്നികോട്
VIII. റാത്തിക്കൽ
IX. വിളബ്ഭാഗം



# പേജുകൾ മറിയ്ക്കുമ്പോൾ......


1. ആമുഖം
2. ചരിത്രം
3. മണ്ണ്, ജലം, ജനങ്ങൾ
4. കൃഷിയും, ജലസേചനവും
5. മൃഗസംരക്ഷണവും,മത്സ്യബന്ധനവും
6. കുടിവെള്ളം,ആരോഗ്യം, ശുചിത്വം
7. വിദ്യാഭ്യാസം
8. ഗതാഗതം, ഊർജ്ജം.
9. വ്യവസായം, തൊഴിൽ
10. പാർപ്പിടം, സാമൂഹ്യക്ഷേമം, പരിസ്ഥിതിപ്രശ്നം
11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
12. വനിതാക്ഷേമം
13. സഹകരണപ്രസ്ഥാനവും പൊതുവിതരണവും
14. സാംസ്ക്കാരം
15. വിഭവസമാഹരണം


✸✸✸✸✸✸

# ആമുഖം

സു ദീർഘമായ ഒരു ആമുഖത്തിൻെറ ആവശ്യമില്ല. വികസന റിപ്പോർട്ടു തയ്യാറാക്കി രിക്കുമ്പോൾ ഗ്രാമ സഭകളിൽ ആവേശപൂർവ്വം കടന്നു വന്ന് ഈ നാടിൻെറ സമസ്ത മേഖലകളെയും തൊട്ടുണർത്തിയ നൂറുകണക്കിന് ഗ്രാമവാസികളുടെ മുഖങ്ങൾ ഞങ്ങളുടെ മനസ്സിൽ ഓടി എത്തുന്നുണ്ടായിരുന്നു. നിങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസം ഒട്ടുമേ ചോർന്നു പോകാതെ നാടിൻെറ പ്രതീക്ഷകളും സ്വപ്നങ്ങളും പൂവണിയുന്നതിനായി നമ്മുക്കു ഒന്നിച്ചു പ്രവർത്തിക്കാം.

മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി രൂപകല്പനചെയ്ത ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിയമമായ പഞ്ചായത്തിരാജിൻെറ പിൻബലത്തോടെ കേരളത്തിലെ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് ചരിത്രത്തിലാദ്യമായി സുസ്ഥിരത ലഭ്യമായിരിക്കുകയാണ്. പുതിയ നിയമങ്ങൾ ജനപ്രതിനിധികൾക്ക് പുത്തൻ അധികാരങ്ങൾ നൽകുന്നു. ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പികുവാൻ ആവശ്യപ്പെടുന്നു.ഗ്രാമസഭകൾ നമുക്ക് പുതുമയുളവാക്കുന്നതാണ്. ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ടുള്ള പങ്കാളിത്തം ഉറപ്പു് വരുത്തുന്ന ഭരണഘടനാ പരമായ സ്ഥാപനമാണിതു്. വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി പുരോഗതിയുടെ പുത്തൻ പടവുകൾ കയറാൻ നാം ബാദ്ധ്യസ്ഥ രാണ്.

ദില്ലിയിലെ വിദഗ്ദ്ധൻമാരു സർക്കാർ മന്ദിരങ്ങളിലെ ബ്യൂറോക്രസിയും കൈകാര്യ ചെയ്തിരുന്ന ആസൂത്രണത്തിൻെറ മേഖലയിൽ ഗ്രാമീണ കർഷകൻേറയും തൊഴിലാളിയുടേയും അറിവും അദ്ധ്വാനവും ഉപയോഗിച്ച് എങ്ങനെ വിജയം കൊയ്യാമെന്നുള്ളതിനെ സംബന്ധിച്ച പ്രവർത്തനങ്ങളാണ് നാടൊട്ടുക്കും നടന്നുകൊണ്ടിരിക്കുന്നത്.

പദ്ധതി അടങ്കലിന്റെ 35- 40 ശതമാനം വരുന്ന തുക പ്രാദേശിക പദ്ധതികൾക്കായി പഞ്ചായത്തുകൾ വഴി ചെലവഴിയ്ക്കേണ്ടിയിരിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണം ജനപങ്കാളിത്തത്തോടെ സ്മയ ബന്ധിതമായി നടത്തുന്നതിന്വേണ്ടി കേരളസർക്കാർ രൂപം നല്കിയതാണ് ജനകീയ ആസൂത്രണപ്രസ്ഥാനം. ഈ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി സന്നദ്ധ പ്രവർത്തകർക്കുള്ള ജില്ലാതല പരിശീലന ക്യാമ്പ് 09-9-96 മുതൽ 11-9-96 വരെ ആറ്റിങ്ങൽ മുൻസിപ്പൽ ഠൗൺ ഹാളിൽ നടന്നു. പ്രസ്തുത ക്യാമ്പിൽ പഞ്ചായത്തിനെ പ്രതിനിധികരിച്ചു ശ്രീമതി. ശാന്തകുമാരി (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപ്പേഴ്സൺ), ശ്രീ. പി.എസ്. സാദിഖ്, (മെമ്പർ), ശ്രീ. അനീഷ്, ശ്രീ.ബൈജ്ജു, ശ്രീമതി. ബേബിഗിരിജ എന്നിവർ പങ്കെടുത്തു.

പഞ്ചായത്തു് തല ഏകദിന ശില്പശാല 14-9-96-ൽ നടക്കുകയുണ്ടായി. ശില്പശാലയിൽ 60-ഓളം പേർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭ കൂടുന്നതിന്റെ ഭാഗമായി 24-9-96-ൽ ഒരു വികസന പദയാത്ര പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളി ലൂടെ സഞ്ചരിക്കുകയുണ്ടായി. പ്രസ്തുത പദയാത്രയിൽ ഭരണ സമിതി അംഗങ്ങളും, വിവിധ രാഷ്ട്രീയ കക്ഷികളുടേയും സന്നദ്ധസംഘടനകളുടേയും പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. വിശേഷാൽ ഗ്രാമസഭകൾ വിവിധ ദിവസങ്ങളിൽ കൂടുകയുണ്ടായി. 1,2,3 വാർഡുകളിലെ ഗ്രാമസഭകൾ 27-9-96 ലും, 4,5,6 വാർഡുകളിലെ ഗ്രാമസഭകൾ 28-9-96 ലും, 7,8,9 എന്നിവാർഡുകളിടെ ഗ്രാമസഭകൾ 30-9-96ലും നടക്കുകയുണ്ടായി.ടി ഗ്രാമസഭകളിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾക്കായിരുന്നു മുൻത്തൂക്കം. 2,3 വാർഡുകളിൽ മുസ്ലീം വനിതകളുടെ പങ്കാളിത്തം അത്ഭുതപൂർവ്വമായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ജനകീയാസൂത്രണ പരിപാടിയുടെ പ്രചരണാർത്ഥം വർക്കല ബ്ളോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച കലാജാഥക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്വീകരണം നല്കുകണ്ടായി. രണ്ടാംഘട്ട സംസ്ഥാന തല പരിശീലനം തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ആഫ് മാനേജ്മെൻറ് ട്രെയ്നിംഗ് സെൻററിൽ വച്ചു 1996 ഒക്ടോബർ മാസം 7,8,9,10,11 തീയതികളിൽ നടത്തുകയുണ്ടായി.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട പരിശീലന പരിപാടിയിത പ്രസിഡൻറ്, സെക്രട്ട റി, കൃഷിയാഫീസർ തുടങ്ങിയ 14 പേർക്ക് പരിശീലനം ലഭിക്കുകയുണ്ടായി.

പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ടുമെനര് ഉദ്യോഗസ്ഥൻമാരുടെ യോഗം 25-10-96- ലും, 08-11-96 ലും കൂടി വിവരശേഖരണം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ജനകീയാ സൂത്രണ രണ്ടാം ഘട്ടത്തോടനുബന്ധിച്ച് ഒരു ഏകദിന ശില്പശാല 13-11-96-ൽ വിളബ്ഭാഗം എ.എം. ടി.ടി ഐ -ൽ വച്ചു നടത്തുകയുണ്ടായി. ടി ക്യാബിൽ വനിതകൾ ഉൾപ്പടെ 40 പേർ പങ്കെടുക്കുകയുണ്ടായി. വികസന റിപ്പോർട്ടിന്റെയും സെമിനാ റിന്റെയും പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കാൻ ശ്രീ. വി. രാഘവൻ കൺവീനറായി ഡി.ആർ.പി. കമ്മിറ്റി രൂപീകരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഗ്രാമസഭാ റിപ്പോർട്ടു ഏകീകരണവും, പഠനപര്യടന പരിപാടികളും, ദ്വിതീയ വിവര ശേഖരണ പ്രവർത്തനങ്ങളും ജനകീയ ആസൂത്രണ പ്രവർത്തർ ഏറ്റെടുത്തു് നടത്തുകയുണ്ടായി.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് എല്ലാപേരുടേയും പിൻതുണയും സഹകരണവും ഞങ്ങൾക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# പൊതുവിതരണം

| പഞ്ചായത്തിൻെറ പേര് | വെട്ടൂർ ഗ്രാമ പഞ്ചായത്ത് |
|---|---|
| ഉൾപ്പെടുന്ന വില്ലേജ് | വെട്ടൂർ, ചെറുന്നിയൂർ, വക്കം. |
| ബ്ലോക്ക് പഞ്ചായത്ത് | വർക്കല |
| താലൂക്ക് | ചിറയിൻകീഴ് |
| ജില്ല | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | വർക്കല |
| പാർലമെൻറ് മണ്ഡലം | ചിറയിൻകീഴ് |
| വിസ്തീർണ്ണം | 6.82 ചതുരശ്ര കി.മീ. |
| പ്രസിഡൻറ് | ശ്രീ. ബി. ധനപാലൻ |
| വൈസ്പ്രസിഡൻറ് | ശ്രീമതി. സുൽസിലാ ഫസിലുദ്ദീൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപ്പേഴ്സൺ | ശ്രീമതി. വി. ശാന്തകുമാരി. |

# ജനപ്രതിനിധികൾ

| വാർഡ് നമ്പർ | വാർഡിൻെറ പേര് | പ്രതിനിധികളുടെ പേര് |
|---|---|---|
| 1 | പുത്തൻചന്ത | ശ്രീമതി വി. ശാന്തകുമാരി |
| 2 | തെങ്ങറ | ശ്രീ.പി.എ. സാദിക് |
| 3 | ചൂളപ്പുറ | ശ്രീ. കെ.എ. കാസിം |
| 4 | വെട്ടൂർ | ശ്രീ.കെ.രവീന്ദ്രൻ |
| 5 | പെരുമൺ | ശ്രീ. സലാഹുദ്ദീൻ |
| 6 | വലയൻെറകുഴി | ശ്രീമതി. ഷിബ |
| 7 | വെന്നിക്കോട് | ശ്രീ.ബി.ധനപാലൻ |
| 8 | റാത്തിക്കൽ | ശ്രീമതി. സുൽസിലാ ഫസിലുദ്ദീൻ |
| 9 | വിളബ്ഭാഗം | ശ്രീ.കെ. പ്രേമദാസ് |

# വെട്ടൂർ ഗ്രാമപഞ്ചായത്തു് ജീവനക്കാർ

| ക്രമ നമ്പർ | ജീവനക്കാരുടെ പേരു് | ഉദ്യോഗപ്പേരു് |
|---|---|---|
| 1. | ആർ. രതി | സെക്രട്ടറി |
| 2. | കെ. ദിനകരൻ | ജൂനിയർ സൂപ്രണ്ട്. |
| 3 | പി. വസന്തകുമാർ | യു.ഡി.ക്ളാർക്ക് |
| 4. | ജി.രാജമോഹൻ | യു.ഡി.ക്ളാർക്ക് |
| 5. | ബി.എസ്. തങ്കമണി | യു.ഡി.ക്ളാർക്ക് |
| 6. | എ. മുഹമ്മദ് റഷീദ് | എൽ.ഡി.ക്ളാർക്ക്. |
| 7. | പി.സി. ബാലചന്ദ്രൻ | എൽ.ഡി.ക്ളാർക്ക് |
| 8. | ബി. ഷീബ | എൽ.ഡി.ക്ളാർക്ക് |
| 9. | എ.കെ. സുരേന്ദ്രൻ | പ്യൂൺ |
| 10. | ബി. തുളസി. | ഫുൾടൈം സ്വീപ്പർ |



# ചരിത്രം

ഭൂപ്രകൃതികൊണ്ട് അനുഗ്രഹീതയായും, ദക്ഷിണകാശിശ്വരനായ ജനാർദ്ദനസ്വാമി യുടെ കാരുണ്യ കടാക്ഷത്തിന് പാത്രമായും, യുഗ പ്രഭാവനായ ശ്രീനാരായണഗുരു ദേവൻെറ പാദസ്പർശംമകൊണ്ട് ആത്മീയ തേജസ്സാർന്നും, പുരാണ ഇതിഹാസങ്ങളിൽ പുണ്യ ഭൂമിയായി വേണ്ടുവോളം പാടി പുകഴ്ത്തിയിട്ടുള്ളതുമായ വർക്കലയുടെ സമുദ്രപാർശ്വമായി ഹരിതശോഭയാർന്ന് വെട്ടൂർദേശം സ്ഥിതിചെയ്യുന്നു. ചരിത്ര പ്രാധാന്യം കൊണ്ടും തീർത്ഥാടന കേന്ദ്രമെന്നുള്ളതിനാലും വർക്കലയോട് ചേർന്നു കിടക്കുന്ന ഈ പ്രദേശത്തിൻെറ പ്രാധാന്യം എടുത്തു പറയേണ്ടതില്ലല്ലോ.

ഐതീഹ്യമാലയിൽ പറയുന്ന "വെട്ടി ത്തെളിച്ച ഊരു" എന്ന പ്രദേശമാണ് വെട്ടൂർ ആയി പരിണമിച്ചത്. പാപനാശവും ജനാർദ്ദന സ്വാമി ക്ഷേത്രത്തിൻെറ സ്ഥാപനവും അവിടത്തെ ആറാട്ടു മഹോത്സവും മൊക്കെ വെട്ടി തെളിച്ച ഊരിലുള്ള വെട്ടൂർ തോടും പൊഴിക്കര പ്രദേശവുമായി നാളീ-നാഭി ബന്ധമുണ്ടെന്നാണ് പഴമക്കാർ പറയുന്നത്. സമുദ്രതീരത്തുനിന്നു കുത്തനെ ഉയർന്നു കിടക്കുന്ന ഈ പ്രദേശം നൂറ്റാണ്ടുകൾക്കു മുൻപു് വൃക്ഷനിബന്ധമായ ഒരു വനപ്രദേശമായിരുന്നൂ എന്നതിന് തെളിവുകൾ ഏറെയുണ്ട്. ചിലക്കൂർ കുന്നു്, വെട്ടൂർ ഒസ്സാവിളക്കുന്ന്, മീനാകുന്ന്, അരിയിട്ടകുന്ന് എന്നീപ്രദേശ ങ്ങൾ രാജഭരണകാലത്തു് പോലും വൃക്ഷലതാദികളാൽ സമ്പുഷ്ടമായിരുന്നുവെന്നാണ് ചരിത്രം. ചിലക്കൂർ കുന്നിൻെറ അറബിക്കടലിൽ ആണ്ടു പോയ പ്രദേശങ്ങളിൽ ഇന്നും മത്സ്യ തൊഴിലാളികൾക്ക് അവരുടെ തൊഴിലിൽ ഏറെ തടസ്സങ്ങളും നാശനഷ്ടങ്ങളും വരുത്തി വയ്ക്കുന്ന "പാരുകൾ" ആയി അവശേഷിക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയുടെ വടക്കുഭാഗത്തുള്ള ഈ തീരപ്രദേശം രാജഭരണകാലാരംഭത്തിന് ശേഷം ഏതാണ്ട് 50 വർഷം മുൻപുവരെ വളരെ തിരക്കു പിടിച്ചതും സജീവവുമായ ഒരു വ്യാപാര വിപണന ഗതാഗത കേന്ദ്രമായിരുന്നു. റ്റി.എസ്. കനാലിലെ പ്രധാന വള്ളക്കടവുകളായിരുന്നു ഒന്നാം പാലവും, വെട്ടൂർ ചൂളപ്പുര കടവും, ചെറിയ തുരപ്പിന് വടക്കുള്ള ചിലക്കൂർ വള്ളക്കട വും. വർക്കല, പുത്തൻ ചന്ത, രഘുനാഥപുരം, ചെറുന്നിയൂർ, പാലച്ചിറ, കല്ലമ്പലം തുടങ്ങിയ മേഖലകളിലേയ്ക്ക് എല്ലാ വിധത്തിലുമുള്ള ചരക്ക് ഗതാഗതവും ഈ കടവുകളിലൂടെയായിരുന്നു. റെയിൽ-റോഡു ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിച്ചുവന്ന നാളുകളിൽ പോലും രാജഭരണ കാലത്തു നിർമ്മിച്ച ഈ കനാൽ വഴിയുള്ള ചരക്കു ഗതാതഗം അതിശയകരമാം വിധം ചിലവു കുറഞ്ഞതായിരുന്നു.

കേരളവർമ്മ വലിയകോയി ത്തമ്പുരാൻെറ മയൂരസന്ദേശത്തിലും വെട്ടൂർ വഴി കടന്നു പോകുന്ന വർക്കല തോടിനെക്കുറിച്ചു പ്രതിപാ ദിക്കുന്നുണ്ട്. ഒന്നാം പാലം മുതൽ നടയറ വരെയുള്ള ഈ ജലപാത ഗതാഗത യോഗ്യമാ ക്കിയാൽ വളരെ കുറഞ്ഞ ചെലവിൽ ചരക്കു ഗതാഗതം സാദ്ധ്യമാകും.

വിനോദസഞ്ചാരത്തിന് ഏറെ പേരു കേട്ടതായിരുന്നു ഈ കനാലും അതിലുള്ള രണ്ടു തുരപ്പുകളും. തിരുവിതാംകൂർ രാജാക്കന്മാരുടെയും രാജകുടുംബത്തിൽ പ്പെട്ടവരുടെയും വിശ്രമ സങ്കേതങ്ങളായിരുന്നു അരിയി ട്ട കുന്നിലും ചിലക്കൂർ കുന്നിൻെറ മുകളിലും വള്ളക്കടവിനടുത്തും വർക്കല പാപനാശത്തിനടുത്തും ഉണ്ടായിരുന്ന ബംഗ്ളാവു കൾ ചെറിയ തുരപ്പിൻെറ നിർമ്മാണ ത്തിനുള്ള മുഴുവൻ ചുടുകല്ലുകളും ചുട്ടെടുത്തകൂറ്റൻ ചൂളുകൾ സ്ഥിതി ചെയ്തിരുന്ന ചരിത്ര പ്രസിദ്ധമായ സ്ഥലമാണ് വെട്ടൂർ ചൂളപ്പുര. ഈ പ്രദേശ ത്തെ പ്രത്യേക ഗുണമേൻമയുള്ള ചെളിമണ്ണ് മുന്തിയ ഇനം ഇഷ്ടികകൾ നിർമ്മി ക്കാൻ അനുയോജ്യമാണെന്ന് തുരപ്പിലെ ചുടുക ല്ലിൻെറ ഗുണമേന്മയിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

ഈ കനാൽ നശിച്ച് ഗതാഗത യോഗ്യമല്ലാതായതാണ് ഒന്നാം പാലം, നെടുങ്ങണ്ട, അരിവാളം, വിളബ്ഭാഗം, റാത്തിക്കൽ , വെട്ടൂർ ചൂളപ്പുര, വള്ളക്കടവ് തുടങ്ങിയ പ്രദേശങ്ങൾ വികസന പരമായി പിന്നിലാകാൻ പ്രധാന കാരണം. റോഡുഗതാഗതവും റോഡുവികസനവും പ്രതിഷേധാർഹമായ കടുത്ത അവഗണന നേരിടുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്.

കലാസാംസ്കാരിക മേഖലകളിലും ദേശിയ സമരത്തിലും തിളക്കമാർന്ന സംഭാവനകൾ കാഴ്ചവച്ച പ്രദേശങ്ങളാണ് വെട്ടൂരും വിളഭാഗവും നെടുങ്ങണ്ടയും. അരിയിട്ട കുന്ന് സ്ക്കൂൾ എന്ന് അറിയപ്പെട്ടിരുന്ന ഇന്നത്തെ ശ്രീനാരായണവിലാസം ഹൈസ്ക്കൂൾ വർക്കല മേഖലയിലെ ആദ്യത്തെ വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം ആയിരുന്നു. നിരവധി ദേശാഭിമാനികൾക്കും വിപ്ളവകാരികൾക്കും ശ്രേഷ്ഠ വ്യക്തികൾക്കും ജന്മം നൽകിയ ഒരു സ്കൂളായിരുന്നു ഇത്. പഞ്ചായത്തിലെ അഞ്ചാലാഫീസ് നെടുങ്ങണ്ട അരിയിട്ടകുന്നിനടുത്ത് ആയിരുന്നു.

ഔപചാരിക പ്രാഥമിക വിദ്യാലയങ്ങൾ തീരെ ഇല്ലാതിരുന്ന 40 കളിൽ കയർ തൊഴിലാളി മേഖലകളിലും മത്സ്യബന്ധനമേഖലയിലും ഏർപ്പെട്ടിരുന്ന വർക്കായി ദേശീയ പ്രസ്ഥാനത്തിലെ ഉത്പതിഷ്ണു വിഭാഗക്കാരും കമ്യൂണിസ്റ്റ്കാരും ചേർന്നു നടത്തിയിരുന്ന നിശാപാഠശാലകൾ ഏറെ പ്രശംസ് പിടിച്ചു പറ്റിയിരുന്നു. അവശ, അവർണ ജാതിക്കാരെ ബാർബർഷാപ്പ്, ചായക്കട, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ പ്രവേശിക്കുന്നതിനും പീഢനങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും ഇവർക്കുള്ള മോചനമാർഗ്ഗങ്ങൾ പറഞ്ഞു കൊടുക്കുന്നതിനും ഈ വിപ്ളവകാരികൾ നടത്തിയ സേവനങ്ങൾ എക്കാലത്തും ഓർമ്മിക്കപ്പെടും. ശിവദാസൻ Ex. MLA ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനിയായിരുന്നു. നമ്മുടെ പഞ്ചായത്തിൻെറ ഇന്നലെകൾ സ്വാതന്ത്ര്യസമരചരിത്രത്തിൻെറയും പുരോഗമന നവോത്ഥാന പ്രസ്ഥാനങ്ങളുടേയും ആവേശം ഉൾക്കൊള്ളുന്നതായിരുന്നു. ചരിത്രം പരിശോധിച്ചാൽ ഈ പ്രദേശം സ്വാതന്ത്ര്യ സമരചരിത്രത്തിൽ നിർണ്ണായക പങ്ക് വഹിച്ചിരുന്നതായികാണാം. സർവ്വ ശ്രീ. വെട്ടൂർ നാരായണൻ വൈദ്യർ, മാവിളയിൽ നാണു, വാഴവിള നാണു ആശാൻ, മീനാംകുന്നിൽ മാർത്താണ്ഡൻ മുതലാളി, അലിയാരുകുഞ്ഞു (കുഞ്ഞുകാക്ക), കാട്ടുവിളയിൽ ശ്രീമതി ഭാർഗ്ഗവി എന്നിവർ സ്വാതന്ത്ര്യ സമരരംഗത്തെ പോരാളി കളായിരുന്നു. സ്വാതന്ത്ര്യം ലഭിച്ച ദിവസം വെട്ടുരുന്നിനും വർക്കലയ്ക്കും നൂറ്റിഒന്ന്കാളകളെ ചേർത്തുള്ള ഒരു രഥത്തിൽ സ്വാതന്ത്ര്യം ആഘോഷിക്കുകയുണ്ടായി

വിദ്യാഭ്യാസ പ്രവർത്തനത്തിൽ തല്പരരായി മുന്നോട്ടു വന്നതു സമൂഹത്തിലെ

അന്നത്തെ സമ്പന്നൻമാരായിരുന്നു. അവരിൽ പ്രധാനിയായിരുന്നു വിളബ്ഭാഗത്തെ മാവിള യിൽ നാരായണൻ മുതലാളി. സ്വാതന്ത്ര്യാനന്തര കാലത്ത് പൊതു പ്രവർ ത്തന രംഗത്ത് കടന്നു വന്നവരിൽ പ്രധാനി കളായിരുന്നു ശ്രീ. ഗോവിന്ദൻ മുതലാളിയും, മീനാംകുന്നിൽ ശ്രീ. ചന്ദ്രശേഖ രൻ മാനേജരും.

തൊഴിലാളി പ്രവർത്തന രംഗത്ത് ഈ പ്രദേശം വളരെയേറെ മുന്നിലായിരുന്നു. ആദ്യത്തെ തൊഴിലാഴി സമരം പുത്തൻ കടവു മുതൽ കായിക്കരവരെ മലയാള വർഷം 126 ൽ അഡ്വ. എം. ലോഹിതന്റെ നേതൃത്വത്തിൽ നടന്ന കയർ തൊഴിലാഴി സമരമാണ്. ഇന്നത്തെ നമ്മുടെ വികസന വൈതരണികൾ മുറിച്ച് കടക്കുന്നതിന് നമ്മുടെ മുൻഗാമികളുടെ സർഗാത്മക സിദ്ധി കൾ നമുക്കെന്നും വഴികാട്ടിയായിരിക്കും.

1953 ൽ വെട്ടൂർ പഞ്ചായത്ത് നിലവിൽ വന്നു. വിളബ്ഭാഗത്തെ പബ്ളിക് മാർക്കറ്റി നകത്തുള്ള ചരുവിള കടയിലാണ് ആദ്യം ഓഫീസ് പ്രവർത്തിച്ചിരുന്നത്. ആദ്യത്തെ പ്രസിഡൻറസ്വാതന്ത്ര്യാനന്തര കാലത്ത് പൊതു പ്രവർത്തന രംഗത്ത് കടന്നു വന്നവരിൽ ശ്രീ. ഗോവിന്ദൻ മുതലാളിയും, മീനാംകുന്നിൽ ശ്രീ. ചന്ദ്രശേഖരൻ മാനേജരും.

തൊഴിലാളി പ്രവർത്തന രംഗത്ത് ഈ പ്രദേശം വളരെയേറെ മുന്നിലായിരുന്നു. ആദ്യത്തെ തൊഴിലാഴി സമരം പുത്തൻ കടവു മുതൽ കായിക്കരവരെ മലയാള വർഷം 126 ൽ അഡ്വ.എം. ലോഹിതന്റെ നേതൃത്വത്തിൽ നടന്ന കയർ തൊഴിലാഴി സമരമാണ്. ഇന്നത്തെ നമ്മുടെ വികസന വൈതരണികൾ മുറിച്ച് കടക്കുന്നതിന് നമ്മുടെ മുൻഗാമികളുടെ സർഗാത്മക സിദ്ധികൾ നമുക്കെന്നും വഴികാട്ടിയായിരിക്കും.

1953 ൽ വെട്ടൂർ പഞ്ചായത്ത് നിലവിൽ വന്നു. വിളബ്ഭാഗത്തെ പബ്ളിക് മാർക്കറ്റി നകത്തുള്ള ചരുവിള കടയിലാണ് ആദ്യം ഓഫീസ് പ്രവർത്തിച്ചിരുന്നത്. ആദ്യത്തെ പ്രസിഡൻറ സ്വാതന്ത്ര്യം സമരസേനാനി യായിരുന്ന വെട്ടൂർ ശ്രീ. നാരായണൻ വൈദ്യനായിരുന്നു. ആറു വാർഡുകളാണ് അന്നുണ്ടായിരുന്നത്. സർവ്വശ്രീ. എ. എം. ലത്തീഫ്, വാറിൽ നാണു, വേലായുധൻ, ഇസ്മായിൽ, ഗോവിന്ദൻ, എന്നിവർ ആദ്യകാല പഞ്ചായത്ത് മെൻമറൻമാരായിരുന്നു. തുടർന്ന് ശ്രീ. എ. എം. ലത്തീഫ്, ശ്രീ. പിറവിളാകത്ത് വാസുദേവൻ, സഖാവു് ടി. എ. സമദ്, ശ്രീ. കെചെല്ലപ്പൻ ബി.എ.എൽ ടി., ശ്രീ ചെട്ടിത്തൊടി ഷാജി എന്നിവർ പഞ്ചായത്തു് പ്രസിഡൻറൻ മാരായി പ്രവർത്തിക്കുകയുണ്ടായി.

പഞ്ചായത്തീരാജ് നിയമം പ്രാബല്യ ത്തിൽ വന്നതിന് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ബി. ധനപാലന്റെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ ഭരണസമിതി 30-9-95 ൽ അധികാരമേറ്റു.



തുരപ്പിന്റെ ദൃശ്യം

# മണ്ണ്, ജലം, ജനങ്ങൾ

## *1. ഭൂപ്രകൃതി*

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൻെറ വടക്കു ഭാഗത്ത് സമുദ്രത്താലും കായലിനാലും ചുറ്റപ്പെട്ട് കിടക്കുന്ന നിമ്നോന്നതമായ ഭൂപ്രദേശമാണ് വെട്ടൂർ പഞ്ചായത്ത്.

*അതിരുകൾ*

| | | |
|---|---|---|
| കിഴക്ക് | - | ചെറുന്നിയൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | അറബിക്കടൽ |
| തെക്ക് | - | അഞ്ചുതെങ്ങ്, വക്കം പഞ്ചായത്തുകൾ |
| വടക്ക് | - | വർക്കല മുൻസിപ്പാലിറ്റി |

*ഭൂമി സംബന്ധിച്ച വിവരങ്ങൾ*

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 7 ഹെക്ടർ |
| പുരയിടം | 588.5 ഹെക്ടർ |
| പുറമ്പോക്ക് | 150 ഹെക്ടർ |
| ആകെ | 745.5 |

പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറ് കടലോരം മുതൽ മുകളിലോട്ട് ഉയർന്ന പ്രദേശം, പുത്തൻ ചന്ത, അയന്തി ഭാഗം വരെ നീളുന്നു. പടിഞ്ഞാറ് താഴ്ന്ന തീര സമതലം. മദ്ധ്യഭാഗം ഉയർന്ന പ്രദേശം കിഴക്കോട്ട് ചരിഞ്ഞ് താഴ്ന്ന ചതുപ്പ് പ്രദേശം, വലയൻെറ കുഴി, വെന്നിക്കോട് വരെ താഴ്ന്ന സമതലം അഞ്ചുതെങ്ങ് പഞ്ചായത്ത് അതിർത്തി വരെ കിഴക്കോട്ട് അകത്തുമുറി കായൽ വരെ.

### *മണ്ണിൻെറ ഘടന*

ഉയർന്ന പ്രദേശം ചെങ്കല്ല്, ചെമ്മണ്ണ്, എന്നിവ ചേർന്ന കട്ടിയുള്ള മൺപ്രദേശം പടിഞ്ഞാറ് കടലോര പ്രദേശം ഉപ്പ് രസം കലർന്ന ചതുപ്പ് പ്രദേശങ്ങൾ ആണ്. വലയൻെറ കുഴി ഭാഗങ്ങളിൽ ഈർപ്പ കലർന്ന മൺ പ്രദേശം. പൊതുവെ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണാണ്. ജലസ്രോതസ്സുകൾ ധാരാളം ഉണ്ടെങ്കിലും ജലസേചന സൗകര്യം താരതമ്യേന കുറവാണ്. വെട്ടൂർ ഏലായിൽ ചെളി നിറഞ്ഞ നിലങ്ങളാണ്. വയലിൽ ചെളി

കലർന്ന മണ്ണ് ഉണ്ട്. (ഹൈഡ്രോ മോർഫിക്ക് സോയിൽ)

വലയന്റെ കുഴിയിലെ വയൽ പ്രദേശങ്ങ ളിൽ ഒരു മണ്ണും കരപ്രദേശങ്ങളിൽ ചെമ്മണ്ണു മാണ്. പടിഞ്ഞാറ് തീര സമതല പ്രദേശങ്ങളിൽ ഉപ്പു കലർന്ന മണലും ചെമ്മണ്ണുമാണ് ആണ് പ്രധാന മൺതരങ്ങൾ. ഈ പഞ്ചായത്തിൽ വിശദമായ മണ്ണു പരിശോധന നടത്തിയിട്ടില്ല.

## *ജലസമ്പത്ത്*

നീരുറവകൾ - മങ്ങാട്, ഇളപ്പിൽ, ഊറ്റുകുഴി, മണ്ണാത്തി മൂല, വലയന്റെ കുഴി, കഴുത്തു മൂട്

തോടുകൾ - വെട്ടൂർ തോട്, ഊറ്റ് കുഴി, റാത്തിക്കൽ തോട്

കായലുകൾ - പൊന്നും തുരുത്ത്, അകത്തു മുറി കായൽ (കോവിൽ തോട്ടം കായൽ)

കാലവർഷങ്ങൾ - തുലാവർഷം, ഇടവപ്പാതി, വേനൽമഴ കുറവും, പൊതുവേ മഴകുറഞ്ഞപ്രദേശം,

## *ജനപ്രകൃതി*

| | |
|---|---|
| ആകെ ജനസംഖ്യ | - 26597 |
| പുരുഷന്മാർ | - 11238 |
| സ്ത്രീകൾ | - 15359 |
| പട്ടികജാതി | - 2822 |

822 പേർ കോളനികളിലും ഏകദേശം 2000ത്തോളം പേർ ഇടകലർന്നും ജീവിക്കുന്നു.

*നിലവാരം* - കൂടുതൽ പേരും കർഷകരാണ്. കയർമേഖലയിലും മത്സ്യമേഖലയിലും പണി യെടുത്ത് ഉപജീവനമാർഗ്ഗം നടത്തുന്നു. സർക്കാർ ഓഫീസ്കളിൽ പണിയെടുക്കുന്നുവരും ഈ പഞ്ചായത്തിലുണ്ട്. ഗൾഫ്മേഖലയിൽ പണിയെടുക്കുന്നവർ ധാരാളമുണ്ട്.

*സാംസ്കാരികം* - എല്ലാവിഭാഗം ആൾക്കാരിലും വിവിധ തരത്തിലുള്ള അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു. സാംസ്കാരിക നിലയങ്ങൾ ഇല്ല. ജനങ്ങളുടെ മാനസികവികാസത്തിനു വേണ്ട സംവിധാനങ്ങൾ വെട്ടൂർ പഞ്ചായത്തിൽ ഇല്ല. ക്ഷേത്രങ്ങളിൽ ആചാരപ്രകാരമുള്ള ആഘോഷങ്ങളും നടക്കുന്നുണ്ട്.

## *ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ*

| *ഇനം* | *വിസ്തീർണ്ണം* |
|---|---|
| നിലം | 7 ഹെക്ടർ |
| പുരയിടം | 588.5 ഹെക്ടർ |
| പുറമ്പോക്ക് | 150 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | - |
| കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| ആകെ | 745.5 ഹെക്ടർ |

## പുറംപോക്കു സംബന്ധിച്ചുള്ള വിവരങ്ങൾ

| തരം | വിസ്തീർണ്ണം |
|---|---|
| റോഡ് | 13 ഏക്കർ 50 സെൻറ് |
| ഇടവഴി | 9 ഏക്കർ 50 സെൻറ് |
| തോട് | 11 ഏക്കർ 33 സെൻറ് |
| കുളം (7 എണ്ണം) | 768 സെൻറ് |
| ആറ്റുകര | 4 ഏക്കർ 53 സെൻറ് |
| റെയിൽവേ | 13 ഏക്കർ 64 സെൻറ് |
| കാട് | 34 സെൻറ് |
| കടൽപുറംപോക്ക് | 2 ഏക്കർ 76 സെൻറ് |
| വാട്ടർ ടാങ്ക് | 8.250 സെൻറ് |

# കൃഷിയും ജലസേചനവും

ഉല്പാദനക്ഷമമായ സാമ്പത്തിക വളർച്ച യ്ക്കു കൃഷി അഭിവൃത്തിപ്പെടണം. നിലവിലുള്ള സാമ്പത്തിക വളർച്ച ഗൾഫ് മേഖലയുടെ സ്വാധീനംമൂലമാണ്. അതു് ശാശ്വതമല്ല.

## *മണ്ണിൻെറ സ്വഭാവം.*

കുന്നിൻ പ്രദേശങ്ങളും ചരിവുകളും ധാരാളമുള്ളതും എന്നാൽ ചതുപ്പ് നിലങ്ങളുള്ളതുമായ ഒരു പ്രദേശമാണ് വെട്ടൂർ ഗ്രാമപഞ്ചായത്ത്. ഏകദേശം ഈ പഞ്ചായ ത്തിൽ 3 കിലോമീറ്റർ തീര സമതലമാണ്. തീരസമതലം കൂടാതെ സമതലപ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൻെറ മധ്യഭാഗം മുതൽ കിഴക്കോട്ട് കുത്തനെയുള്ള പ്രദേശമാണ്. ഇത് ഏകദേശം വലയൻെറ കുഴിയിൽ നിന്നും അകത്തു മുറി കായൽ വരെ നീളുന്നു. എന്നാൽ വലയകുഴിയിൽ അധികവും ഓരു് കലർന്ന മണ്ണാണ്. ധാരാളം നീർച്ചാലു കളും ഈ പ്രദേശത്തുണ്ട്. പടിഞ്ഞാറ് തീരസമതലം ഉപ്പുകലർന്ന മണലും ചെമ്മണ്ണും ചേർന്നതാണ്. അരിവാളം മുതൽ ചിലക്കൂർ പൊഴിവരെയും ഈ മണ്ണുതന്നെയാണ്. തിരപ്രദേശത്തും കിഴക്കോട്ട് വെട്ടൂർ എച്ച്.എസ്.വരെ മണലും ചെമ്മണ്ണും കലർന്നമണ്ണാണ്. ചിലക്കൂർ കുന്ന് മുതൽ പുത്തൻചന്തവരെയുള്ള പഞ്ചായത്തിൻെറ അതിർത്തി പ്രദേശം വളരെ ഉയർന്ന പ്രദേശമാണ്. അവിടെ നിന്നും തെക്കോട്ട് വീണ്ടും ഉയർന്ന സമതലമാണ്. അയന്തി ഭാഗത്തുനിന്നും പണിഞ്ഞാറോട്ട് കുത്തനെ അല്ലാത്തതും എന്നാൽ ചരിഞ്ഞപ്രദേശവുമാണ് ഈ ചരിവുകൾ അവസാനിക്കുന്ന ഭാഗമാണ് വെട്ടൂർ ഏലാ. ഈ കുന്നിൻ പ്രദേവും ചരിഞ്ഞപ്രദേശത്ത് കൂടി 600 ഓളം ഹെക്റ്റർ വരും. വെട്ടൂർ ഏല "ആയിരം പറക്ക് ഒരു ഇടങ്ങഴി" കുറവായിരുന്നത് ഇപ്പോൾ 7 ഹെക്ടറേയുള്ളു. ഈ ഏല 25 വർഷങ്ങൾക്ക് മുൻപ് ടി.എസ് കനാലിന് സമീപം വരെ വ്യാപിച്ച് കിടന്നിരുന്നു. നിലം നികത്തൽ മൂലം വെട്ടൂർ സ്കൂൾ നിൽക്കുന്ന ഭാഗം വരെ ഏല നികത്തി തെങ്ങുകൃഷി ചെയ്തിട്ടുണ്ട്. ചില ഭാഗങ്ങളിൽ വയൽ നികത്തി കെട്ടിടങ്ങൾ വരെ നിർമ്മിച്ചിട്ടുണ്ട്. ഏറ്റവും വലിയ നിർച്ചാലുള്ള ചതുപ്പ് പ്രദേശം നികത്തിയെടുത്ത ഭാഗത്ത് ഇന്ന് ഇന്ന്സ്ഥിതിചെയ്യുന്ന വെട്ടൂർ എച്ച്.എസ്. നിൽക്കുന്ന ഭാഗം. പുത്തൻ ചന്ത മുതൽ ആശാൻ മെമ്മോറിയൽ സ്കൂൾവരെയും ഉയർന്ന പ്രദേശമാണ്. ഇത് ചെറുതായി ചരിഞ്ഞ് പ്ളാവഴികം വരെ നീളുന്നു. ഇതിൻെറ ഏകദേശ ഉയരം ടി. എസ് കനാലിൽനിന്നും 80 മീറ്ററാണ്. പുത്തൻ ചന്ത മുതൽ അശാൻ മെമ്മോറിയൽ സ്കൂൾവരെയുള്ള മണ്ണിൻെറ ഘടനയെടു ത്താൽ ചെങ്കല്ല് കലർന്ന കട്ടിയുള്ള വെട്ടുകല്ല് മണ്ണാണ്. എന്നാൽ ചിലയിടങ്ങളിൽ ചരൽ മണ്ണുമുണ്ട്.

ഈ പഞ്ചായത്തിലെ മുഖ്യവിള നാളികേര മാണെങ്കിലും പ്ലാവ്, മാവ്, കശുമാവ്, കമുക് മുതലായ ദീർഘകാലവിളകൾ പഞ്ചായത്തിലെ

എല്ലാ ഭാഗങ്ങളിലും കാണാം. സുഗന്ധദ്രവ്യങ്ങളിൽ കുരുമുളക് ധാരാളമായും കൃഷിചെയ്യുന്നത് വീട്ടു പറമ്പിലെ ദീർഘകാല വൃക്ഷങ്ങളിലാണ്. പക്ഷേ ശാസ്ത്രീയമായി കൃഷി ചെയ്താൽ കുരുമുളക്, ഗ്രാമ്പു, കാപ്പി കൊക്കൊ, എന്നിവ ധാരാളം ഇടകൃഷിയായി ഉല്പാദിപ്പിക്കാവുന്നതാണ്. വെട്ടൂർ ഏല, വലയൻറകുഴി പ്രദേശങ്ങളിൽ ജലസ്രോതസ്സുകളുമുണ്ട്. വെട്ടൂർ ഏലായിൽ മണ്ണാൻറുമൂല, മങ്ങാട്, എന്നൂ പ്രദേശങ്ങളിൽ ശക്തമായ നീരുറവകൾ, മാടൻ കാവിനു സമീപമായി മണികണ്ടൻ ചിറ എന്ന മൂന്നാമതൊരു നീരുറവ ഉണ്ടായിരുന്നത് ഇന്ന് അടഞ്ഞുപോയതുകാരണം വെട്ടൂർ തോടിലെ ഒഴുകുന്ന ജലത്തിൻെറ അളവു കുറയാൻ കാരണമായിട്ടുണ്ട്. കൂടാതെ പണ്ട് കാലത്തുണ്ടാ യിരുന്നതിൻെറ എത്രയോ അധികം ഇരട്ടി കിണറുകൾ കുഴിച്ചതുകൊണ്ടും തോടിൻെറ ജലസ്രോതസ്സ് കുറയാൻ കാരണമായിട്ടുണ്ട്. അതുപോലെ തന്നെ 6-ാം വാർഡിൽ റാത്തിക്കൽ ഊറ്റുകുഴി പണ്ട് ശരിയായ തോടായിരുന്നു. റോഡു വികസനത്തിൻെറ ഫലമായാണ് പഴയ തോടിൻെറ ഭൂരിഭാഗവും നികത്തി ഗതാഗതത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണെങ്കിലും അവശേഷിക്കുന്ന ചെറിയൊരു ഭാഗം ശരിയായ നീരുറവയാണ്. വയവലയൻറ കുഴിഭാഗത്ത് ധാരാളം നീർച്ചാലുകളുണ്ടെങ്കിലും ഒരെണ്ണത്തിൽ മാത്രമേ ജലം കാണുന്നുള്ളു. വെട്ടൂരിൻെറ ചില ഭാഗങ്ങളിൽ വെള്ളം എത്തിക്കുന്നതിനായി വിളബ്ഭാഗത്ത് അമ്മൻ കോവിലിനു താഴെ വലയൻറകുഴി ഭാഗത്തുള്ള കിണറ്റിൽനിന്ന് ലഭിക്കുന്ന ജലം മാത്രമാണ് ഇപ്പോഴും ഉപയോഗിക്കാൻ കഴിയുന്നത്.

### *1.തെങ്ങ്.*

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൽ 485 ഹെക്ടർ പ്രദേശത്ത് തെങ്ങുകൃഷി ചെയ്തിട്ടുണ്ട്. ഓരോ തെങ്ങിൽ നിന്നും ശരാശരി വാർഷിക ഉല്പാദനം 35 മുതൽ 40 വരെ കിട്ടിയിരുന്നത് ഇന്ന് 20-ൽ താഴെയാണ്. ഇതിൽ തന്നെ വെട്ടൂർ ഏലാ, വലയൻറകിഴി കായൽ പ്രദേശം എന്നീ ഭാഗങ്ങലിലെ തെങ്ങുകളിൽ നിന്നുള്ള ഉല്പാദനക്ഷമത മറ്റ് ഭാഗങ്ങളിലെ തെങ്ങുകളെ അപേക്ഷിച്ച് 40ൽ കൂടുതൽ ആണ്. ഈ ഭാഗങ്ങളിലെ തേങ്ങൾക്ക് മറ്റു ഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന നാളീകേരത്തെ അപേക്ഷിച്ച് വലിപ്പം കൂടുതലാണ്. പണ്ടു മുതൽക്കെ ഈ പ്രദേശങ്ങളിലെ ആൾക്കാരുടെ നല്ല വരുമാനമാർഗ്ഗം തെങ്ങുകൃഷി തന്നെയാണ്. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും നാടൻ തെങ്ങുകൾ ആണ് ഉള്ളത്. അത്യുല്പാദനശേഷിയുള്ള തെങ്ങുകൾ ഈ പഞ്ചായത്തിൽ ശാസ്ത്രീയമായി കൃഷി ചെയ്തിട്ടില്ല. അതുമൂലം തെങ്ങിൽ നിന്നുള്ള വരുമാനം കുറയുകയും ആൾക്കാർ ഉപജീവനമാർഗ്ഗത്തിന് മറ്റ് മേഖലകളെ ആശ്രയിക്കേണ്ടിവരുന്നു. വെട്ടൂർ ഏലായിലെ തെങ്ങുകൾക്ക് കാറ്റ് വീഴ്ച രോഗം ഉണ്ട്. വാവൽ, എലി, ചെല്ലി ഇവയുടെ ശല്യവും കൂടുതലായതിനാലും അറ്റാദായത്തിൽ വളരെ കുറവ് അനുഭവപ്പെടുന്നു. മൂന്നാം വാർഡായ കടലോര പ്രദേശത്തെ തെങ്ങുകളിൽ നിന്നും വാർഷികമായി 10 മുതൽ 15 വരെ തേങ്ങ മാത്രമേ ലഭിക്കുകയുള്ളു. ഇവിടം മണ്ണൊലിപ്പ് കൂടുതലുള്ള പ്രദേശമാണ്. വെന്നികോട് പ്രദേശത്തെ തെങ്ങുകൾക്ക് കായ്ഫലം താരതമ്യേന കൂടുതലാണ്. ഈ ഭാഗങ്ങളിലും

ശാസ്ത്രീയമായി തെങ്ങുകൃഷി നടത്തിയിട്ടില്ല. അവിടെയും കാറ്റുവീഴ്ചയുണ്ട്. അത്യുല്പാദന ശേഷിയുള്ള തെങ്ങുകൾ വെട്ടൂർ ഏല, വല യൻറകുഴി ഭാഗങ്ങളിൽ കൃഷി ചെയ്താൽ ധാരാളം കായ് ഫലവും അതുവഴി വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിൻെറ ഉയർന്ന ഭാഗങ്ങളിൽ വീടിനോട് ചേർന്ന് തെങ്ങുകൃഷി ചെയ്തിട്ടുണ്ടെങ്കിലും അതിൽ നിന്നുള്ള ഉല്പാദനം തൃപ്തികരമല്ല. ജലസേചനക്കുറവാണ് കാരണം. ശാസ്ത്രീയമായി തെങ്ങുകൃഷി പ്രോത്സാഹിപ്പിച്ച് എല്ലാ വീടുകളിലും പമ്പു സെറ്റുകൾ സ്ഥാപിച്ച് തെങ്ങിന് ജലസേചനം നടത്തിയാൽ ഇതിൽ നിന്നുള്ള ഉല്പാദനം കൂടും. വെട്ടൂർ പഞ്ചായത്തിൽ തെങ്ങിൻതോപ്പ് മാത്രമായിട്ടുള്ള പ്രദേശം വിരളമാണ്. കേര സമിതികൾ നിലവിലുണ്ടെങ്കിലും അതിൻെറ പ്രവർത്തനം തൃപ്തികരമല്ല. കൃഷിവകുപ്പിൽ നിന്നും തെങ്ങുകൃഷിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പഞ്ചായത്തിലെ ആൾക്കാർക്ക് ശരിയായി അറിവില്ലാത്തതുമൂലം കൃഷി വകുപ്പിൻെറ പ്രയോജനം ശരിയായി കർഷകർക്ക് ലഭിക്കുന്നില്ല.

## തെങ്ങ് വിസ്തീർണ്ണം ഹെക്ടറിൽ

| വാർഡ് നമ്പർ | തെങ്ങ്കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ചത് |
|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | സ്റ്റെം ബ്ലീഡിംഗ് |
| 1 | 35.5 | 875 | 8000 | 8875 | 100 |
| 2 | 60.00 | 3000 | 12000 | 15000 | 200 |
| 3 | 40.00 | 550 | 8500 | 9000 | 100 |
| 4 | 40.00 | 500 | 9000 | 9500 | 200 |
| 5 | 60.00 | 1500 | 13000 | 14500 | 150 |
| 6 | 75.00 | 1750 | 15000 | 16750 | 125 |
| 7 | 65.00 | 1500 | 14000 | 15500 | 120 |
| 8 | 60.00 | 1000 | 15000 | 16000 | 900 |
| 9 | 60.00 | 1500 | 14000 | 15000 | 100 |

## *നെൽകൃഷി*

പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്ന ഏകദേശം വെട്ടൂർ ഏലയാണ്. ഇതിൻെറ വിസ്തീർണ്ണം 7 ഹെക്ടർ വരും. പണ്ട് 25 - ഓളം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിരുന്നതാണ്. വയൽ വിവിധ ആവശ്യങ്ങൾക്കായി നികത്തിയതുമൂലമാണ് നെൽകൃഷി ചെയ്യുന്ന പ്രദേശം 7 ഹെക്ടർ ആയി കുറഞ്ഞത്. നിലം നികത്തി തെങ്ങ് വയ്ക്കുന്ന പ്രവണത ഇപ്പോഴും തുടരുന്നുണ്ട്. കാക്കകുഴി മേഖലയിൽ പണ്ട് നെൽകൃഷി ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു,. ഈ ഏലായിൽ ഇരു പൂവ് കൃഷിയാണ് നിലവിൽ ഉള്ളത്. പണ്ട് കാലങ്ങളിൽ ഇടവിളയായി പയർ, വെണ്ട, പാവൽ എന്നിവ കൃഷി ചെയ്തിരുന്നു എങ്കിലും ജലദൗർലഭ്യം മൂലം നെല്ല് മാത്രമേ കൃഷി ചെയ്നുള്ളു. നെല്ലിൽ നിന്നുള്ള ഉല്പാദനം 8,10 മേനിയാണ്. മുൻപ് 30 മേനിയുണ്ടായിരുന്നു. ഈ പ്രദേഷത്ത് പണ്ട് കാലം മുതൽക്കേ നെൽകൃഷി ഭൂ ഉടമകളുടെ ശരിയായ വരുമാന മാർഗ്ഗം ആയിരുന്നു. പണ്ട് കാലത്ത് നെല്ലിനെ ബാധിച്ചിരുന്ന രോഗങ്ങൾ കുറവായിരുന്നു. എന്നാൽ ഇപ്പോൾ വിവിധ തരത്തിലുള്ള രോഗങ്ങൾ നെല്ലിനെ ബാധിക്കുന്നു. പണ്ട് ഉള്ള വളപ്രയോഗം ചാണകവും, ചാരവു, പച്ചിലയുമായിരുന്നു. ഇപ്പോൾ രാസവളങ്ങളുടെ അതിപ്രസരവുമാണ്. ഇതുമൂലം ഒരിക്കൽ രാസവളം പ്രയോഗിക്കാതിരുന്നാൽ ഉല്പാദനം വളരെയധികം കുറയുന്നു. നെല്ലിനെ ബാധിക്കുന്ന വിവിധ രോഗങ്ങൾ ഇവിടുത്തെ കർഷകരുടെ പ്രധാന പ്രശ്നമാണ്. ചാഴി, തണ്ടുതുരപ്പൻ എന്നിവയുടെ ആക്രമണം ഉള്ളതായി കർഷകരിൽ നിന്നും മനസ്സിലാക്കി. മറ്റ് കീടങ്ങളും നെല്ലിനെ ആക്രമിക്കുന്നുണ്ട്. രാസകീടനാശിനികളുടെ ഉപയോഗം കൂടുതലാണ്. ഇന്ന് നെല്ലുല്പാദനത്തിന് രാസകീടനാശിനികളുടെ ഉപയോഗം കൂടുതലാണ്. ഇതു നെല്ലുൽപ്പാദനത്തിന് ദോഷകരമാണന്നാണ് കർഷകരുടെ അഭിപ്രായം. ഇതിനു പകരം ജൈവ കീടനാശിനികൾ ഉപയോഗിച്ച് ഈ പ്രശ്നം പരിഗരിക്കാൻ കഴിയും. അത്യുൽപാദന ശേഷിയുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കിയാൽ വിളവു മെച്ചപ്പെടുത്താവുന്നതാണ്. വെട്ടൂർ തോടിൽ നിന്നുള്ള ജലം നെൽകൃഷിക്കായി ഇപ്പോൾ ഉപയോഗിക്കുന്നില്ല.. ചെറിയ ബണ്ട് കെട്ടി തോടിൻെറ ഇരുവശങ്ങളിലുമുള്ള വയലിലേക്കു വെള്ളം ഒഴുക്കി വിടാവുന്നതാണ്. നിലവിലുള്ള നാലു ചീർപ്പുകളിലും പലകയിടാൻ അടിയന്തിരമായി സംരക്ഷിക്കാവുന്നതാണ്. കൂട്ടുകൃഷി സംമ്പ്രദായം നടപ്പിലാക്കുകയും കൃഷിക്ക് ആധുനികോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്ത് നെൽകൃഷി മെച്ചപ്പെടുത്താവുന്നതാണ്. മങ്കാട്, ഊറ്റുകുഴി, ഇളപ്പിൽ, മങ്കാട് മൂല ഉറവകൾ തെളിച്ച് ആഴംകൂട്ടി സംരക്ഷിച്ചാൽ ധാരാളം ജലം ലഭിക്കും. ചെക്ക്ഡാം കെട്ടി ജലം സംഭരിക്കാവുന്നതാണ്. ഇങ്ങനെ കിട്ടുന്ന ജലത്തിൻെറ 35 ശതമാനം കുടിവെള്ളത്തിനായും 65 ശതമാനം കൃഷിക്കും ഉപയോഗിക്കാവുന്നതാണ്. തോടിൻെറ തെക്കേക്കരയിൽ ഒരു ട്രാക്റ്റർ പാത്ത് സ്ഥാപിക്കണം. കുറുക്കു റോഡുകൾ നിർമ്മിച്ച് ഇരുകരകളെയും ബന്ധിപ്പിക്കണം. വലയൻറ കുഴിയിൽ മുമ്പുണ്ടായിരുന്ന നിലം ഇപ്പോൾ നെൽകൃഷിക്ക് ഉപയോഗിക്കുന്നില്ല. ഇപ്പോൾ വാഴ, തെങ്ങ് എന്നിവയാണ് കൃഷി ചെയ്യുന്നത്. ഇവ രണ്ടും മാറ്റി ശരിയായി വികസിപ്പിച്ചെടുത്താൽ ഈ ഭാഗത്തും ശാസ്ത്രീയമായി നെൽകൃഷി ചെയ്യാവുന്നതാണ്. കാരണം ധാരാളം നീരുറവകൾ ഉള്ള പ്രദേശമാണ്.

## വാഴ

പഞ്ചായത്തിലെ 114 ഹെക്ടർ പ്രദേശത്ത് വാഴ കൃഷിയുണ്ട്. എന്നാൽ വാഴതോട്ടങ്ങൾ ഒന്നും തന്നെയില്ല. ഇടവിളയായിട്ടാണ് വാഴകൃഷി ചെയ്യുന്നത്. വ്യവസായിക അടിസ്ഥാനത്തിലോ തോട്ട വിളയായിട്ടോ വാഴ കൃഷി ചെയ്യുന്നില്ല. ഇവിടെ നിന്നും ലഭിക്കുന്ന വാഴക്കുലകൾ പഞ്ചായത്തിൻെറ നിത്യോപയോഗത്തിന് തീരെ അപര്യാപ്തമാണ്. സംസ്ഥാനത്തിൽ വെളിയിൽ നിന്നും വരുന്ന വാഴക്കുലകൾ വെട്ടൂർ പഞ്ചായത്തിലെ മാർക്കറ്റുകളിൽ ലഭ്യമാണ്. പക്ഷേ എല്ലായിനം പഴങ്ങൾക്കും തീ വിലയാണ്. ഉത്പന്നങ്ങളുടെ കുറവുനിമിത്തം ദിവസേന വില വർദ്ധിപ്പിക്കുന്നു. സാധാരണക്കാരും താഴ്ന്ന വരുമാനക്കാരും കുലക്കടകളിൽ കെട്ടിതൂക്കിയിരിക്കുന്ന സ്വാദേറിയ പഴുത്ത കുലകൾ നോക്കി തൃപ്തിയടയുകയാണ്. വീടിനോട് ചേർന്നുള്ള പറമ്പുകളിൽ വാഴകൃഷിക്ക് ധാരാളം സാദ്ധ്യതയുണ്ട്. ആൾക്കാർ ശ്രമിക്കുന്നുണ്ട്. പക്ഷേ വിവിധ തരം രോഗങ്ങൾ ബാധിച്ച് വാഴകൾ നശിച്ച് പോകുന്നതുമൂലം വാഴകൃഷി തുലോം കുറഞ്ഞു വരുന്നു. സാധാരണയായി കൂമ്പുചീയൽ, മണ്ടയടപ്പ്, മാണപ്പുഴു വൈറസ് രോഗങ്ങൾ എന്നിവയാണ് വ്യാപകമായിട്ടുള്ളത്. മണ്ണുപരി ശോദന അത്യന്താപേക്ഷിതമാണ്. ഉൽപ്പാദനശേ ഷിയുള്ള വാഴയിനങ്ങൾ കൃഷിചെയ്യാൻ താൽപ്പര്യ മുള്ള കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും വിവിധയിനം വാഴതൈകൾ ലഭ്യമാക്കി കാലാ കാലങ്ങളിൽ അവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധി ഉണ്ടാക്കിയാൽ ധാരാളം ആൾക്കാർ വാഴകൃഷി ലാഭകരമായിട്ട് തന്നെ ചെയ്യും. അങ്ങനെ പഴത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തമായി മാറുമെന്നതിൽ സംശയമില്ല. കൃഷി ഉദ്യോഗസ്ഥരും പഞ്ചായത്തു അധികൃതരും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

## മാവ്

പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും വിവിധ തരത്തിലുള്ള മാവുകൾ കണ്ടുവരുന്നു. മാവിൻത്തോട്ടങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. വിവിധയിനം മാവുകൾ പറമ്പുകളിൽ നട്ടു വളർത്തുന്ന രീതി തീരെയില്ല. പറമ്പുകളിൽ സാഹചര്യം അനുകൂലമായി വരുമ്പോൾ വളർന്നു വലുതാകുന്ന മാവുകളാണ് കൂടുതലും. നാടൻ, കർപ്പൂരം, കിളിച്ചുണ്ടൻ ഇനമാവ് ചെറിയ കർപ്പൂരം, ശർക്കരമാവ്, നീലം, മൽഗോവ എന്നിയിനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നാടൻ ഇനങ്ങളാണ് കൂടുതലും ബാക്കിയുള്ളവ പേരിനുവേണ്ടി മാത്രമേയുള്ളു. പാകമാകുമ്പോൾ കല്ലുപോലെയിരിക്കുന്ന റൊട്ടിമാങ്ങ പണ്ട് ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇല്ല. ഇവയിൽനിന്ന് എല്ലാം ലഭിക്കുന്ന മാങ്ങകൾ കൊണ്ടല്ല പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നത്. മാർക്കറ്റിൽ എല്ലാത്തരം മാങ്ങളും ലഭ്യമാകു മെങ്കിലും മാങ്ങയ്ക്ക് തീവിലയായതിനാൽ സാധാരണക്കാർക്കും താഴെക്കിടയിലുള്ളവർക്കും മാങ്ങ സ്വപ്നം മാത്രമായി അവശേഷിക്കുന്നു. വിറകിനുവേണ്ടിയും വീട്ടുപകരണങ്ങളായ മേശ, കസേര, ജന്നൽ , വാതിൽ മുതലായവ നിർമ്മിക്കുന്നതിനുവേണ്ടി മാവുകൾ മുറിക്കുന്നതിനാൽ മാവുകൃഷി നശിക്കുന്നു. കൃഷി

വകുപ്പിൽ നിന്നും മാവിൻതൈകൾ ലഭിക്കുമെങ്കിലും വില കൂടുതലായതിനാൽ വാങ്ങാൻ കഴിയുന്നില്ല. കൃഷി വകുപ്പിൽ നിന്നും എല്ലായിനം മാവിൻ തൈകളും സൗജന്യ മായി നൽകിയാൽ മാത്രമേ നമ്മുടെ പഞ്ചായത്തിലെ വീട്ടുപറമ്പു കളിൽ പുതിയ മാവിൻ തൈകൾ വളർന്നുവരു ന്നത് സമീപ ഭാവിയിലെങ്കിലും കാണാൻ കഴിയൂ. രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ തന്നെ മാങ്ങ ലഭിക്കുന്ന മാവിൻ തൈകൾ ലഭ്യമായാൽ വളരെ നന്നായിരിക്കും.

## പ്ലാവ്.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്ലാവുകൾ ഉണ്ട്. കൂഴപ്ലാവ്, വരിക്കപ്ലാവ് എന്നിവയാണ് പ്രധാനമായിള്ളത്. മൂന്നാം വർഷം മുതൽ കായ് ഫലം ലഭിക്കുന്ന സിങ്കപ്പൂർ വരിക്ക അപൂർവ്വമായി കാണുന്നുണ്ട്. പണ്ട് ഈ പ്രദേശങ്ങളിൽ സുലഭമായിരുന്ന മുണ്ടപ്ലാവ് ഇപ്പോൾ തീരേയില്ല. വണ്ണംകൂടിയ പ്ലാവുകൾക്ക് സ്വർണ്ണത്തെക്കാൾ വിലയായിരുന്നതിനാൽ കൂടുതൽ ആൾക്കാരും പ്ലാവുകൾ മുറിച്ച് വിറ്റ് ബാങ്കിൽ നിക്ഷേപിക്കുകയോ മര സാമഗ്രികൾ ഉണ്ടാക്കുകയോ ചേയ്യും. അതിനാൽ വണ്ണം കൂടിയ പ്ലാവുകൾ പഞ്ചായത്തിൽ വിരളമാണ്. എങ്കിലും സീസൺ ആയാൽ ചക്കയ്ക്ക് ഇപ്പോഴും ദൗർലഭ്യമില്ല. അധികമുള്ള ചക്കകൾ പാഴാക്കികളയുകയാണ് ചെയ്യാറ്. ഇങ്ങനെ ചെയ്യുന്നതുമൂലം ഇവ അഴുകി ദുർഗന്ധം ഉണ്ടാവുകയും രോഗാണുക്കൾ പെരുകയും ചെയ്യുന്നു. ചക്കക്കുരു, പുളുങ്കുരു, മത്സ്യാവശിഷ്ടം എന്നിവ ഉപയോഗിച്ച് കോഴി തീറ്റയുണ്ടാക്കി പൗൾട്രിഫാമുകൾക്ക് നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കുറച്ചുപേർക്കു തൊഴിൽ ലഭിക്കുന്ന രീതിയിൽ വികസിപ്പിച്ചെടുക്കാവുന്നതാണ്.

## കമുക്

2 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി ചെയ്തിട്ടുണ്ട്. കമുകിനുമാത്രമായി പ്രത്യേക തോട്ടമില്ല. വെട്ടൂർ ഏല വലയൻറകുഴി, കായൽ തീരം എന്നിവിടങ്ങളിലാണ് കമുക് ധാരാളമായി വളർത്തിവരുന്നത്. വീട്ടുപറമ്പുകളിലും കമുകുകൾ നിലവിലുണ്ട്. പക്ഷേ ഇവയൊന്നും തന്നെ ശാസ്ത്രീയമായി കൃഷി ചെയ്തിട്ടുള്ളതല്ല. കമുകിനു വളപ്രയോഗം നടത്തിയതായി കേട്ടറുവുപോലുമില്ല. അതുകൊണ്ട് ഇവയിൽ നിന്നും ധാരാളമായി വിളവു ലഭിക്കാറില്ല. മുന്തിയയിനം കമുകിൻ തൈകൾ ശാസ്ത്രീയമായി കൃഷി ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കിയാൽ അനുബന്ധ വരുമാനം എന്നരീതിയിൽ കമുകിൻ കൃഷി പ്രയോജനപ്പെടുത്താവു ന്നതാണ്. വെട്ടൂർ ഏല പരിസരം, വലയൻറകുഴി, പ്ലാവഴികം പ്രദേശങ്ങൾ ഇതിനു അനുയോജ്യമാണ്. നിലവിലുള്ള കമുകൾക്ക് മാഹാളിരോഗം, ഇല മഞ്ഞളിപ്പു എന്നീ രോഗങ്ങൾ ഉണ്ട്. ഇവ ഇല്ലാതാക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

## മരച്ചീനി.

20 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നുണ്ട്. നാടൻ ഇനങ്ങളാണ് ധാരാളമായി ഉപയോഗിക്കുന്നത്. പണ്ട് പച്ചിലവളം, ചാണകം, ചാമ്പൽ എന്നിവ വളമായി പ്രയോഗിച്ചിരുന്നു. അതിനാൽ മരച്ചീനി ധാരാളമായി ലഭിച്ചിരുന്നു. ഗുണമേൻമ ഉള്ളതുമായിരുന്നു. അന്നത്തെ മരച്ചീനിയുടെ ഗുണം ഇന്നും പഴമക്കാർ അവേശത്തോടെ പറയാറുണ്ട്. അവരുടെ കൈകരുത്തിൽ നിന്നും മെയ് വഴക്കത്തിൽ നിന്നും നമുക്ക് അത് മനസ്സിലാക്കുകയും ചെയ്യാവുന്നതാണ്. മാത്രമല്ല മരച്ചീനി മീൻക്കറി പ്രീയമേറിയ

വിഭവമായതിനാൽ മരച്ചീനി ഉത്പാദനം നടത്തി യുവാക്കളെ തൃപ്തിപ്പെടുത്തി തൊഴിൽ നൽകാവുന്നതാണ്.

## *പച്ചക്കറി*

ഒരു ഹെക്ടർ പ്രദേശത്താണ് പച്ചക്കറി കൃഷി ചെയ്യുന്നത്. പണ്ട് കാലങ്ങളിൽ പാവൽ, വെണ്ട, മുതലായവ മാർക്കറ്റിൽ നിന്നും വാങ്ങി ഉപയോഗിച്ചിരുന്നില്ല. ഇന്ന് എല്ലാത്തരം പച്ചക്കറി സാധനങ്ങളും മാർക്കറ്റിൽ മാത്രമേ ലഭ്യമാവു കയുള്ളു. പണ്ടു വീടുകളിലെ അടുക്കള തോട്ട ത്തിൽ സുലഭമായി ലഭിച്ചിരുന്ന പാവൽ, വെണ്ട, വഴുതന മുതലായവ വേഗത്തിൽ കീടങ്ങൾ ബാധിക്കുന്നത് മൂലമാണ് ഈ കൃഷി പഞ്ചായ ത്തിൽ നാമമാത്രമായത്. നാലഞ്ച് പച്ചമുളക് ഉണ്ടെങ്കിൽ ചമ്മന്തിയുണ്ടാക്കി ചോറും ചമ്മന്തിയും ഉച്ചയൂണായി കഴിച്ചിരുന്ന കുടുംബങ്ങൾ ധാരാളം ഉണ്ടായിരുന്നു. ഇപ്പോഴും മറ്റ് മാർഗ്ഗമില്ലാതെ വരുമ്പോൾ അങ്ങനെ തന്നെയാണ് ചെയ്യുന്നത്. മാത്രമല്ല രോഗികൾക്കും പ്രായമായവർക്കും കഞ്ഞിയും ചമ്മന്തിയും അല്ലങ്കിൽ കഞ്ഞിയും പയറും ഉത്തമമാണ്. മാത്രമല്ല നാടൻപച്ച മുളകുകൾ മാർക്കറ്റിൽ ചൂടപ്പംപോലെയാണ് വിറ്റഴിയുന്നത്. അതിനാൽ വീട്ടിലെ അടുക്കള തോട്ടത്തിൽ മുളക് തൈകൾ നട്ട് ഉത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. എല്ലാവീട്ടമ്മമാർക്കും വിദ്യാർത്ഥിനികൾക്കും താല്പര്യമുള്ള വിഷയമായതിനാൽ ഒരു അനുബന്ധ വരുമാനമാർഗ്ഗം എന്ന നിലയിൽ മുളക് കൃഷി വികസിപ്പിക്കാവുന്നതാണ്. ഇതിനുവേണ്ടി കൃഷിവകുപ്പിൽനിന്നും വിവിധയിനം മുളക് തൈകൾ സൗജന്യമായി തന്നെ കർഷകർക്ക് നൽകണം. കൂടാതെ വളപ്രയോഗരീതി പരിപാലിക്കേണ്ടരീതിയും കർഷകരെ പഠിപ്പിക്കേണ്ടതാണ്. തൊഴിൽരഹിതരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ പാവൽ, വെണ്ട, പടവലം, വഴുതന, കീര, ചേമ്പ് മുതലായ കൃഷിയും ഇവയുടെ മുന്തിയ ഇനം വിത്തുകളും തൈകളും പരിപാലനരീതിയും കർഷകർക്ക് ലഭ്യമാക്കിയാൽ വെട്ടൂർ പഞ്ചായത്തിൽ ഒരു ഫലഭൂയിഷ്ഠമായ പച്ചക്കറി ത്തോട്ടം തന്നെ വളർത്തിയെടുക്കാൻ കഴിയും. കൂടാതെ പച്ചക്കറി ഉത്പാദിച്ച് വിദേശത്തേ യ്ക്ക് കയറ്റി അയക്കുന്നതിനുള്ള സാദ്ധ്യതയും ആരായാവുന്നതാണ്

## *ഔഷധ സസ്യകൃഷി.*

പാരമ്പര്യ വൈദ്യൻമാർക്ക് പേരുകേട്ട സ്ഥലമായിരുന്നു വെട്ടൂർ പഞ്ചായത്ത്. ഇവർ വിവിധതരം ഔഷധസസ്യങ്ങൾ കൃഷി ചെയ്ത് അവയുപയോഗിച്ച് ചികിത്സ നടത്തിയിരുന്നു. എന്നാൽ ഈ വിഭാഗം പൂർണ്ണനായും മുരടിച്ച് പോയിരിക്കുന്നു. ഏതെല്ലാം ഔഷധസസ്യങ്ങളാണ് കൃഷി ചെയ്തിരുന്നത് എന്നു പോലും അറിയാൻ സാധിക്കാത്ത അവസ്ഥയാണ്. ഇപ്പോൾ തുളസിച്ചെടി ഒഴികെയുള്ള ഔഷധ സസ്യങ്ങൾ പഞ്ചായത്തിൽ വിരളമാണ്. ഔഷധ സസ്യങ്ങളുടെ തൈകൾ ഉത്പാദിപ്പിക്കുന്നതിനു മാത്രമുള്ള നഴ്സറി തുടങ്ങുവാൻ വേണ്ട സാങ്കേതിക സഹായങ്ങൾ തൊഴിൽ രഹിതർക്ക് ചെയ്തു കൊടുത്താൽ ഇ വിഭാഗവും പുഷ്ടി പ്രാപിക്കു മെന്നതിൽ സംശയമില്ല.

## *പൂവ്.*

ക്ഷേത്രങ്ങളിലെ പ്രധാന നൈവേദ്യങ്ങളിലൊന്നാണ് പൂവ്. പുഷ്പഹാരങ്ങളും, പൂക്കൾ കൊണ്ടുള്ള ചെറിയ മാലകളും പിച്ചിമാല, ജമന്തിമാല, വിവിധ പൂവുകൾ കൊണ്ടു ണ്ടാക്കിയ ചെമ്പരത്തിമാല എന്നിവ ഉണ്ടാക്കി കുറഞ്ഞ വിലയ്ക്ക് ഭക്ത ജനങ്ങൾക്ക് നൽകുകയാ ണങ്കിൽ തമിഴ് മാട്ടിൽ നിന്നും

വരുന്ന വില കൂടിയ പൂക്കൾ ഒഴിവാക്കാൻ കഴിയും. വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് ഒരു വരുമാന മാർഗ്ഗം എന്ന നിലയിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയും. വിലകൂടിയ പൂക്കൾ വാങ്ങാൻ പോകാതെ പൂക്കുടകളിൽ പൂ മാലകളുമായി വന്നു ഇതിൽത്തന്നെ സൗകര്യപ്രഥമായ സമയങ്ങളിൽ പൂവ് വിൽപ്പന നടത്തി ആകർഷകമായ വരുമാനം നേടാവുന്നതാണ്. ഇതുപോലെ ഗണപതിക്ഷേത്രം, മങ്ങാട് മാടൻക്കാവ് ക്ഷേത്രം, ശിവക്ഷേത്രം, മറ്റുക്ഷേത്രങ്ങൾ എന്നിവിടങ്ങളിലും ഈ സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനുവേണ്ടി പിച്ചി, റോസ്, മുല്ല, ജമന്തി, മുതലായവയുടെ തൈകൾ സ്കൂളുകൾ വഴിയും കൃഷിഭവൻ വഴിയും വിദ്യാർത്ഥികൾക്കും മറ്റ് ആവശ്യക്കാർക്കും വിതരണണം ചെയ്യുവാൻ കഴിയും. വിവാഹാവശ്യത്തിന് ഒഴിച്ചു കൂടാൻ കഴിയാത്ത ഒരു പ്രത്യേക വിഭവമായ പൂഹാരം വിലകൂട്ടി വാങ്ങാതെ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പൂക്കൾകൊണ്ടും സാധിക്കാവുന്നതാണ്.

### *ആന്തൂറിയം, ഓർക്കിഡ്കൃഷി*

വളരെ വിപണന സാദ്ധ്യതയുള്ള ഒരിനമാണ് ആന്തൂറിയം ഓർക്കിഡ് കൃഷികൾ.

സാമ്പത്തിക ശേഷിയുള്ളവരുടെ ഹോബി യായി കണക്കാക്കിയിരുന്ന ഈ ഇനങ്ങൾ സാധാരണക്കാർക്ക് വരുമാനമുണ്ടാക്കാവുന്ന ഒരു കൃഷിയായി രൂപാന്തരപെപട്ടിരിക്കുന്നു. എല്ലാ ടെറസ് കെട്ടിടങ്ങളിലും തെങ്ങിൻ തോപ്പുകളിലും ഗ്രീൻ ഹൗസുകൾ ഉണ്ടാക്കാതെ കൃഷി ചെയ്യാവുന്ന ഇനമാണ് ആന്തൂറിയവും ഓർക്കിഡും. ഈ കൃഷിയിൽ താല്പര്യമുണ്ടാകുന്നനിന് കൃഷി ഡിപ്പാർട്ട്മെൻറ് ഹോൾട്ടികൾച്ചറൽ മുൻകൈയെടുക്കണം. കുറഞ്ഞ വിലയ്ക്ക് തൈകൾ ലഭ്യമാക്കുന്നതിനും കൃഷി പരിപാലനം പഠിക്കു ന്നതിനും വേണ്ട നടപടികൾ വേണ്ടതാണ്. കയറ്റുമതി സാദ്ധ്യതകൾ ഉള്ള ഒരിയിനമാണ് സംഭരണ വിപണന സൗകര്യവും കൂടി വേണ്ടത് ആവശ്യമാണ്.

### *കൂൺകൃഷി*

കുറഞ്ഞ ചെലവിൽ കൂടുതൽ വരുമാനം എന്ന തത്വം അനുസരിച്ച് കൂൺകൃഷി ഈ പഞ്ചായത്തിൽ വ്യാപകമായയി നടപ്പിലാക്കാം. ആതിനാവശ്യമായ ബോധവൽക്കരണം നടത്തണം. കൂൺ വിത്തുല്പാദനം, കൂൺകൃഷി ഈ മേഖല വിപുലീകരിച്ചാൽ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരമാകും. വീട്ടമ്മമാർക്ക് വരുമാനവും ഉണ്ടാകും.

### *ഫാമിലി അക്വോറിയം*

സൗന്ദര്യ മത്സ്യ വളർത്തൽ ഒരു പദ്ധതിയായി രൂപാന്തരപ്പെടുത്തി ആവശ്യമായ ബോധവൽക്കരണം നടത്തിയാൽ യുവജനങ്ങളിൽ താല്പര്യ മുള്ള കുറേപ്പേർക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്.

### *ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ*

1,മണ്ണ് പരിശോധന നടത്തുക

2, നല്ലയിനം നടിൽ വസ്തുക്കൾ വിതരണം ചെയ്യുക

3, വളങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാനാവശ്യമായതു ചെയ്യുക

4, എലി നശീകരണം വ്യാപകമാക്കുക

5, ജലസേചന സൗകര്യമേർപ്പെടുത്തുക

6, ഇപ്പോൾ കൃഷി ഭവനിൽ നിന്നും കിണറുകൾ കുഴിക്കുന്നതിനും പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ഭൂപരിതി നിയന്ത്രണം പുനപരിശോധിക്കുക.

7, കൃഷി ഭവൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

8, യുവജനങ്ങളിൽ കൃഷിക്കു താൽപ്പര്യം ജനിപ്പിക്കുക.

# കുടിവെള്ളം, ആരോഗ്യം, ശുചിത്വം.

ഒരു ജനതയുടെ ആരോഗ്യ സംരക്ഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് കുടിവെള്ളം. നിർഭാഗ്യവശാൽ ഈ പഞ്ചായത്തിൽ ശുദ്ധ ജലത്തിൻെറ അപര്യാപ്തത കൊണ്ട് ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകളും യാതനകളും അനുഭവിക്കുകയാണ്. പഞ്ചായത്തി ലെ കുടിവെള്ള പ്രശ്നം കുറച്ചെങ്കിലും നിറവേറ്റുന്നത് വളരെയധികം ആഴമുള്ള കിണറുകളിൽ നിന്നും ലഭിക്കുന്ന ജലവും ചെറിയ അളവിൽ ലഭിക്കുന്ന പൈപ്പ് വെള്ളവുമാണ് മറ്റു ജല സ്രോതസ്സുകൾ. മറ്റു ജലസ്രോതസ്സുകൾ വളരെയധിമുണ്ടെങ്കിലും അവ ശരിയായ രീതിയിൽ ചൂഷണം ചെയ്യുന്നില്ല. ജനസംഖ്യയിൽ 75 ശതമാനവും കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. എന്നാൽ വേനലായി കഴിഞ്ഞാൽ ഭാഗികമായി പോലും ഈ കിണർ വെള്ളം കിട്ടാറില്ല. സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയർന്ന പ്രദേശമാകയാൽ കിണർ കുഴിക്കുക എന്നത് വളരെ ചിലവേറിയതും സാധാരണ ജനവിഭാഗങ്ങൾക്ക് താങ്ങാൻ കഴിയാത്തതുമാണ്. ഭാഗികമായി ലഭിക്കുന്ന പൈപ്പ് വെള്ളം ഒരളവുവരെ ശുദ്ധമല്ല. ആയതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ഈ പഞ്ചായത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്. അപൂർവ്വം ചില അവസരങ്ങളിൽ വേനൽക്കാ ലത്ത് വില്ലേജ് ഓഫീസ് വഴിയും പഞ്ചായത്തു ഓഫിസു വഴിയും കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. തീരപ്രദേശമായതിനാൽ സാധാരണ കാലവർഷവും തുലാവർഷവും വളരെ കുറഞ്ഞ അളവിൽ മാത്രമേ ഇവിടെ ലഭിക്കാറുള്ളു. കിട്ടുന്ന മഴ മണ്ണൊലിപ്പുമൂലം വളരെയധികം നഷ്ടപ്പെടുകയാണ്. പണ്ടു ലഭിച്ചിരുന്നതിൻെറ പത്തിലൊന്നു ഭാഗം മഴ മാത്രമേ ഇന്നു ലഭിക്കുന്നുള്ളു. മഴയുടെ കുറവുമൂലം പുഴകളിലു തോടു കളിലും ജലത്തിൻെറ അളവു വളരെ കുറവാണ്. വലയൻെറ കുഴി കായൽ തീരത്തു താമസിക്കുന്ന കുടുംബങ്ങൾക്ക് കുടിവെള്ളത്തിനായി ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

# ആരോഗ്യം

ആരോഗ്യപ്രശ്നങ്ങൾ ധാരാളമുള്ള പഞ്ചായത്താണ് വെട്ടൂർ. ശുദ്ധജലത്തിന്റെ ദൗർബല്യം മൂലം വിവിധ തരത്തിലുള്ള സാംക്രമിക രോഗങ്ങൾ ഉണ്ടാവുന്നു. പഞ്ചായത്തിലെ ഭൂരി ഭാഗം ജനങ്ങളും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത് പരമ്പരാഗത നാട്ടു വൈദ്യൻമാരുടെ ഒരു സങ്കേതമായിരുന്നു വെട്ടൂർ ഗ്രാമ പഞ്ചായത്ത്. എന്നാൽ ഇന്നത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചമല്ല. പോഷണക്കുറവും പകർച്ച വ്യാധികളും പഞ്ചായത്തിനെ അലട്ടുന്ന പ്രശ്നങ്ങളാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അത്യാവശ്യമായ മരുന്നുകൾ ലഭ്യമല്ല. ഈ പഞ്ചായത്തിൽ 7962 വീടുകൾ ഉണ്ട്. അവയിൽ 1663 കോൺക്രീറ്റു വീടുകളും, 1497 ഓട് ഇട്ട വീടുകളും, 3705 ഓലമേഞ്ഞ വീടുകളും ഉണ്ട്. കുടിലുകളുടെ എണ്ണം 1046 മറ്റുള്ളവ 51 ആണ്.

ഏഴ് പൊതു കുളങ്ങളും, അഞ്ചു പൊതു കിണറുകളും 24 പൊതു ടാപ്പുകളും ഉണ്ട്. കഴുത്തും മൂട്ടിലുള്ള വലയൻറകുഴി വാട്ടർ സപ്ളെ നിന്നും ലഭിക്കുന്ന ജലമാണ് പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ മാത്രം ലഭിക്കുന്നത്. ഏക തോട് വെട്ടൂർ ഏലായുടെ മദ്ധ്യഭാഗത്തുകൂടെ ഒഴുകുന്ന മങ്ങാട്ട് തോട് ആണ്.

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ താഴെപ്പറയും പ്രകാരമാണ്.

| സ്ത്രീകളുടെ പ്രായക്രമം | എണ്ണം |
|---|---|
| 15-19 | 177 |
| 20-24 | 646 |
| 25-29 | 738 |
| 30-34 | 558 |
| 35-39 | 500 |
| 40-44 | 260 |

2879 അമ്മമാർ വെട്ടൂർ പഞ്ചായത്തിലുണ്ട്. അവരിൽ 260 പേർക്ക് കുട്ടികളില്ല. 624 പേർക്ക് ഓരോ കുട്ടികളേയുള്ളു. 1016 പേർക്ക് രണ്ടു കുട്ടികൾ വീതവും, 979 പേർക്ക് രണ്ടിൽ കൂടുതൽ കുട്ടികൾ വീതവും ഉണ്ട്. കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ 2425 പേരാണ്. അവരിൽ 542 പേർക്ക് ഓരോകുട്ടിയും, 978 പേർക്ക് രണ്ടിൽ കൂടുതൽ കുട്ടികളും ഉണ്ട്. അന്ധൻമാരും ബധിരകുമായി 112 പേർ ഉണ്ട്. സ്ഥായിയായ രോഗമുള്ളവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്. രക്തസമ്മർദ്ദ രോഗം ബാധിച്ച 1500 പേരും, പ്രമേഹ രോഗമുള്ളവർ 1500 ഹൃദ്രോഗമുള്ള ഏകദേശം 124 പേരും കുഷ്ഠ രോഗമുള്ള 7 പേരും ഈ പഞ്ചായത്തിൽ വസിക്കുന്നുണ്ട്.

ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 425-അണ്. അവസരിൽ എല്ലാ പേരും പ്രതിരോധ കുത്തിവയ്പ് സ്വീകരി ച്ചവരാണ്. 450- ഗർഭിണികൾ ഈ പഞ്ചായ ത്തിലുണ്ട്. ഈ പഞ്ചായത്തിൽ ജനിച്ച കുട്ടികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| വർഷം | എണ്ണം |
|---|---|
| 1993-94 | 256 |
| 1994-95 | 216 |
| 1995-96 | 284 |

1993-94-ൽ ജലജന്യ രോഗങ്ങൾ 1205 ഉം പേർക്ക് ബാധിച്ചിട്ടുണ്ട്. 224-പേർക്ക് വായുജന്യ രോഗങ്ങളും 17605 പേർക്ക് മറ്റുള്ള രോഗങ്ങളും ബാധിച്ചിട്ടുണ്ട്

1994-95-ൽ 1437 പേർക്ക് ജലജന്യ രോഗങ്ങളും 1420 പേർക്ക് വായുജന്യ രോഗങ്ങളും 21692 പേർക്ക് മറ്റുള്ള രോഗങ്ങളും ബാധിച്ചിട്ടുണ്ട്.

1995-ൽ 3009 പേർക്ക് ജലജന്യ രോഗങ്ങളും 932 പേർക്ക് വായുജന്യ രോഗങ്ങളും 25371 പേർക്കു് മറ്റുള്ള രോഗങ്ങളും ബാധിച്ചു.

രോഗങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം) എണ്ണം | | | | ആകെ |
|---|---|---|---|---|---|---|---|
| | | | ത്വക്ക്രോഗം | വാതരോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | |
| 1992-93 | - | 21817 | 1116 | 12 | 3612 | 106 | 21817 |
| 1993-94 | - | 19034 | 868 | 26 | 1429 | 157 | 19034 |
| 1994-95 | - | 24549 | 1007 | 10 | 2857 | 176 | 24549 |
| 1995-96 | - | 29312 | 1293 | 67 | 3941 | 180 | 29313 |
| | - | 94712 | 4284 | 115 | 11839 | 619 | 94712 |

ഈ പഞ്ചായത്തിൽ 3 അലോപ്പതി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒരെണ്ണം സർക്കാർ ഉടമസ്ഥതയിലും രണ്ടെണ്ണം സ്വകാര്യവുമാണ്. സർക്കാരുടമസ്ഥതയിൽ 5 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 25 ജീവനക്കാർ പണിയെടുക്കുന്നുണ്ട്. ആകെയുള്ള ഒരു ആയുർവേദ ആശുപത്രിയിൽ 4 ജീവനക്കാരാണുള്ളത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടുവിളയിൽ 50 സെൻറു ഭൂമിയും വിലയ്ക്കെടുത്തിട്ടുണ്ട്. പഞ്ചായത്തിലെ പാരമ്പര്യ വൈദ്യശാലകൾ പൂർണ്ണമായും അസ്തമിച്ചുകഴിഞ്ഞു. പുത്തൻ ചന്തയിലെ ബാലൻ വൈദ്യൻെറ വിഷവൈദ്യശാല പ്രശസ്തമാണ്. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

## *ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ*

മണ്ണാട്ടു മാടൻനട പ്രദേശത്തുള്ള ജലസ്രോതസ്സ് വേണ്ട രീതിയിൽ ചൂഷണം ചെയ്ത് പൈപ്പു വഴി അടുത്ത പ്രദേശങ്ങളിലേക്ക് ജലം ശുദ്ധി ചെയ്തു വിതരണം ചെയ്യണം. കളിയിൽ മണ്ണാൻ മൂല, ഇളപ്പിൽ എന്നിവിടങ്ങളിലെ നീരുറവകൾ സംരക്ഷിച്ച് ബൃഹത്തായ ഒരു

ജലവിതരണ പദ്ധതി നടപ്പിലാക്കണം. റ്റി. എസ് കനാലിൻെറ മാലിന്യം നീക്കി ജലവിതരണ ത്തിന് സജ്ജമാക്കണം. എരുക്ക്വിളയിൽ ഒരു ഓവർ ടാങ്ക് നിർമ്മിച്ച വെള്ളം ശേഖരിച്ച് വിതരണ ചെയ്യണം. അഴുകൻ വിള ലക്ഷം വീട് കോളനിയിൽ കുഴൽകിണർ കുഴിക്കണം. മുനിക്കുന്ന്, കാകൻ കുന്ന്, പുന്നക്കൂട്ടം, മേൽ വെട്ടൂർ എന്നീ ഭാഗങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യണം. പഞ്ചായത്തിൻെറ ചില വാർഡുകളിൽ ഇപ്പോൾ നിലവിലുള്ള ജലവിതരണ പദ്ധതികൾ വിപുലീകരിച്ച് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളി ലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം. 8-ാം വാർഡിലെ ഊറ്റുകുഴിയിൽ കിണർ ഉണ്ടാക്കി ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിക്കണം. കാക്കകുഴി പദ്ധതി പുനരു ദ്ധരിക്കണം. വിളബ്ഭാഗം പബ്ലിക്ക് മാർക്കറ്റിലുള്ള പൊതുകിണർ വികസിപ്പിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം. ഉടയാൻ കുഴിയിൽ മിനി പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണം. വലയൻെറ കുഴിയിലുള്ള പമ്പ് ഹൗസിൽ ശക്തികൂടിയ പമ്പ് സെറ്റ് സ്ഥാപിക്കണം. വലയൻെറ കുഴി കായൽ തീരത്ത് അധിവസിക്കു ന്നവർക്ക് കുടിവെള്ളം എത്തിക്കാൻ പദ്ധതി ഉണ്ടാക്കണം.

മങ്ങാട് മാടൻകാവ്, മണ്ണാൻെറ മൂല, കളിയിൽ കുളം, കാക്കകുഴി, മൗണ്ട് ഊറ്റുകുഴി, ഉടയൻകുഴി എന്നീ പ്രദേശങ്ങളിൽ പമ്പുസെറ്റു കൾ സ്ഥാപിച്ച് ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് പഞ്ചായത്തിൽ മൊത്ത ത്തിൽ കുടി വെള്ള വിതരണം നടപ്പിലാക്കണം. അഞ്ചിൽ കുറയാതുള്ള ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കണം.

വലയൻെറ കുഴി വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ച് വാട്ടർ ഷെഡ് നിർമ്മിച്ച് എല്ലാ പ്രദേശത്തേക്കും ജല വിതരണം നടത്തുന്നതി നുള്ള സംവിധാനം ഉണ്ടാക്കണം. വെട്ടൂർ കൊച്ചുവിള വാട്ടർ സപ്ലൈ സ്കീം ഉടൻ നടപ്പിലാക്കുക.

## *ഗ്രാമസഭയിൽ ഉയർന്നുവന്ന ആരോഗ്യ പരിപാലനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ*

1. പ്രൈമറി ഹെൽത്ത് സെൻററിനെ 50 കിടക്കക ളോടു കൂടി ആശുപത്രി ആയി ഉയർത്തുക.

2. ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.

3. ആയൂർവേദാശുപത്രിയിൽ കിടക്കകൾ അനുവദിക്കുക.

4. എല്ലാപേർക്കും ശുദ്ധജലം എത്തിക്കുവാ നുള്ള സംവിധാനം ഏർപ്പെടുത്തുക.

5. എല്ലാ വാർഡിലും സബ്സെൻററുകൾ അനുവദിക്കുക.

6. ആശുപത്രിയിൽ എല്ലാ സമയവും ഡോ ക്ടറുടെ സേവനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

7. ഗൈനക്കോളജിസ്റ്റ്, ഓപ് താൽമിക്ക് അസി സ്റ്റൻറ്, ദന്തൽ ഹൈജീനിസ്റ്റ് എന്നിവരുടെ സേവനം ഉണ്ടാക്കണം.

8. എക്സ്റേ പ്ലാൻറ്, മിനി തീയറ്റർ എന്നിവ സ്ഥാപിക്കുക.

9. എയ്ഡ്സ് രോഗത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.

10. ഹെൽത്ത് എഡ്യൂക്കേഷൻ വ്യാപകമാക്കുക.

| വാർഡ് നമ്പർ | ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | നിലവിലുള്ള പൊതുജല വിതരണ സംവിധാനങ്ങൾ | | | ഉപയോഗപ്പെടുത്താവുന്ന ശുദ്ധജല സ്രോതസ്സുകൾ |
|---|---|---|---|---|---|
| | | പൊതു കിണർ | കുഴൽ കിണർ | പൈപ്പു വെള്ളം ടാപ്പുകളുടെ | |
| 1 | മാടൻനട പ്രദേശം ഒഴികെ ബാക്കി പ്രദേശങ്ങൾ | ഇല്ല | ഇല്ല | 7 | മങ്ങാട്, മാടൻനട, മണ്ണാന്റെ മൂല, ഊറ്റുകുഴി |
| 2 | പുന്നക്കൂട്ടം, അക്കരവിള വെട്ടൂർ വിള | 2 | ഇല്ല | 2 | വെട്ടൂർ തോടിന്റെ വടക്കുംകരഭാഗം, വേട്ടുങ്ങൽ കുളം |
| 3 | ഫിഷർമാൻ കോളനി, കുണുക്കൻകല്ലുപ്രദേശം, കൂന്താണി | 1 | ഇല്ല | 2 | കളിയിലിൽ കുളം,കോയാലിമൂല കുളം, തൈക്കാവു നീരുറവ |
| 4 | അയന്തി, മേൽ വെട്ടൂർ, എ.കെ.ജി.ജംഗ്ഷൻ | 3 | ഇല്ല | 4 | കൊച്ചുവിള കുളം |
| 5 | അഴുക്കൻ വിള | 2 | ഇല്ല | 3 | ലൈബ്രററി കുളം |
| 6 | അമ്മൻനട ജംഗ്ഷൻ, മുനിക്കുന്ന്, എസ്.എൻ. ലക്ഷംവീട് | 2 | ഇല്ല | 4 | കഴുത്തുംമൂട്ട് നീരുറവ |
| 7 | വലയന്റെ കുഴി കായൽതീരം | ഇല്ല | ഇല്ല | 3 | ഇല്ല |
| 8 | പത്മാഭവൻ ഊറ്റുകുഴി റോഡിന്റെ ആദ്യഭാഗം, മൗണ്ട് ജംഗ്ഷൻ | ഇല്ല | ഇല്ല | 2 | ഊറ്റുകുഴി |
| 9 | പ്ലാവഴികം വിളഭാഗം കാക്കക്കുഴി, അരിവാളകം | 1 | ഇല്ല | 5 | കാക്കക്കുഴി |

# ശുചിത്വം

വിവിധ ഭാഗങ്ങളിലെ, വിവിധ മേഖല കളിലെ ജനങ്ങളുടെ ആരോഗ്യ ശീലം ശുചിത്വവു മായി ബന്ധപ്പെട്ടിരിക്കുകയാണ്. രോഗാണു ക്കൾ ക്ക് വസിക്കാനും, വളരാനും പലപ്രകാര ത്തിൽ മനുഷ്യ ശരീരത്തിൽ കടന്ന് രോഗം വരുത്താനും കാരണമായേക്കാവുന്ന വസ്തുക്കളേയും പരിസരസംബന്ധമായ കാര്യങ്ങളെയും, രീതികളേയും തടയാനും ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയെ യാണ് സാമാന്യമായി ശുചിത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യർക്കുണ്ടാകുന്നതിൽ പ്രധാനമായും ജലസംബന്ധമായ രോഗങ്ങ ളാണ്.

വയറിളക്കം, വയറുകടി, മഞ്ഞപ്പിത്തം, സന്നിപാതജ്വരം, പിള്ള വാതം തുടങ്ങി ഒട്ടേറെ യുള്ള രോഗങ്ങൾ ഇതിനുദാഹരണമാണ്. ജലവും, ആഹാരവും മലിനമാകാതിരുന്നാൽ മാത്രമേ ഈ രോഗങ്ങളും ഒഴിവാക്കാൻ കഴിയു. ഓരോ വീടും അതിൻെറ പരിസരവും പൂർണ്ണ മായും വൃത്തിയാക്കിയാൽ മാത്രമേ ഇതു ഏറെകുറെ പരിഹരിക്കാൻ കഴിയു. പി. എച്ച് .സി. യിലെ ഫീൽഡ് സ്റ്റാഫ് ഓരോ വീടും സന്ദർശിച്ച് ആ വീടിൻെറ പൂർണ്ണമായ ചരിത്രം രേഖപ്പെടുത്തുന്നതിനോടൊപ്പം ആ കുടുംബ ത്തിൻെറ വൃത്തിയും രേഖപ്പെടുത്തിയാൽ മാത്രമേ ആ കുടുംബ ചിത്രം പൂർണ്ണമാവു കയുള്ളു. ജനങ്ങളെ ബോധവൽക്കരിക്കുന്ന ക്ലാസ്സുകൾ കൊടുത്തിട്ടില്ല.ശുചിത്വം പാലിക്കാ ത്ത കുടുംബങ്ങളിൽ പ്രാഥമാകാരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ബ്ലീച്ചിങ് പൗഡർ വിതരണം ചെയ്ത് പരിസരം ശുചിയാക്കുന്നതിലും ശ്രദ്ധചെലുത്തേണ്ടതാ ണ്. അതുപോലെ ഓരോ കോളനിയിലും ജനങ്ങൾ തിങ്ങി പാർക്കുന്ന ഏരിയകളിലും എം.എസ്സ്.എസ്സ്. വോളൻറിയേഴ്സിൻെറ സേവനം എത്തിച്ചാൽ ശുചിത്വം ഒരു പരിധി വരെ നിലനിർത്താൻ കഴിഞ്ഞേക്കും.

അതുപോലെ പ്രാധാന്യം അർഹിക്കു ന്നതാണ് പൊതുകക്കൂസ്. പൊതു കിണർ, പൈപ്പുകൾ എന്നിവ. കക്കൂസിൻെറ കാര്യം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് കോളനിക ളിലാണ്. പൊതുകിണറുകളുടെ കാര്യവും മറിച്ചല്ല

ഏകദേശം 25 കുടുംബങ്ങൾ താമസി ക്കുന്ന ഒരു കോളനിയിൽ ഒരു കിണർ മാത്രം ഉണ്ടായിരുന്നാൽ ശുചിത്വം ഇല്ലായ്മയുടെ കാര്യം എടുത്ത് പറയേണ്ടത് ഇല്ലല്ലോ. എന്നാൽ സർക്കാർ ചിലവിൽ ഒരു പമ്പ് സെറ്റ് സ്ഥാപിച്ച് ഓരോ വീട്ടിലും ഓരോ പൈപ്പ് എന്ന സംവിധാനം കൊണ്ടുവന്നാൽ ജലമലിനീ കരണം മൂലം ഉണ്ടാകുന്ന മേൽക്കാണി ച്ചിരിക്കുന്ന രോഗങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും.

ഇങ്ങനെയുള്ള പൊതുസ്ഥലങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനായി പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള പമ്പു സെറ്റുകൾ എല്ലാ വാർഡിലും നിർബന്ധമായി സ്ഥാപിച്ചു പരിസരശുചീകരണത്തിനായി നേതൃത്വം നൽകേണ്ടതാണ്. ഇവയെല്ലാം പരിഗണിച്ചാൽ മാത്രമേ "ശുചിത്വം" എന്ന മഹത്വം അന്വർത്ഥ മാക്കാൻ കഴിയുകയുള്ളു.

# വിദ്യാഭ്യാസം

ഒരു പ്രദേശത്തെ സാമൂഹിക സാസ്ക്കാരിക പശ്ചാത്തലത്തെ വിലയിരുത്തുമ്പോൾ തീർച്ചയായും വിദ്യാഭ്യാസ മേഖലയെ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

- സ്വാതന്ത്ര്യത്തിനു മുൻപു തന്നെ കേരളം വിദ്യാഭ്യാസ രംഗത്ത് മറ്റ് പ്രദേശങ്ങളെക്കാൾ മുന്നിലായിരുന്നു. ക്രിസ്ത്യൻ മിഷനറിമാരും മറ്റു സ്വകാര്യ ഏജൻസികളും വിദ്യാഭ്യാസ രംഗത്ത് വിലപ്പെട്ട സംഭാവനകൾ ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോൻമുഖമായ വളർച്ചയെ ലക്ഷ്യമാക്കിയുള്ള പുതിയ തലമുറയെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ കർത്തവ്യം. തലമുറകൾ തമ്മിലുള്ള വിടവ് നികത്തുന്ന ഒരു കണ്ണികൂടിയായിരിക്കണം വിദ്യാഭ്യാസം.

വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്നമഹത് വചനം അരുളി കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ഭദ്രദീപം കൊളുത്തിയ ശ്രീ നാരായണ ഗുരുദേവന്റെ പാദസ്പർശത്താൽ പുളകിതമായ വർക്കല മണ്ണിന്റെ ഭാഗമായ വെട്ടൂരിനും സാംസക്കാരികമായും വിദ്യാഭ്യാസപരമായും അഭിമാനിക്കാവുന്ന സഥാനമാണ് ഉള്ളത്.

വെട്ടൂർ പഞ്ചായത്തതൃത്തിയിൽ ആദ്യമായി ഒരു വിദ്യാഭ്യാസ സ്ഥാപനം ഉയർന്നു വന്നതു് അരിയിട്ട കുന്നിലായിരുന്നു. ആദ്യകാലത്ത് ഈ പ്രദേശത്ത് സമൂഹത്തിലെ അറിയപ്പെടുന്ന സമ്പന്നന്മാരും വിദ്യാഭ്യാസത്തോട് താല്പര്യമുള്ളലരു് ചേർന്നു് വിളബ്ഭാഗം ചിത്തക്കുടി വീട്ടിൽ ആരംഭിച്ച കുടിപളളിക്കൂടമാണ് ഇന്ന് അരിയിട്ടകുന്നിൽ സ്ഥിതി ചെയ്യുന്ന എസ്.എൻ. വി. ഹൈസ്ക്കൂളായി ഉയർന്നതു്. ശ്രീനാരായണഗുരുവാണ് സ്ക്കൂളിന് തറക്കല്ലിട്ടതു്. ആത്മീയഗുരുവായ നടരാജ ഗുരുവും, ശ്രീ. സി. കേശവൻ തുടങ്ങിയവരും ഈ സ്ക്കൂളിൽ അദ്ധ്യാപകരായിരുന്നു. മുൻ വർക്കല എം.എൽ.എ. ശ്രീ. രാധാകൃഷ്ണൻ, മുൻ സ്പീക്കർ ശ്രീ വക്കം പുരുഷോത്തമൻ, മുൻ എം.എൽ.എ. ശ്രീ. ശിവദാസൻ ഡോ. എം. ശ്രീനിവാസൻ തുടങ്ങിയവർ ഈ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

പുത്തൻചന്തയിൽ സ്വകാര്യ സ്ഥാപനമായി ആരംഭിച്ച ട്രെയിനിംഗ് സ്ക്കൂളാണ് പിന്നീട് എൽ.എം.എസ്.എൽ.പി. എസ്. ആയി മാറിയത്. ഇന്ന് എൽ.എം. എസ്.എൽ.പി.എസ് മാനേജ്മെന്റിന്റെ വകയാണ്. 1973-74-ൽ വെട്ടൂർ ഗവണ്മെന്റ് ഹൈസ്ക്കൂൾ സ്ഥാപിതമായി.

ഇപ്പോൾ ഈ പഞ്ചായത്തിൽ 5 ലോവർ പ്രൈമറി സ്ക്കൂളും ഒരു അപ്പർപ്രൈമറി

സ്ക്കൂളും ഒരു ഹൈസ്ക്കൂളുമാണുള്ളത്. ആശാൻ മെമ്മോറിയൽ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

സമീപ പ്രദേശങ്ങളിലും മറ്റുമുള്ള അൺ എയിഡഡ് ഇംഗ്ളീഷ് മീഡിയം സക്കൂളുകളുടെ പ്രവർത്തനം പഞ്ചായത്തിലെ അംഗീകൃത സ്ക്കൂളുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നു പറയാം. ഈ സമാന്തര വിദ്യാലയങ്ങൾ വരേണ്യ വർഗ്ഗ സംസ്കാരം അന്ധമായി അനുകരിക്കുക മാത്രമല്ല മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തെ പുച്ഛിച്ചു തള്ളുന്ന ഒരു

| ക്രമനമ്പർ | സ്കൂളിൻെറ പേര് | വിദ്യാർത്ഥികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1 | ഗവഃഹൈസ്കൂൾ, വെട്ടൂർ | 1525 | 45 |
| 2 | ആശാൻമെമ്മോറിയൽ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (U.P.S.) | 477 | 23 |
| 3 | എം.എൽ.പി. സ്കൂൾ, ഇളപ്പിൽ (L.P.S) | 211 | 6 |
| 4 | മൗണ്ട് കാർമൽ എൽ.പി. സ്കൂൾ, വെന്നികോട് | 118 | 4 |
| 5 | ഗവഃ എൽ.പി.എസ്. വലയൻെറ കുഴി | 230 | 9 |
| 6 | എൽ.എം.എസ്.എൽ.പി.എസ്, പുത്തൻചന്ത | 271 | 7 |
| 7 | ഗവഃ എൽ.പി.എസ്. വിളബ്ഭാഗം | 452 | 15 |

പ്രവണത കൂടി വളർത്തിക്കൊണ്ടു വരുന്നത് ദുഖകരമായ ഒരു യാഥാർത്ഥ്യമാണ്. മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ നിലവിലുള്ള അംഗീകൃത സ്കൂളുകളിൽ നടപ്പിലാക്കുകയാ ണെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസം കുറ്റമറ്റതാക്കി തീർക്കാൻ കഴിയും.

പാഠ്യേതര പ്രവർത്തനങ്ങളും അംഗീകൃത സ്കൂളുകളിൽ മെച്ചപ്പെടണം. അതിന് രക്ഷകർത്താക്കളുടെയും പൗരസമിതികളുടെയും പഞ്ചായത്തിൻെറയും ശ്രദ്ധ പതിയണം.

വെട്ടൂർ ഗ്രാമ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. സമീപ പഞ്ചായത്തുകളിലും വർക്കല മുനിസപ്പൽ പ്രദേശത്തും സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും തന്നെ കാര്യമായി പ്രവർത്തിക്കുന്നില്ല.

## സ്ത്രീ വിദ്യാഭ്യാസം

ജനസംഖ്യപരമായി സ്ത്രീ വിദ്യാഭ്യാസം പുരുഷൻമാരേക്കാൾ വളരെ വ്യത്യാസമുള്ളതായി കാണുന്നില്ല.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

സമൂഹത്തിലെ ഏതു മേഖലയിലും തൊഴിൽ ചെയ്യാനുള്ള സന്നദ്ധത ഇന്നത്തെ യുവതലമുറയ്ക്കുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവ സമ്പത്ത് മനുഷ്യശേഷി വിഭവമാണ്. ഇതിനെ ശരിയായ രീതിയിൽ

## LITERACY TABLE

| WARD | TOTAL POPULATION 1991 CENSUS | LITERATE | |
|---|---|---|---|
| | | MALE | FEMALE |
| I | 1766 | 718 | 715 |
| II | 2764 | 979 | 928 |
| III | 2053 | 609 | 603 |
| IV | 2128 | 861 | 777 |
| V | 2207 | 663 | 681 |
| VI | 2482 | 893 | 849 |
| VII | 1831 | 686 | 719 |
| VIII | 1649 | 528 | 632 |
| IX | 1910 | 686 | 758 |

വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം ആവശ്യമാണ്. സ്ക്കൂൾ തലത്തിൽ തന്നെ പലതരം തൊഴിലുകളോടുള്ള ഇടപഴകൽ ഉണ്ടാകണം.

### പഞ്ചായത്തിലെ സാദ്ധ്യതകൾ

പഞ്ചായത്തിലെ മുഖ്യതൊഴിൽ മേഖലകളായ കൃഷി, മൽസ്യബന്ധനം കയർ എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക വിജ്ഞാനം നൽകാൻ ഉതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം.

വെട്ടൂർ ഹൈസ്കൂളിനോട് അനുബന്ധിച്ച് തൊഴിൽ വിഷയങ്ങളിൽ പരിജ്ഞാനം നേടാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഫിഷറീസ് ടെക്നോളജി, മറൈൻ ടെക്നോളജി തുടങ്ങയ കോഴ്സുകൾ ഈ സ്ക്കൂളിനോട് അനുബന്ധിച്ച് തുടങ്ങണം.

വിളബ്ഭാഗം ലോവർ പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് അപ്പർ പ്രൈമറി സ്ക്കൂൾ ആക്കാം. പ്രസ്തുത സ്ക്കൂളിനോട് അനുബന്ധിച്ച് എംബ്രോയിടറി, തുന്നൽ, കൊമേഴ്സ്യൽ പ്രാക്ടീസ്, കമ്പ്യൂട്ടർ ട്രെയിനിംഗ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കണം.

കോത്താരി കമ്മീഷൻ(1966) റിപ്പോർട്ടിൽ വിദ്യാഭ്യാസ പരിഷ്ക്കാരത്തെ പറ്റി പറയുന്നത് ജീവിതാവശ്യങ്ങളുടെ സാധൂകരണത്തിനു തകുന്നതും പ്രതീക്ഷകളെ സഫലീകരിക്കു ന്നതും സാമൂഹിക സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനും അതുവഴി ദേശീയ ഐക്യം നേടുന്നതിനും വേണ്ടിയുള്ള തായിരിക്കണം വിദ്യാഭ്യാസം. ഉൽപ്പാദന ക്ഷമതയുമായി ബന്ധപ്പെടുത്തി നവീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലൂന്നിയ വിദ്യാഭ്യാസ രീതിയാണ് ഇന്ന് ആവശ്യം.

ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട്സ്, റൂറൽ ട്രയിനിംഗ് സെൻറർ ഈവനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്സ് തുടങ്ങിയ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

മൽസ്യബന്ധനം, കയർ, കൃഷി തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന തൊഴിലുകൾ. വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം വിപുലമാക്കുന്ന പ്രക്രിയയിൽ ഈ മൂന്ന് തൊഴിലുകളുടെ നവീകരണവും

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ പരിഗണിക്കാവുന്നതാണ്.

വനിതാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ പരിശീലന രംഗങ്ങളിലേക്ക് ഈ വിഭാഗത്തെ ആകർഷിക്കത്തക്ക പരിശീലന കേന്ദ്രങ്ങൾ തുടങ്ങണം. കരകൗശല നിർമ്മാണത്തിൽ വിദ്യാഭ്യാസത്തിൽ പരിശീലനം നൽകുന്ന കേന്ദ്രം പഞ്ചായത്തിൽ തുടങ്ങണം.

കയറും, കയറുല്പ്പന്നങ്ങളുടെ നവീകരണവും സംബന്ധിക്കുന്ന ഒരു പരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

നിലവിലുള്ള പഠന രീതികൾ മെച്ചപ്പെടുത്താൻ പഞ്ചായത്തുതല സമിതികൾ രൂപീകരിക്കണം. ഈ സമിതികൾ സ്ക്കൂളുകളിലെ പഠന നിലവാരം വിലയിരുത്തണം. അടിസ്ഥാനധാരണകൾ കുട്ടികൾ നേടുന്നതിനുതകുന്ന അനുപൂരക പ്രവർത്തനങ്ങൾ ആസൂത്രിതമായി സംഘടിപ്പിക്കണം. സ്ക്കൂളുകളിലെ

ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം. സ്ക്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കണം.

## പഞ്ചായത്തിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ

1. വെട്ടൂർ ഗവ. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത ഫിഷറീസ് ടെക്നോളജിക്ക് കോഴ്സ്, മറൈൻ എൻജിനീയറിംഗ് കോഴ്സ് എന്നിവ തുടങ്ങണം.
2. വെട്ടൂർ ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂൾ ആക്കണം.
3. വിളബ്ഭാഗം ഗവ. എൽ. പി. എസ്. അപ്ഗ്രേഡ് ചെയ്ത് ടെക്നിക്കൽ ഹൈസ്ക്കൂൾ ആക്കണം.
4. പുത്തൻ ചന്തയിൽ (വാർഡ് 1) സ്വയംതൊഴിലിൽ പരിശീലനം നൽകുന്ന ട്രെയിനിംഗ് സെൻറർ സ്ഥാപിക്കണം. ഹാൻറ് മെയ്ഡ് പേപ്പർ, മെഴുകുതിരി നിർമ്മാണം, സോപ്പു നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ
5. അംഗൻ വാഡികളല്ലാത്ത വാർഡുകളിൽ കിൻഡർ ഗാർടൻസ് സ്ഥാപിക്കണം.
6. പഞ്ചായത്തിൽ ഒരു പ്രീപ്രൈമറി ട്രെയിനിംഗ് സെൻറർ സ്ഥാപിക്കണം.
7. L.M.S.L.P.S ഒരു UP ആക്കണം.
8. വെട്ടൂർ ഗവ. ഹൈസ്ക്കൂളിനോട് അനുബന്ധമായി പ്രീപ്രൈമറി വിഭാഗം ആരംഭിക്കണം.
9. എല്ലാ സ്ക്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകൾ സ്ഥാപിക്കണം.
10. 6-ാം വാർഡിൽ പിന്നോക്ക വിഭാഗത്തിലും പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിലും പെട്ട ധാരാളം വിദ്യാർത്ഥികൾ ഉള്ളതിനാൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. അതുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഒരു സഞ്ചിത നിധി സ്വരൂപിക്കേണ്ടതാണ്.

11. വെട്ടൂർ ഹൈസ്ക്കൂളിൻെറ വക ഒരേക്കർ 8 സെൻറ് പുരയിടം അന്യാധീനപ്പെട്ടുകിടക്കുന്നതിനാൽ പ്രസ്തുത ഭൂമി തിരികെ കിട്ടുന്നതിനുള്ള നടപടികൾ വേണം.

12. ഒന്നാം വാർഡിൽ എൽ. എം. എസ്. എൽ. പി. എസ്. ന് സമീപം റോഡിൽ സ്കൂൾ പരിസരത്തുള്ള ആട്ടോ, ടാക്സി സ്റ്റാൻറ് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം കണക്കാക്കി പ്രസ്തുത സ്ഥലത്തു നിന്നും മാറ്റി പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലും പെട്ട ധാരാഴം വിദ്യാർത്ഥികൾ ഉള്ളതിനാൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. അതുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഒരു സഞ്ചിത നിധി സ്വരൂപിക്കേണ്ടതാണ്.

11. വെട്ടൂർ ഹൈസ്ക്കൂളിൻെറ വക ഒരേക്കർ 8 സെൻറ് പുരയിടം അന്യാധീനപ്പെട്ടുകിടക്കുന്നതിനാൽ പ്രസ്തുത ഭൂമി തിരികെ കിട്ടുന്നതിനുള്ള നടപടികൾ വേണം.

12. ഒന്നാം വാർഡിൽ എൽ. എം. എസ്. എൽ. പി. എസ്. ന് സമീപം റോഡിൽ സ്കൂൾ പരിസരത്തുള്ള ആട്ടോ, ടാക്സി സ്റ്റാൻറ് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം കണക്കാക്കി പ്രസ്തുത സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കണം.

13. 6-ാം വാർഡിൽ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ സ്ഥാപിക്കണം.

വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ ഏകഹൈസ്ക്കൂളായ വെട്ടൂർ ഗവ. ഹൈസ്ക്കൂളിലെ കഴിഞ്ഞ അഞ്ച് അദ്ധ്യായന വർഷകാലത്തെ വിജയ ശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 1991-92 | 29.4% |
| 92-93 | 68.4% |
| 93-94 | 60.2% |
| 94-95 | 28.4% |
| 95-96 | 15.3% |

ഈ പഞ്ചായത്തിൽ ജംമ്നോ മോഡൽ സ്കൂൾ, മേൽവെട്ടൂർ എന്നി സ്ഥാപനവും അൺ എയ്ഡഡ് സ്കൂൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

വിദ്യാഭ്യാസ മേഖല കുറേക്കൂടി മെച്ചപ്പെട്ടതാകുന്നതിന് നമുക്ക് എല്ലാപേർക്കും കൂട്ടായി ശ്രമിക്കണം.

# പട്ടിക 5

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ആഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ.ഹൈസ്കൂൾ, വെട്ടൂർ | 45ഏ.76സെ. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 2 | ആശാൻ മെമ്മോറിയൽ ടീച്ചർ ട്രെയിനംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വിളബ്ഭാഗം | 1ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | എം.എൽ.പി. സ്കൂൾ, ഇളപ്പിൽ | 32സെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | മൗണ്ട് കാർമൽ എൽ.പി. സ്കൂൾ, വെന്നികോട് | 1ഏ99സെ. | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | ഗവ എൽ.പി.എസ് വലയന്റെകുഴി | 50 സെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | എൽ.എം.എസ്.എൽ.പി.എസ്. പുത്തൻചന്ത | 60 സെ. | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7 | ഗവഃ എൽ.പി.എസ്. വിളബ്ഭാഗം | 50 സെ. | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം - 1995-96

| ക്രമനമ്പർ | സ്കൂളിന്റെ പേര് | അർഹരായവരുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | മെരിറ്റ് | ലംസം ഗ്രാന്റ് | മുസ്ലീംപെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| 1 | ഗവ:ഹൈസ്കൂൾ, വെട്ടൂർ | 2 | 47 | 5 | 11 | 259 |
| 2 | ആശാൻ മെമ്മോറിയൽ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വിളബ്ഭാഗം | 4 | 127 | 2 | - | 9 |
| 3 | എം.എൽ.പി. സ്കൂൾ, ഇളപ്പിൽ | - | 15 | - | - | - |
| 4 | മൗണ്ട് കാർമൽ എൽ.പി. സ്കൂൾ, വെന്നികോട് | - | 51 | - | - | - |
| 5 | ഗവ: എൽ.പി.എസ്. വലയന്റെകുഴി | - | 82 | - | 3 | - |
| 6 | എൽ.എം.എസ്.എൽ.പി.എസ് പുത്തൻചന്ത | - | - | - | - | - |
| 7 | ഗവ: എൽ.പി.എസ്. വിളബ്ഭാഗം | - | 62 | 5 | 4 | - |

# വ്യവസായം, തൊഴിൽ

ഒരു പഞ്ചായത്തിൻെറ വികസനത്തിന് കാര്യമായ പങ്കുവഹിക്കാൻ കഴിയുന്ന ഒരു മേഖലയാണ് വ്യവസായം. എടുത്ത് പറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ലെങ്കിലും, പരമ്പരാഗത വ്യവസായമായ കയർവ്യവസായം ഈ പഞ്ചായത്തിനുണ്ട്. അതു തന്നെ ഊർദ്ധശ്വാസം വലിക്കുന്ന അവസ്ഥ യിലാണ്. കയറിനും കയറുല്പന്നങ്ങൾക്കും വിപണിയിൽ നേരിട്ടിരിക്കുന്ന വിലയിടിവ് നമ്മുടെ പ്രദേശത്തിൻെറ സാമ്പത്തിക രംഗം താറുമാറാക്കി. കയർ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. ഈ വ്യവസായം അഭിവൃദ്ധിപ്പെട്ടാലെ അത്തരം കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുകയുള്ളൂ. വ്യവസായങ്ങൾ ആരംഭിക്കാൻ ആരും തന്നെ മുൻകൈ എടുക്കുന്നില്ല. ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന സഹോദരൻമാർ അത്തരം ഒരു ശ്രമം നടത്തുവാൻ ഒരുക്കവുമല്ല. കാരണങ്ങൾ പലതാണെങ്കിലും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ അവർക്ക് ലഭിക്കുന്നില്ല. ചുവപ്പുനാടയുടെ ഭീകരത അവനെ ആ ഒരു സംരംഭത്തെക്കുറിച്ച് ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കിന്നുമില്ല. എങ്കിലും അത്തരത്തിൽ ചില മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നതിലേക്ക് ചില ഭാഗങ്ങളിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ളത് ശുഭസൂചകമാണ്.

അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ചെറിയ ചെറിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സർക്കാരിൻെറ ഭാഗത്തു നിന്ന് ധനസഹായം നൽകി വരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രവും, താലൂക്ക് വ്യവസായ കേന്ദ്രവും അത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരികയാണ്. എസ്. എസ്. ഐ രജിസ്ട്രേഷനുള്ള ഏഴ് ചെറിയ സ്വയം തൊഴിൽ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതാത് പ്രദേശത്തിന് തനതായ വ്യവസായ യൂണിറ്റുകൾ തുടങ്ങിയാൽ നിരവധിപ്പേർക്ക് തൊഴിൽ ലഭിക്കുവാനും സാദ്ധ്യതയുണ്ട്. കൃഷിയുമായി ബന്ധപ്പെടുത്തി വേണം വ്യവസായ വികസനത്തിൻെറ സാദ്ധ്യതകൾ ആരായുവാൻ. ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ആലോചിക്കുമ്പോൾ അതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ പരമാവധി ആ പ്രദേശത്തുനിന്നു തന്നെ ലഭ്യമാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ വ്യവസായ വികസനത്തിന് പ്രധാനമായും ചിന്തിക്കേണ്ടത്ചെറുകിടവ്യവസായങ്ങളുടെ കണ്ടെത്തലും വികസിപ്പിക്കലുമാണ്. അതുപോലെ തന്നെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണവും.

പഞ്ചായത്തിലെ വെന്നിക്കോട് ഭാഗത്ത് ഏതാനും കയർ പായ് നിർമ്മാണ സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അവിടെ ഒരു സ്വകാര്യ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. (വി.വി കയർ വർക്ക്സ്) നൂൽ നൂപ്പ് നെയ്ത്തും ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ മേൽവെട്ടൂരിൽ ശ്രീ. ബ്രഹ്മാനന്ദൻ എന്ന യാളിൻെറ നൂൽനെയ്ത്ത് സ്ഥാപനം മാത്രമാണ് ഇന്ന് പ്രവർത്തിച്ചുവരുന്നത്.

പഞ്ചായത്തിൻെറ പല ഭാഗത്തും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഒരു കുടിൽ വ്യവസായമായിരുന്നു എണ്ണയാട്ട് വ്യവസായം. പരമ്പരാഗത രീതിയിലുള്ള ചെക്ക് ഉപയോഗിച്ചായിരുന്നു എണ്ണയാട്ടൽ നടന്നുകൊണ്ടിരുന്നത്. പുന്നയ്ക്കായും ഇത്തരത്തിൽ എണ്ണ ഉല്പാദനത്തിന് ഉപയോഗിച്ചിരുന്നു. ഇന്ന് പരമ്പരാഗത രീതി മാറി ഇവ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യന്ത്രവത്കൃത മില്ലുകളുമായി പ്രവർത്തിക്കുന്നു. ചെക്കുകൾ മാത്രം ഗതകാല സ്മരണകൾ ഉണർത്തി അവിടവിടങ്ങളിൽ കാഴ്ചവസ്തുക്കളായി നിലകൊള്ളുന്നു. വൈദ്യുത പ്രതിസന്ധിയും വ്യവസായ യൂണിറ്റുകളെ ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മറ്റു പരമ്പരാഗത വ്യവസായങ്ങളാണ് ഈറ്റയും ചൂരലും കൊണ്ടുള്ള ഉല്പ്പന്ന വ്യവസായം. പട്ടികജാതി വിഭാഗക്കാരായിരുന്നു ഈതൊഴിലിൽ ഏറെയും ഏർപ്പെട്ടിരുന്നത്. ഇപ്പോൾ പണി തീരെ ക്കുറവാണെങ്കിലും നാമമാത്രമായി നടന്നു വരുന്നുണ്ട്. കക്ക നീറ്റുവ്യവസായവും ആധുനിക കുമ്മായപ്പൊടികൾ നിലവിൽവന്നതോടുകൂടി ഇല്ലാതായി തുടങ്ങിയിരിക്കുകയാണ്. തടി വ്യവസായവും ഈ പഞ്ചായത്തിലുണ്ട്. മൂന്നു തടിമില്ലുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. ചകിരിച്ചോറു വ്യവസായ യൂണിറ്റ്

ചകിരിച്ചോറിൽ നിന്നും വിവിധയിനം വൈവിധ്യമാർന്ന മൂല്യവത്തായ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയും. അതിനുള്ള അസംസ്കൃത സാധനം ഈ പഞ്ചായത്തിൽ സുലഭമാണ്. ധാരാളം പേർക്ക് തൊഴിലും ലഭിക്കും. ഈ യൂണിറ്റ് സമീപ പഞ്ചായത്തുകളുമായി ചേർന്ന് ചെയ്യാവുന്നതാണ്.

2. സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണ യൂണിറ്റ്

പാഴാക്കിക്കളയുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് ഫ്രൂട്ടി പോലുള്ള സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.

3. കരകൗശല യൂണിറ്റ്.

ചിരട്ട കൊണ്ട് നിർമ്മിക്കാവുന്ന കൗതുകകരമായ കരകൗശല യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

4. മെഴുകുതിരി,ചന്ദനതിരി,സോപ്പ് നിർമ്മാണയൂണിററ്.

മെഴുകുതിരിയും, ചന്ദനതിരിയും, സോപ്പും നിർമ്മിച്ച് വിപണികളിൽ എത്തിയ്ക്കുവാൻ കഴിയുന്നതാണ്.അതിനായി ഒരു യൂണിറ്റ് ആരംഭിയ്ക്കണം.

5.ക്ഷീരോല്പന്ന യൂണിറ്റ്.

പാലിൽ നിന്നും വിവിധയിനം ഉല്പന്നങ്ങൾ ഉണാക്കി വില്ക്കുന്നതിനായി യൂണിറ്റ് സ്ഥാപിക്കണം.

6. തയ്യൽ യൂണിറ്റുകൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും 10 വനിതകൾക്ക് തൊഴിൽ നല്കാവുന്ന തരത്തിൽ യൂണിറ്റുകൾ ആരംഭിക്കണം.

7. ഫുഡ് പ്രോഡക്ട്സ് ഉല്പ്പാദക യൂണിറ്റ്

വനിതാ സംഘടനകൾ വഴി സ്ഥാപിക്കാൻ കഴിയുന്ന യൂണിറ്റുകളാണ് ഇവ. ഈ യൂണിറ്റുകൾ വഴി വിവിധ തരം അച്ചാറുകൾ, ബേക്കറി ഉല്പ്പന്നങ്ങൾ എന്നിവ ഇതിലൂടെ ഉല്പ്പാദിപ്പിക്കുവാൻ കഴിയും. ഇതിലൂടെ വളരെപ്പേർക്ക് തൊഴിൽ ലഭിക്കും. അത്തരം യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കണം.

8. ടൂറിസം

റ്റി. എസ്. കനാൽ പൊന്നും തുരുത്തും കേന്ദ്രീകരിച്ച് കൊണ്ട് കായൽ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ടൂറിസം വികസന പദ്ധതി ആവിഷ്ക്കരിക്കണം. ധാരാളം തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാൻ കഴിയും.

**കയർ വ്യവസായം**



# ഗതാഗതം , ഊർജ്ജം.

ഗതാഗത സൗകര്യങ്ങൾ ഒരു പ്രദേശത്തിൻെറ വ്യാവസായികവും തൊഴിൽ പരവും, സാംസ്ക്കാരികവുമായ ഉന്നതിക്ക് അത്യന്താപേക്ഷിതമാണ്.

### *റോഡ് ഗതാഗതം-*

വലുതും ചെറുതുമായ 72 റോഡുകൾ വെട്ടൂര പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത അനേകം റോഡുകൾ പഞ്ചായത്തിൽ ഉണ്ട്. കൂടുതൾ റോഡുകളും ഗതാഗത യോഗ്യമല്ല. മഴക്കാലത്ത് പൊട്ടിപൊളിഞ്ഞ് പോകുന്നുണ്ട്. സമയാ സമയങ്ങളിൽ അറ്റകുറ്റ പണികൾ നടത്താറില്ല.



ഒന്നും രണ്ടും വാർഡുകളെ തിരികുന്ന വെട്ടൂർ പാങ്ങാൻ റോഡു ടാർ ചെയ്യുന്നതിനു വേണ്ടി നൂറോളം വരുന്ന സന്നദ്ധസംഘം രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. സർക്കാരിൽനിന്നും എത്രയും വേഗം നടപടി അനുകൂലമായി ഉണ്ടാകണം.

### *റയിൽ ഗതാഗതം*

5 കി. മീ. റയിൽ ഗതാഗതം ഈ പഞ്ചായത്തിലുണ്ട്. റെയിൽവേ സ്റ്റേഷൻ ഈ പഞ്ചായത്തിലില്ല. ജനങ്ങൾ വർക്കല റെയിൽവേ സ്റ്റേഷനെയാണ് മുഖ്യമായി ആശ്രയിക്കുന്നത്.

### *ജലഗതാഗതം.*

പഞ്ചായത്തിൻെറ പണിഞ്ഞാറ് ഭാഗത്തു കൂടി കടന്ന് പോകുന്ന റ്റീ. എസ്. കനാൽ മുൻപ് ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ജലഗതാഗത മാർഗ്ഗമായിരുന്നു. എന്നാൽ ഇന്ന് ഈ തോടിൻെറ രണ്ട് കരകളും കയേറ്റക്കാരുടെ സമ്മർദ്ദത്താലും അധികാരികളുടെ അവഗണനയാലും തീരെ ഗതാഗതയോഗ്യമല്ലായി തീർന്നിരിക്കുന്നു എന്ന ദുഖ സത്യം എടുത്ത് പറയാതെയിരിക്കാൻ വയ്യ. അധികാരികൾ കർശനമായ നിയമ നടപടികലുലൂടെ ഈ കനാൽ ഗതാഗത യോഗ്യമാക്കിതീർക്കണം.

### *ബസ്സ് സ്റ്റാൻറുകൾ*

വിളബ്ഭാഗം മാർക്കറ്റിൽ ജംഗ്ഷനിൽ മാത്രമേ ഒരു ചെറിയ ബസ്റ്റാൻറ് പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗതാഗതത്തിരക്കുള്ള പുന്തൻ ചന്ത ജംഗ്ഷനിൽ പുത്തനചന്തൻ കടയ്ക്കാവൂർ റോഡ് സൈഡിലും പുത്തൻചന്ത വർക്കല റോഡ്സൈഡിലും ഓരോ ബസ്റ്റാൻറുകൾ സ്ഥാപിച്ച് ജംഗ്ഷനിലെ ഗതാഗത കുരുക്കിന് സ്ഥായിയായ പരിഹാരം കാണേണ്ടതാണ്. പുത്തൻ ചന്ത ജംഗ്ഷനിൽ യാത്രക്കാരുടെ സൗകര്യാർത്ഥം ഒരു പബ്ളിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. ഇതിനുവേണ്ടി പുത്തൻ ചന്ത താഴെ വെട്ടൂർ റോഡിൽ റെയിൽവേ പാലത്തിനു സമീപമുള്ള പുറപോക്കു ഭൂമി ഉപയോഗിക്കാം. പുത്തൻ ചന്തയിലെ ഓട്ടോസ്റ്റാൻറ് സമീപമുള്ള സ്കൂളിലെ പിഞ്ച് വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് ഈ ഓട്ടോസ്റ്റാൻറ് മാറ്റി സ്ഥാപിക്കണം.

കയറ്റാഫീസ് പുതിയ റോഡു ജംഗ്ഷൻ, കള്ളുഷാപ്പ് ജംഗ്ഷൻ, ഓടിട്ടകട ജംഗ്ഷൻ, പ്ലാവഴികം, താഴെ വെട്ടൂർ ജംഗ്ഷൻ, ചുമടു താങ്ങി ജംഗ്ഷൻ എന്നി സ്ഥലങ്ങളിൽ വെയ്റ്റിഗ് ഷെഡുകൾ നിർമ്മിക്കണം.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ-*

മരക്കടമുക്ക് മൂന്നുമുക്ക് റോഡ് റി-ടാർ ചെയ്യണം. വളരെയധികം ജനസഞ്ചാരമുള്ള ഒരു റോഡാണ് ഇത്. പുത്തൻ ചന്ത കടയ്ക്കാവൂർ റോഡും, വർക്കല കല്ലമ്പലം റോഡും തമ്മിൽ യോചിപ്പിക്കുന്ന ഒരു ലിങ്ക് റോഡാണിത്.

വെട്ടൂർ- ചെറുന്നിയൂർ വില്ലേജാഫീസിൻെറ മുൻ ഭാഗത്തും നിന്നും റെയിൽവേ ലൈനിൽ എത്തുന്ന റോഡ് ഗതാഗതയോഗ്യമാക്കണം. ഈ റോഡിൻെറ ഇരു വശത്തുമുള്ള പുരയിടക്കാർ റോഡു അതിക്രമിച്ച് കയ്യേറി. റോഡിൻെറ വീതി കുറഞ്ഞിരിക്കുകയാണ്. ഈ റോഡിന് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം. ഏകദേശം 800 മീറ്ററോളം നീളം ഈ റോഡിനുണ്ട്. പഴയ അയന്തി പാലം പൊളിച്ച്മാറ്റി വിളപ്പിൽ സ്കൂളിലേയ്ക്ക് പോകാൻ വേണ്ടത്ര സ്വകര്യം ലഭിക്കമാറ് അയന്തി വിളപ്പിൽ റോഡ് പുതുക്കി പണിയണം. വെട്ടൂർ വിള പനമൂടിൽ നിന്നും തുടങ്ങുന്ന വെട്ടൂർ എച്ച് എസ്. റോഡ്, തെങ്ങറ റോഡ് വെട്ടൂർ സമദ് റോഡിൽ ചെന്ന് ചേരത്തക്ക വണ്ണം റോഡിൻെറ വീതി കൂട്ടുകയും ടാർ ചെയ്യുകയും വേണം. പുന്ന കൂട്ടം ചുമടു താങ്ങി റോഡ് വീതി കൂട്ടി ടാർ ചെയ്യണം. പുത്തൻ ചന്ത പനമൂട് ചുമടുതാങ്ങി റിപ്പയർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

പത്മ ഭവൻ ഊറ്റുകുഴി റോഡ് അടിയന്തിരമായി ടാർചെയ്തു സഞ്ചാര യോഗ്യമാക്കുക.

വിളബ്ഭാഗം റ്റി.എസ് കനാൽ റോഡ് ടാർ ചെയ്യുക.

വേടൻ വിളാകം റോഡ് സഞ്ചാരയോഗ്യമാക്കുക

വിളബ്ഭാഗം ഗവൺമെൻറ് എൽ.പി.എസ് മൗണ്ടൻ ഇടവഴി റോഡ് ആക്കി മാറ്റുക.

പുത്തൻവിള വിളബ്ഭാഗം ഇടവഴി റോഡ് ആക്കി മാറ്റുക

പൂടൻവിള കല്ലുവിള ഇടവഴികൾ സഞ്ചാരയോഗ്യമാക്കുക

ഊറ്റുകുഴി റാത്തിക്കൽ റോഡു ടാർ ചെയ്യുക

സങ്കേതുവിള റ്റി.എസ് കനാൽ റോഡ് ടീ ടാർ ചെയ്യുക

ഗവൺമെൻറ് എൽ.പി.എസ് വിളബ്ഭാഗം റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക

വർക്കല റ്റി. എ. സമദ് റോഡ് വഴി ഒന്നാം പാലം വഴിയുള്ള ബസ്സ് സർവീസ് പുനസ്ഥാപിക്കണം. കല്ലിൽ റോഡ് ഓടകെട്ടി ടാർ ചെയ്യണം. ചരുവിള -കയറ്റാഫീസ് മണ്ടൂർ റോഡ് അറ്റകുറ്റപണി ചെയ്ത് ഗതാഗതയോഗ്യമാക്കണം.

ഈ ഗ്രാമത്തിൻെറ സമ്പൂർണ്ണ വികസനം പ്രധാനമായും ഗതാഗത സൗകര്യത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഗ്രാമങ്ങളിൽ ഉത്പാദിക്കുന്ന ഉത്പ്പന്നങ്ങൾ പട്ടണങ്ങളിലെ കമ്പോളങ്ങളിലേയ്ക്ക് കോണ്ട് പോകുന്നതിനും, നാട്ടിൻ പുറത്തെ സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം, ചികിൽസ തുടങ്ങിയ പ്രധാന ആവശ്യങ്ങൾക്കും ഈ ഗതാഗത സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. ആയതിനാൽ പഞ്ചായത്തിൻെറ പൊതുവായ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ മുൻഗണന നൽകേണ്ടതാണ്.

മണ്ടൂർ റോഡു, നേതാജി,റോഡ്, എരിക്കുവിള റോഡ്, പെരിയൻ വിളാകം റോഡ്, ചൂത്തരകുടി റോഡ് തുടങ്ങിയവ അറ്റകുറ്റപണി ചെയ്ത് ഗതാഗതയോഗ്യമാക്കണം. കണ്ണൻവിളാകം ഇടവഴി, മുളകുന്നവിള ഇടവഴി എന്നിവ സഞ്ചാരയോഗ്യമാക്കണം.

ഓടിട്ട കട - വാറഴികം റോഡ്, മുനികുന്നു റോഡ്, അപ്പൂപ്പൻനട, വലയൻറ്കുഴി റോഡ് എന്നി റോഡുകൾ സഞ്ചാരയോഗ്യമാക്കണം. മുനികുന്നിലേയ്ക്ക് ഉള്ള നടപാത പടികെട്ടണം. പുതിയതായി നിർമ്മിച്ച ആശാൻ മെമ്മോറിയൽ അഴുക്കൻ വിള റോഡ് സഞ്ചാരയോഗ്യമാക്കണം. സങ്കേത്വിള വലയൻറ്കുഴി റോഡ് പി. ഡബ്ളിയുഡി പനച്ചിയിൽ പൊട്ടൻകുഴിറോഡ്, വെന്നികോട്

വെന്നികോട് വലയൻെറകുഴി എൽ.പി.എസ് ലേയ്ക്ക് ഉള്ള റോഡ് ഇവ ടാർ ചെയ്യണം. ചേമ്പ് പണചക്കാരക്കുന്ന് ഇടവഴി സഞ്ചാരയോഗ്യമാക്കണം. കളിയിലിൽ സ്റ്റെപ്പ്കെട്ടി സഞ്ചാര യോഗ്യമാക്കണം.

വിളബ്ഭാഗം റ്റി.എസ്. കനാൽ റോഡ് ടാർ ചെയ്യണം. അരിവാളത്ത് റ്റി.എസ് കനാലിന് കുറുകെ പാലം കെട്ടണം. മത്സ്യതൊഴിലാളികൾ വളരെയധികം ഉപയോഗപ്പെടുത്തുന്ന ഒരു പാലമാണ് ഇത്. ഇവിടെ മുൻപ് ഉണ്ടായിരുന്ന പാലം തകർന്ന് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. കൂന്താണി റോഡ് നിർമ്മാണം പൂർത്തിയാക്കണം. തീരദേശറോഡ് അറ്റുകറ്റ പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കണം. തുരപ്പിൽ മുകളിൽ നിന്നും തുടങ്ങി റ്റിയെസ് കനാലിൻെറ ഇരുവശങ്ങളിൽ കൂടിയുള്ള റോഡ് ഗതാഗതയോഗ്യമാക്കണം. കനാലിൻെറ ഇരുകരകളും കെട്ടി മണ്ണൊലിപ്പ് തടയണം.

അയന്തിയിൽ നിന്നും കയറ്റാഫീസുവരേയും കയറ്റാഫീസിൽ നിന്ന് പടിഞ്ഞാറ് തീരദേശം വരേയുമുള്ള ടാർ ചെയ്തിട്ടുള്ള വെട്ടൂർ ആശാൻ റോഡും അതിനോട് ചേർന്നിട്ടു ള്ള ഉപ റോഡുകളായ പിണക്കവിള റോഡ് തോപ്പിൽ റോഡ്, മീനാംകുഴിറോഡ്, മീനാംകുഴി തോപ്പിൽ റോഡ്, വൈദ്യശാല ഇളപ്പിൽ റോഡ്, നെടുവയിൽ റോഡ്, ഗാന്ധിജി റോഡ്, സൊസേറ്റി മുക്ക് ആശാൻ റോഡ്, അയ്യപ്പവിള റോഡ് തുടങ്ങിയവയാണ്. ഈ റോഡുകൾക്ക് 25 വർഷത്തെ പഴക്കമുണ്ട്. ഇവയിൽ പലതും പണ്ട് പഞ്ചായത്ത് വെട്ടിയ റോഡുകളാണ്. ഈ റോഡുകളെ കുറിച്ച് സൂചിപ്പിച്ചാൽ മഴക്കാലത്ത് കുത്തിയൊഴികി വരുന്ന മഴവെള്ളം ഈ റോഡുകളെ ഗതാഗത യോഗ്യമല്ലാതാക്കിതീർത്തിരിക്കുകയാണ്. ഈ റോഡുകൾ പഞ്ചായത്ത് ഇടപെട്ട് ജനസഞ്ചാര യോഗ്യമാക്കിതീർക്കണമെന്നും നാട്ടുകാരും വഴിയാത്രക്കാരും സ്ഥിരമായി ആവശ്യം ഉന്നയിച്ച് വരുകയായിരുന്നു. വളരെ പ്രധാനപ്പെട്ട ഈ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് അറ്റകുറ്റപണികൾ തീർത്ത് ഗതാഗത യോഗ്യമാക്കി തീർക്കേണ്ടത് ആത്യാവശ്യമാണ്. പൊന്നൻ വിളാകം അരിവാളം റോഡ് ടാർ ചെയ്യണം. ഉടയാൻകുഴി റോഡ്, വിളബ്ഭാഗം കാണൻറഴികം അരിവാളം റോഡ്, പനച്ചിയിൽ പൊട്ടൻകുഴി റോഡ്, കാക്കകുഴി റോഡ് ഉപ്പാടം റോഡ് എന്നിവ ടാർ ചെയ്യണം. റ്റി.എ. സമദ് റോഡ് ഓടകെട്ടി റീ ടാർ ചെയ്യണം. മാത്തൻവിള കാട്ടുപനച്ച അയനിക്കുഴി ഇടവഴി റോഡ് വെട്ടി സഞ്ചാരയോഗ്യമാക്കണം.

## *പൊതുഅഭിപ്രായം*

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങൾ സംയോജിപ്പിക്കുന്ന ഒരു ഗതാഗത ശൃംഖലയ്ക്ക് രൂപം നൽകേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയ്ക്കുമുള്ള അപ്രോച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കണം. ഈ പഞ്ചായത്തിൽ കൂടി കടന്ന് പോകുന്ന റ്റി.എസ് കനാൽ പുനർനിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കണം. പുന്നക്കൂട്ടത്ത് നിന്നും വെട്ടൂർ ഏലായിൽ എത്തിച്ചേരുന്ന പഞ്ചായത്ത് വക നാശമായി ക്കിടക്കുന്ന പാറുവിള റോഡ് വെട്ടൂർ ഏലാ വരെ പുനരുദ്ധരിച്ച് ഏലായിൽ എത്തിച്ചേരുന്നതിനുവേണ്ടി ഒരു നടപ്പാലം തോടിന് കുറുകേ കെട്ടി വെട്ടൂർ എച്ച്.എസ്. റോഡിൽ എത്തിക്കണം.

മാര്യത്ത് ഇടവഴി സഞ്ചാരയോഗ്യമാക്കണം. പുതുതായി വെട്ടിയ മണ്ടാടു മുതൽ റയിൽവേ ലൈൻ വരെയുള്ള അരകിലോ മീറ്ററിലധികം വരുന്ന "അയണിവിള" റോഡിൻെറ ഇടയ്ക്കുള്ള തടസ്സം നീക്കി പൂർണ്ണമായും ഗതാഗതയോഗ്യമാക്കണം.

പുത്തൻ ചന്ത കടയ്ക്കാവൂർ റോഡിൽ പുത്തൻ ചന്ത ജംഗ്ഷൻ മുതൽ അയന്തിപാലം

വരെ റോഡിൻെറ ഇരുവശങ്ങളിലും ഓടകെട്ടി അഴുക്കുജലം ഒഴുക്കി കളയാനുള്ള സംവിധാനം ഉണ്ടാക്കണം. യാത്രക്കാർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു മേഖലയാണ് ഇത്.

### ടാർ റോഡുകൾ

1 പുത്തൻചന്ത -റ്റി.ബി. റോഡ്
2. മാടൻ നട റോഡ്
3. ചുമടട്താങ്ങി- റ്റി. ബി. റോഡ്.
4. വെട്ടൂർ- ആശാൻ റോഡ്
5. സങ്കേതവിള - റ്റി.എസ്. കനാൽ റോഡ്.
6. വിളബ്ഭാഗം - കല്ലുകടവു റോഡ്
7. അമ്മൻനട റോഡ്
8. ശാരദാ ഓയിൽമിൽ - കണ്ണേറ്റിൽ റോഡ്ഞണ
9. വലയൻറകുഴി - കഴുത്തുംമൂട് റോഡ്.

### മെറ്റൽ റോഡുകൾ

10. കല്ലിൽ റോഡ്
11. സങ്കേതുവിള വലയൻറകുഴി
12. മുനിക്കുന്നു ഒ.എൽ.എച്ച.എസ്. റോഡ്

### മൺറോഡുകൾ

13. പുന്നക്കൂട്ടം - ചിറ്റിലക്കാട് റോഡുകൾ
14. മൂപ്പക്കുടി റോഡ്
15. പി.എസ്. റോഡ്
16. പാങ്ങാൽ റോഡ്. (കളിയിൽ റോഡ്)
17. തെങ്ങറ റോഡ്.
18. കുംഭക്കാടു റോഡ്
19. ഹാജി ഇസ്മയിൽ റോഡ്
20. അയ്യപ്പിള റോഡ്
21. തോപ്പിൽ റോഡ്
22. നേതാജി റോഡ്
23. പിണക്കവിള റോഡ്
24. മീനാംകുഴി റോഡ്
25. സൊസൈറ്റിമുക്ക് - ആശാൻറോഡ്
26. നെടുവയൽ റോഡ്
27. വിളബ്ഭാഗം ചന്തറോഡ്
28. അരിയിട്ടകുന്ന് കാക്കകുഴി റോഡ്
29. ഉടയാൻകുഴി റോഡ്
30. S.N.V ആര്യവൈദ്യശാല - കുന്നിൽ വാറഴികം
31. പഞ്ചായത്താഫീസ് - ചെറുന്നിയൂർ
32. ചെന്നിക്കര തൊടിറോഡ്
33. വിളബ്ഭാഗം - കാണൻറഴിക
34. വിബ്ഭാഗം - പനച്ചയിൽ
35. പത്മഭവൻ - ഊറ്റുകുഴി
36. ഗാന്ധിജി റോഡ്
37. മീനംകുഴി - തോപ്പിൽ റോഡ്
38. വെട്ടൂർ - കൂന്താണി റോഡ്
39. കളരിയിൽ റോഡ്
40. പൊതിവിളാകം റോഡ്
41. വലയൻറകുഴി - എൽ.പി.എസ്. റോഡ്
42. അക്കരവിളാകം റോഡ്
43. കുന്നിൽ ചരുവിള റോഡ്
44. കെട്ടിടത്തിൽ ഇടവഴി
45. കോതവിളാകം ഇടവഴി
46. മീനാംകുന്ന് ഇടവഴി
47. അഴുക്കൻവിള ഒ എൽ. എച്ച്. എസ്.
48. അമരിവിളറോഡ്
49. മുളകുന്നുവിളറോഡ്
50. ലക്ഷംവീട് - കഴുത്തുംമൂട് റോഡ്
51. വൈദ്യശാല - ഇളപ്പിൽ
52. വെട്ടൂർ കാട്ടുവിള ഒ. എൽ. എച്ച്. എസ്.
53. പുത്തൻ ചന്ത - ഇളപ്പിൽ
54. പഞ്ചായത്താഫീസ് - വലിയവിള
55. ചിറ്റിലക്കാട് റോഡ്
56. വിളഭാഗം കാക്കകുഴി
57. ചക്കരകുന്ന് റോഡ്
58. പൊന്നൻവിളാകം - അരിവാളം
59. വിളബ്ഭാഗം - എൽ.പി.എസ്. റോഡ്.
60. മൗണ്ട്മുക്ക് - ഊറ്റുകുഴി റോഡ്
61. വങ്കിൽ - ചെറുമൺ
62. ലക്ഷ്മി വിലാസം - ഊറ്റുകുഴി
63. പണയിൽ - വലയൻറകുഴി - വെന്നിറോഡ്

64. വലയൻറകുഴി - L.P.S.- കോട്ടവിള റോഡ്
65. വെന്നിക്കോട് മുനിക്കുന്നു റോഡ്
66. റ്റി. ബി. ജംഗ്ഷൻ - കാട്ടിൽ റോഡ്
67. പേഴുവിള - റാത്തിക്കൽ റോഡ്
68. വേടൻവിളാകം ഇടവഴി റോഡ്
69. പനച്ചയിൽ പൊട്ടൻകുഴി
70. പ്ലാവഴികം പറമ്പിൽകുന്ന് - അരിവാളം.
71. ഉദയനഗർ - അമ്മൻ നട റോഡ്
72. കല്ലുവിള റോഡ്
73. പുത്തൻവിള - വിളബ്ഭാഗം
74. S.N.V വൈദ്യശാല അമ്മൻ കോവിൽ
75. പൊട്ടൻ കുഴി തൊടിയിൽ ഏലാ റോഡ്
76. ആശാൻ മെമ്മോറിയൽ സ്കൂൾ - അഴുക്കൻവിള
77. ചരുവിള റോഡ്.



# ഊർജ്ജം

ഒരു പ്രദേശത്തിൻെറ ഊർജ്ജസ്രോതസ്സ് സമ്പന്നമായിരുന്നാൽ മാത്രമേ അവിടത്തെ സമസ്ഥ വികസങ്ങൾക്കും സാദ്ധ്യമാകു.

പഞ്ചായത്തിലെ ജനങ്ങൾ 4 ആവശ്യങ്ങൾക്കായി ഊർജ്ജം ഉപയോഗിക്കുന്നു.

## 1.ഗാർഹികം.

പഞ്ചായത്തിലെ ബഹു ഭൂരിഭാഗവും വിറകിനെ ആശ്രയിച്ചാണ് കഴിഞ്ഞുവരുന്നത്. എന്നാൽ പാചക വാതകം ഉപയോഗിക്കുന്നവരും എണ്ണത്തിൽ കുറവല്ല. പാചക വാതകത്തിനെ ആശ്രയിക്കാൻ കാരണമായി ചൂണ്ടിക്കാണിക്കുന്നത് വിറകിൻെറ ദൗർലഭ്യമാണ്. ബയോഗ്യാസ് പ്ലാൻറ് രണ്ടണ്ണം ഉണ്ടായിരുന്നു. എന്നാൽ ഒരെണ്ണം മാത്രമേ പ്രവർത്തനമുള്ളു. ഇവ തന്നെ പാചകാവശ്യ ത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്. വീട് വയ്ക്കുന്നതുകൊണ്ടും മറ്റ് ആവശ്യങ്ങൾക്കു വേണ്ടിയും ധാരാളം മരങ്ങൾ മുറിച്ച് മാറ്റുന്നത് കൊണ്ടാണ് വിറകിന് ദൗർലഭ്യ നേരിടുന്നത്. ഇന്നുള്ള ഏക ആശ്രയം പ്രധാനമായും തെങ്ങ് തന്നെയാണ. പശുവിനെ വളർത്തുന്ന ധാരാളം കർഷകർ ഉണ്ട്. ശരിയായ അറിവില്ലായ്മ മൂലമാണ് കർഷകർ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാത്തത്.

ശരിയായ സാങ്കേതിക ജ്ഞാനവും ആവശ്യത്തിന് സാമ്പത്തിക സഹായവും നൽകിയാൽ ചുരുങ്ങിയത് 50 കുടുംബങ്ങളിലെങ്കിലും ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ച് ജനോപകാരപ്രദമാക്കാൻ കഴിയുന്നതാണ്. ഇതുപോലെ വളരെ പ്രാധാന്യമുള്ളതാണ് വൈദ്യുതി പ്രശ്നം . സന്ധ്യയായാൽ ഓൽട്ടേജ് ക്ഷാമം അതിരൂക്ഷമാകുന്ന ഒരു പ്രതിഭാസമാണ് കണ്ടുവരുന്നത്. കൂടാതെ അപ്രഖ്യാപിത കറൻട് കട്ടും ദിനചര്യയാണ്. ഇതു ശരിക്കും വിദ്യാഭ്യാസത്തെ പ്രതികൂലമായം ബാധിക്കുകയും കുട്ടികൾക്ക് ഏക ആശ്രയമായി കിട്ടുന്നത് മണ്ണെണ്ണ വിളക്കാണ്.

ഈ പ്രതികൂല സാഹചര്യം കാരണം കണ്ണ് സംബന്ധമായ രോഗങ്ങളും റിപ്പോട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതിനെ പരിഹരിക്കാനായി ഓൽട്ടേജ് ക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും സൗരോർജ്ജ റാന്തലുകൾ വളരെ കുറഞ്ഞ നിരക്കിൽ കാർഡുടമകൾക്ക് കൊടുക്കുകയും എൽ.പി.ജി. ഗ്യാസ് ഏജൻസികൾ കൂടുതലായി പഞ്ചായത്തിനു നൽകിയാൽ ഏറെകുറെ ഗാർഹിക ഊർജ്ജക്ഷാമം പരിഹരിക്കാൻ കഴിയും.

## കാർഷികം

കാർഷികോർജ്ജത്തെ കുറച്ച് ചുണ്ടിക്കാണിച്ചാൽ ധാരാളം കർഷകർ പമ്പു സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയെല്ലാം വീട്ടു പറമ്പിലെ കൃഷിക്കാണ് ഉപയോഗിക്കുന്നത്. ഇങ്ങനെ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നത് കൊണ്ട് തെങ്ങ് കൃഷിയ്ക്ക് വളരെ പ്രയോജനം ചെയ്യുന്നുണ്ട്.

## വാണിജ്യം

വാണിജ്യപരമായി വെദ്യുതി ഉപയോഗിക്കുന്ന 9 റൈസ് മില്ലുകളാണുള്ളത് കയർ മേഖലയിൽ പ്രവർത്തിക്കുന്ന പിച്ചുമില്ലുകൾ 6 എണ്ണം വെട്ടൂർ പഞ്ചായത്തിലുണ്ട്.

വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 5 തടി മില്ലുകളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയെല്ലാം പ്രവർത്തിപ്പിക്കുന്നതു പോലെ ഗാർഹികമായും ത്രീഫെയ്സ് കണക്ഷൻ നൽകിയാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും.

തിരമാലയിൽ നിന്നും വൈദ്യുതിയുല്പാദിപ്പിക്കാൻ കഴിയുന്ന സൗകര്യപ്രദമായ പഞ്ചായത്താണ്, വെട്ടൂർ പഞ്ചായത്ത്. ഇത് ശരിയായ വിധം നടപ്പിലാക്കിയാൽ വൈദ്യുതിക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

കാറ്റിൽ നിന്നും വൈദ്യുതിയുല്പാദിപ്പിക്കാൻ കഴിയുന്ന പ്രദേശമാണ് മുനിക്കുന്ന്. ഈ പദ്ധതിയും ശരിയായി വിനിയോഗിച്ചാലും വൈദ്യുതിക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ 12000 -ൽ പരം സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുകയും അതോടൊപ്പം 9 വാർഡുകളേയും ഉൾപ്പെടുത്തി ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വേണം. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലായി 100 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. സർക്കാർ ഉടമസ്ഥതയിൽ എൽ.പി. ജി. ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കണം.

പഞ്ചായത്തിൽ ഗാർഹികമായി 4186, വ്യാപാരിടിസ്ഥാനത്തിൽ 679 വ്യാവസായികാടിസ്ഥാനത്തിൽ 30, കാർഷികാടിസ്ഥാനത്തിൽ 25 -ഉപഭോക്താക്കളുണ്ട്. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം യഥാക്രമം.

Ordinary .................... 205
OTP .............................. 5
OYEC ........................... 9

വൈദ്യുതി ബോർഡിന്റെ വർക്കല ബ്രാഞ്ചിൽ നിന്നും ലഭിച്ച കണക്കു പ്രകാരം

| | |
|---|---|
| 100W ബൾബുകൾ | 51 |
| 40W ബൾബുകൾ | 170 |
| ട്യൂബുകൾ | 107 |
| മെർക്കുറി വേപ്പർ ലാമ്പുകൾ | 20 |
| സോഡിയം വേപ്പർ ലാമ്പുകൾ | 12 |

മുനിക്കുന്ന് ഹരിജൻ കോളനി വൈദ്യുതികരിച്ചിട്ടുണ്ട്. അതിൽ 45 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ഇതിൽ തന്നെ സൗജന്യനിരക്കിൽ 38 പേരും, പണം നല്കി 7 പേരും വൈദ്യുതി വിളക്കുകളും പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിൽ 14 എൽ.റ്റി. ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ട്. കയറ്റാഫീസ് ഊറ്റുകുഴി, മൗണ്ട് റോഡ്, നെടുങ്ങണ്ട, വിളബ്ഭാഗം,. ആശാൻ മെമ്മോറിയൽ, മേൽവെട്ടൂർ, കല്ലുമലക്കുന്ന്, അമ്മൻകോവിൽ, പുത്തൻചന്ത, മരക്കട, ഇളപ്പിൽ, റാത്തിക്കൽ നം.2 എന്നിവിടങ്ങളിലാണ്.

## *ഗ്രാമസഭാ, നിർദ്ദേശങ്ങൾ*

1. വോൾട്ടേജ് ക്ഷാമം പരിഹാരത്തിനായി സിങ്കിൾ ഫയിസ് ത്രീഫയസ്സ് അകുക.
2. ഉൽപ്പാദന ക്ഷമതയുള്ള 3 ട്രാൻസ് ഫാമറുകൾ സ്ഥാപിക്കുക
3. കൂടുതൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക
4. കാട്ടുവിള ലക്ഷംവീട് കോള്നിയിൽ പുതിയതായി വൈദ്യുതികരിക്കുക
5. പുതിയതായി വെട്ടിയ അയണി വിള റോഡ് വൈദ്യുതികരിക്കുക
6 സൗരോർജ്ജ പദ്ധതി നടപ്പിലാക്കണം.
7. തിരമാലയിൽ നിന്നു കറണ്ട് ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കണം.
8. എൽ.പി. ജു. ഗ്യാസ് ബോട്ടലിഗ് പ്ലാന്റ് നിർമ്മിക്കണം.
9. എൽ.പി.ജി ഗ്യാസ് ഏജൻസി ലഭ്യമാക്കണം.
10. സോഡിയം ലാംബുകൾ സ്ഥാപിക്കുക.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വലയൻകുഴി, മുനിക്കുന്ന് എന്നിവിടങ്ങളിലായി 2 പട്ടികജാതി കോളനികൾ നിലവിലുണ്ട്. കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ തീരെ ഇല്ല. വാർത്താവിനിമയ സംവിധാനങ്ങൾ കോളനിയിൽ ഇല്ല. ഇവരിൽ കൂടുതൽ പേരും കൽപ്പണി, ചുമട് ചുമക്കൽ മറ്റുള്ള കൂലി പണികൾ എന്നീ വരുമാന മാർഗ്ഗങ്ങളിലൂടെയാണ് ഉപജീവനം നടത്തുന്നത്. നിരക്ഷരർ ധാരാളം ഉണ്ട്. ഇവരുടെ കുട്ടികൾ കൃത്യമായി സ്കൂളിൽ പോകാറില്ല. ജയിച്ച് പഠനം തുടരുന്ന വിദ്യാർത്ഥികൾ 227 ഉം തോറ്റ് പഠനം തോറ്റ് പഠനം തുടരുന്നവർ 79 ഉം ആണ്. ഈ വിഭാഗങ്ങളിൽ നിന്നും പൊതുരംഗത്തും പ്രവർത്തിക്കുന്നവർ 10 - ൽ താഴെ മാത്രമാണ്. സാമൂഹികമായ ഉച്ചനീചത്വങ്ങൾ വിവിധ രൂപത്തിൽ നിലവിലുണ്ട്. ജാതിപറഞ്ഞ് വിളിക്കുന്ന രീതി കുറവാണെങ്കിലും നിലവിലുണ്ട്. ദരിദ്ര കുടുംബങ്ങൾ ധാരാളം ഉണ്ട്. ചില കുടുംബങ്ങൾക്ക് പണം ലഭിക്കുന്നുണ്ടെങ്കിലും ശരിയായ അറിവില്ലായ്മ മൂലം പണം ദുരുപയോഗപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നും ഇവർക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങൾ ഇടവിലക്കാർ തട്ടിയെടുക്കുന്നു. സർക്കാരിൽ നിന്നുള്ള വിവിധ സഹായങ്ങളെപ്പറ്റി കൂടുതൽപ്പേർക്കും അറിവില്ല. ഇവർക്കിടയിൽ വിവിധ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്.

യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതി വേണം. ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായങ്ങൾ ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം. വീടില്ലാത്തവർക്ക് വീടു നിർമ്മിച്ച് നൽകണം. ഭൂമിയില്ലാത്തവർക്ക് 4 സെൻറ് ഭൂമി വീതം പതിച്ചു നൽകണം. ഇവർക്കായി മാത്രം പ്രത്യേകം പ്രീപ്രൈമറി, നഴ്സറി വിദ്യാലയങ്ങൾ വേണം. 5-ാം വാർഡിൽ 50- ഓളം ഭൂരഹിതർക്ക് ഭൂമി നല്കണം. എല്ലാ വീടുകളിലും വൈദ്യുതി സൗജന്യമായി എത്തിക്കണം. ടി. വി. സെറ്റുകൾ, റേഡിയോ മുതലായവ സൗജന്യ നിരക്കിൽ നല്കണം. കോളനികളിലെ ശുചിത്വമില്ലായ്മ മൂലം ധാരാളം പരിതസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നു. ആഴ്ച തോറും വിവിധ സർക്കാർ വകുപ്പുകൾ കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. വയോജന വിദ്യാഭ്യാസം ശരിയായ വിധത്തിൽ നല്കണം. ഉപരിപഠനത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും, വിവാഹത്തിനും, ചികിത്സക്കും വിവേചനാധികാരം ഉപയോഗിച്ച് സഹായം നല്കണം. കോളനികളിൽ അല്ലാതെ വസിക്കുന്ന പട്ടികജാതിക്കാർക്ക് വീട് പുനരുദ്ധരിക്കുന്നതിന് സഹായം നല്കണം. ഓലകെട്ട്, ചുവരുകൾ നന്നാക്കൽ, കിണറു കുഴിക്കൽ മുതലായവ. 5 സെൻറിൽ താഴെ ഭൂമിയുള്ളവർക്കും കിണർ കുഴിക്കുന്ന ധനസഹായം നല്കുന്നതിനു

പുറമേ സർക്കാർ ടാപ്പുകൾ വീടുകളിൽ സ്ഥാപിക്കണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ നല്കുന്നതിന് പ്രത്യേക പരിപാടി ഉണ്ടാക്കണം.
2. പട്ടികജാതിക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം.
3. ഈ പ്രദേശത്ത് പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിനായി തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കണം.
4. പട്ടിക ജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതികൾ പഞ്ചായത്തു പ്രദേശത്ത് കാര്യക്ഷമമായി നടപ്പിലാക്കുക.
5. പട്ടിക ജാതി, പട്ടിക വർഗ്ഗത്തോട് ചിലർ വച്ചു പുലർത്തുന്ന മാനസികമായ അസ്പർശത ഇല്ലാതാക്കാൻ ബോധവത്ക്കരണം ആവശ്യമാണ്.

■ ■ ■ ■ ■ ■

# വനിതാക്ഷേമം

വികസനമേഖലയിലെ മുരടിപ്പിന് പ്രധാന മായ കാരണം സ്ത്രീപങ്കാളിത്തത്തിൻെറ കുറവാണ്. അവരുടെ ക്ഷേമവികസനം പരമ പ്രധാനമാണ്. "അബല" എന്ന പരാമർശം ആധു നിക സ്ത്രീകൾക്ക് അപമാനമാണ്. എല്ലാമേഖലകളിലും സ്ത്രീകൾ കടന്നുവരുന്നു എങ്കിലും സ്ത്രീപീഢനവും സ്ത്രീധന സമ്പ്രദായമെന്ന അപരിഷ്കൃതമായ തിന്മയും ഇന്നും ഒരു തുടർക്കഥയായി തുടരുന്നു. സ്ത്രീധനനിരോധന നിയമങ്ങൾക്ക് കൂടുതൽ വ്യക്തതയും ദൃഢതയും നല്കണമെന്നും, സ്ത്രീധന സമ്പ്രദായത്തി നെതിരാ യി പഴുതുകൾ ഇല്ലാത്ത നിയമങ്ങൾ നിർമ്മിക്കുകയും, ജനങ്ങൾക്കിടയിൽ കരുത്തേറിയ ഒരു സാമൂഹ്യബോധവല്കരണം പഞ്ചായത്ത് തല ത്തിൽ സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നേതൃത്വം നല്കണം. ഒരു സമൂഹത്തിൻെറ പ്രാഥമികവും സാമ്പ ത്തിക ഘടക വുമാണ് കുടുംബം. ഇങ്ങനെയുള്ള കുടുംബത്തിലെ പ്രധാന കണ്ണിയാണ് സ്ത്രീകൾ. പുത്തൻതലമുറയെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്ക് വനിതകൾക്കാണ്. അതുകൊണ്ടു തന്നെ സ്ത്രീകൾ കുടുംബത്തിൻെറ ഐശ്വര്യവു മാണ്. എന്നിരുന്നാലും വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന ജോലികൾക്ക് കേരളത്തിൽ എന്നല്ല ലോകത്തൊരിടത്തും സാമൂഹ്യ അംഗീകാരമില്ല. ഈ പഞ്ചായത്തിലും ജനസംഖ്യയിൽ പുരുഷന്മാ രേക്കാൾ സ്ത്രീകൾ തന്നെ മുൻപന്തിയിൽ. (15359 പേർ). തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരിലും സ്ത്രീകൾ കൂടുതലാണ്. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്ത്രീകളിൽ കൂടുതലാണ്. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്ത്രീക ളിൽ ഭൂരിഭാഗം പേർക്കും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. തൊഴിൽ പങ്കാളിത്തത്തിൽ പുരുഷ ന്മാരേക്കാൾ പിന്നിലല്ല വനിതകൾ. വിദ്യാഭ്യാസ പരമായി സ്ത്രീകൾ മുൻപന്തിയിലാണെങ്കിലും ഈ പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ വിദ്യാഭ്യാ സത്തിന് മതിയായ പ്രാധാന്യം നല്കുന്നില്ല. ഉദ്യോഗസ്ഥദമ്പതികളുടെ കുടുംബത്തിൽ പോലും വീട്ടുജോലി സ്ത്രീകളുടെ ബാധ്യതയാ യിട്ടാണ് പുരുഷന്മാർ കാണുന്നത്. ഈ പ്രവണതയെക്കുറിച്ച് പുരുഷന്മാർക്ക് ബോധവ ല്കരണം നല്കുന്നതാണ് ഉചിതം. സാമ്പത്തി കമായി പിന്നോക്കം നില്ക്കുന്ന സാങ്കേതിക തൊഴിൽ പരിജ്ഞാനമുള്ള കുടുംബനാഥർക്കും സ്ത്രീകൾക്കും ഐ.ആർ.ഡി.പി. ലോൺ ലഭ്യമാക്കു ന്നതിനുള്ള നടപടി ദ്രുതപ്പെടുത്തേണ്ടതാണ്. വനിതകൾക്കായുള്ള സാമൂഹ്യവികസന സന്ദേശം പ്രചരിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഗ്രാമസേവകനെക്കൂടാതെ ഗ്രാമസേവികയെക്കൂടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിൽ വനിതകൾക്കായുള്ള ഒരു സന്നദ്ധ സംഘടന പ്രവർത്തിക്കുകയും, സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ സാമ്പത്തികമാ യി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ 125 വനിതകൾക്ക് സൗജന്യ തയ്യൽ പരിശീലനം നല്കിയിട്ടുണ്ട്. എന്നാൽ ഇതിനായി സർക്കാ രിൻെറ യാതൊരു വിധ സാമ്പത്തിക സഹാ

യവും നാളിതുവരെ ലഭിച്ചിട്ടില്ല. ഇങ്ങനെയുള്ള സന്നദ്ധസംഘടനകൾക്ക കാര്യക്ഷമമായ നേതൃത്വം പഞ്ചായത്തിൻെറ ഭാഗത്തുനിന്നുണ്ടാകുകയും, വനിതകൾക്ക് സാമൂഹ്യ അവബോധം ഉണ്ടാക്കുന്ന ബോധവല്കരണ സെമിനാറുകൾ നടത്തുകയും ചെയ്താൽ പൊതുപ്രവർത്തനങ്ങളിൽ ഇന്നുകാണുന്ന വനിതാ പങ്കാളിത്തത്തിൻെറ കുറവു ഒരു പരിധിവരെ മാറ്റിയെടുക്കുവാൻ കഴിയും. നിലവിലുള്ള പ്രവർത്തനരഹിതമായ വനിതാ സമാജങ്ങളെ പ്രവർത്തനോന്മുഖമാക്കി വനിതാക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോ ഗിക്കണം. എന്നാൽ ഇന്നുകാണുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രിയരംഗത്തെ മൂല്യചുതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും.

ഗ്രാമീണ വനിതകളിൽ നല്ലൊരു പങ് കയർവ വ്യവസായത്തിലും മത്സ്യവിപണന രംഗങ്ങളിലും പണിയെടുക്കുന്നവരാണ്. ചെറിയൊരു ശതമാനം സ്ത്രീകൾ കെട്ടിട നിർമ്മാണ പരിപാടിയു മായി ബന്ധപ്പെട്ടും മറ്റു കൂലിപ്പണികൾ ചെയ്തും ഉപജീവനം കഴിക്കുന്നു. വളരെ കുറച്ചു സ്ത്രീകൾ മാത്രമാണ് സർക്കാർ ജോലികളിൽ ബന്ധപ്പെട്ടിരിക്കുന്നത്. മേൽപ്പറഞ്ഞ കൂലിപ്പണിക്കാരായ സ്ത്രീകളുടെ ആരോഗ്യസ്ഥിത പരിതാപകരമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വനിതാക്ഷേമത്തിനായി നിരവധി പദ്ധതികൾ ആരംഭിക്കുകയും വളരെയധികം പണം ഇതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ശരിയായ ബോധവല്കരണം ഇല്ലാത്തതിനാൽ ഇത്തരം പരിപാടികളുടെ ഫലങ്ങൾ യഥാർത്ഥ ആളുകൾക്ക് ലഭിക്കുന്നില്ല. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ അംഗനവാടികളായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ദുർബ്ബലജനവിഭാഗങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് ഈ കേന്ദ്രങ്ങൾ. ഈ പഞ്ചായത്തിൽ പരമ്പരാഗതമായി കയർ വ്യവസായത്തിൽ ഏർപ്പെടുന്ന വനിതാ തൊഴിലാളികൾക്ക് മതിയായ കൂലി ലഭിക്കാത്തതിനാൽ പലരും ടി ജോലിയിൽ നിന്നും അകന്നു മാറുന്നതായി കാണുന്നു. തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്തില്ല. എന്നാൽ തയ്യൽ തൊഴിൽ പഠിച്ചു നില്ക്കുന്ന അനേകം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. ഗ്രാമങ്ങളിലെ വനിതകളെ സംഘടിപ്പിച്ച് കൃഷി വികസനത്തിന് പ്രാധാന്യം നല്കിക്കൊണ്ട് കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, ഗ്രാമവ്യവസായങ്ങളായ സോപ്പുനിർമ്മാണം, തേനീച്ച വളർത്തൽ, എണ്ണ വ്യവസായം, ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരി നിർമ്മാമം, കൂൺകൃഷി തുടങ്ങിയവയിൽ പരിശീലനം കൊടുക്കുന്നതിനും വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സംഘടനകൾ വഴിയും, സംസ്ഥാന വനിതാ കമ്മീഷൻ വഴിയും നേതൃത്വം കൊടുത്താൽ സ്വയം പര്യാപ്തമാകുന്ന ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ കഴിയും. കൂടാതെ ജവഹർ റോസ്കാർ യോജന നല്കുന്ന തൊഴിലവ സരങ്ങളിൽ 30% സ്ത്രീകൾക്കു മാത്രമായി മാറ്റിവ യ്ക്കപ്പെട്ടിട്ടുള്ളതിൽ അർഹരായ വനിതകളെ പഞ്ചായത്ത് തലത്തിൽ കണ്ടെത്തേണ്ട താണ്. ഇങ്ങനെയുള്ള വനിതാ ക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്യുകയും, സമൂഹത്തിൽ ന്യയമായും അർഹിക്കുന്ന മുൻഗണന നല്കുകയും, ചൂഷണ വിമുക്തമായ വിപണന സംവിധാനം പഞ്ചായത്തുകളിൽ തന്നെ നടപ്പിലാക്കുകയും ചെയ്താൽ വളരെയധികം വനിതകളെ സ്വയം പര്യാപ്തമാക്കാൻ കഴിയുന്നതാണ്.

വനിതകൾക്ക് മാത്രമായി സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ റെഡിമെയ്ഡ് ഗാർമെൻറ്സ് കരകൗശലുല്പ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കുക, പഞ്ചായത്തിലെ എല്ലാ വാർഡുകളേയും ഉൾപ്പെടുത്തി ചെറുകിട വ്യവസായ മേഖല തുടങ്ങുന്നതോടൊപ്പം കറിപൗഡർ നിർമ്മാണത്തിനായി ഫ്ലവർ മില്ല് സ്ഥാപിക്കുക, അച്ചാർ, ജാം, സ്കോഷ് എന്നിവ

യുടെ പ്രവർത്തന യൂണിറ്റുകളും 9-ാം പദ്ധതിയിൽ അത്യന്താപേക്ഷിതമാണ്. ഒരു വനിതാ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ കൊണ്ടുവരികയും തൊഴിൽ രഹിതവേതനം പറ്റുന്ന വിദ്യാസമ്പന്നരായ വനിതകൾക്ക് സ്വയം തൊഴിൽ സ്ഥാപനമായി പ്രസ്തുത സ്ഥാപനം കൊണ്ടുവരേണ്ടതാണ്. വനിതകൾ സന്മനോഭാവത്തോടെ മുന്നോട്ടു വരാനും ചെറുകിട വ്യവസായങ്ങൾ നടത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും ഉത്സുതരാണ്. വെട്ടൂർ പഞ്ചായത്തിൻെറ കീഴിൽ സംയോജിത മാതൃശിശു സംരക്ഷണകേന്ദ്രങ്ങളായ പത്ത് അംഗനവാടികൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഒന്നൊഴികെ മറ്റുള്ള സ്ഥാപനങ്ങളെല്ലാം താത്കാലികമായ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പുത്തൻചന്തയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വനിതാ വികസന സമിതിയുടെ പരിശീലന കേന്ദ്രത്തിൽ നിന്നും ഇതിനകം 75ൽപ്പരം നിർദ്ധനരായ വനിതകൾക്ക് പരിശീലനം നല്കിയിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭവും ഭംഗിയായ രീതിയിൽ പ്രവർത്തിക്കുന്നു. പ്രസ്തുത കേന്ദ്രത്തിന് സ്വന്തമായ ഒരു ആസ്ഥാനവും, ഗവൺമെൻറ് സഹായത്തോടെ പുതിയ പരിശീലന പരിപാടിയും നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായവും നല്കണം.

## *ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ.*

1. സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

2. വനിതാ വികസന കേന്ദ്രങ്ങൾ തുടങ്ങണം.

3. വനിതാ സഹകരണസംഘം രൂപീകരിക്കണം.

4. വനിതകൾക്കായുള്ള ഗ്രന്ഥശാലകൾ ആരംഭിക്കണം.

5. വയോജന വിദ്യാഭ്യാസം നടപ്പിലാക്കണം.

6. വനിതകളുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

7. വനിതാക്ഷേമത്തിനായി നല്കുന്ന ഫണ്ടുകൾ അർഹരായവർക്ക് ലഭ്യമാക്കാൻ ജനപ്രതിനിധികൾ വേണ്ട നടപടികൾ സ്വീകരിക്കുക.

8. വനിതാ സംഘടനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

വനിതാ വികസനവും ക്ഷേമവും രാഷ്ട്രത്തിൻെറ പ്രവർത്തനങ്ങളായി ഏറ്റെടുത്താൽ മാത്രമേ നല്ലൊരു ഭാരതം കെട്ടിപ്പടുക്കാൻ കഴിയു.

# സഹകരണ പ്രസ്ഥാനവും പൊതുവിതരണവും

സഹകരണ പ്രസ്ഥാനത്തിൻെറ ആവിർഭാവകാലത്ത് ഈ പഞ്ചായത്തിൽ അതിൻെറ പ്രവർത്തനം വളരെ മെച്ചപ്പെട്ടതരത്തിലായിരുന്നു. എന്നാൽ കുറച്ച് കാലം സഹകരണ പ്രസ്ഥാന പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നു. അതിന് ഈ പ്രദേശത്തെ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലം ഒരു കാരണമായിരുന്നു. പ്രധാനമായും സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത് കയർ വ്യവസായമേഖലയിലായിരുന്നു. സഹകരണ പ്രസ്ഥാനം എന്നും എവിടെയും ഒരു നാടിൻെറ വികസന പ്രക്രിയയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്നതാണ്. കയർ വ്യവസായരംഗം തകർച്ചയിലാകാതെ പിടിച്ചുനിർത്തുന്നതിന് സഹകരണ സംഘങ്ങളുടെ പ്രവർത്തനം എക്കാലവും അത്യാവശ്യമാണ് എന്നുള്ളത് പല രംഗങ്ങളിലും അനുഭവപ്പെട്ടിട്ടുള്ളതാകുന്നു.

കയർ വ്യവസായ രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന രണ്ടു സംഘങ്ങളുണ്ട്. വെട്ടൂർ കയർ വ്യവസായ സഹകരണസംഘം നമ്പർ റ്റി. 535 ഉം, വെന്നിയോട് സ്ഥിതി ചെയ്യുന്ന അകത്തുമുറി കയർ വ്യവസായ സഹകരണസംഘം നമ്പർ 339. ഈ സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് സ്വകാര്യമേഖലയിലുള്ളതിനെക്കാൾ സേവന വേതന വ്യവസ്ഥകളാണ് ലഭിക്കുന്നത്. റേഷൻ കടകൾ സഹകരണാടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള റേഷൻ കടകൾ ഇപ്പോഴില്ല.

ക്ഷീര വികസന രംഗത്ത് സഹകരണ സംഘം ഇല്ലാത്ത ഒരു പഞ്ചായത്താണിത്. ആയതിൻെറ പേരിൽ ക്ഷീര കർഷകർ ഏറെ ബുദ്ധിമുട്ടുകൾ സഹിയ്ക്കുകയാണ്. ഈ രംഗത്തു എത്രയും വേഗം സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

വെട്ടൂർ പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് 1979-ൽ വെട്ടൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ റ്റി. 728 പ്രവർത്തനം ആരംഭിച്ചു. ബാങ്കിൻെറ ആദ്യപ്രസിഡൻറ് ശ്രീ. വെട്ടൂർ സത്യദാസായിരുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. വെട്ടൂർ പ്രകാശനാണ്. ഇപ്പോൾ ഈ സംഘത്തിൽ ആകെ അംഗങ്ങൾ 2666 ആണ്. അംഗീകൃത ഓഹരി മൂലധനം 2,00000 രൂപയും പിരിച്ചുകിട്ടിയ ഓഹരി മൂലധനം 1,59519 രൂപയു മാണ്. ഒരു ഓഹരിയുടെ വില 10

...പയാണ്. പൊതുജനങ്ങളിൽ നിന്നും നിക്ഷേപ ...ായി 20,99,743 രൂപ സ്വീകരിച്ചിട്ടുണ്ട്. വിവിധ ...നം വായ്പകളായി 16 ലക്ഷം രൂപയോളം ...ളുകൾക്ക് നൽകിയിട്ടുണ്ട്.

ഈ ബാങ്കിൽ മാവേലി സ്റ്റോർ, വളം ...ിപ്പോ എന്നിവയും, വിവിധ ഇനം ചിട്ടികളായും ...ടത്തി വരുന്നുണ്ട്. സഹകരണ ബാങ്കിൻെറ പ്രവർത്തനം ദുർബലരായ ജനവിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമാണ്. ബാങ്കിൻെറ പ്രവർത്ത നങ്ങൾ ഇനിയും കൂടുതൽ മേഖലയിൽ വ്യാപിപ്പി ക്കേണ്ടതുണ്ട്.

## *ഗ്രാമസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ*

1. ഒരോ വാർഡിലും സഹകരണാടിസ്ഥാനത്തിൽ റ്റീ ഷാപ്പ്, ഹോട്ടൽ അനുവദിക്കുക. 2. വനിതാസഹകരണ സംഘങ്ങൾ, പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക രിക്കുക.

3. കൊപ്രാ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

4. കരകൗശല സഹകരണ സംഘങ്ങൾ ആരംഭി ക്കുക.

5. സർവ്വീസ് ബാങ്കിനോടനുബന്ധിച്ച് കേര ഫെഡിൻെറ കീഴിലുള്ള കൊപ്രാ സഹകരണ സംഘം ആരംഭിക്കുക.

## *പൊതു വിതരണം*

ഈ പഞ്ചായത്തിലെ പൊതു വിതരണ രംഗത്തെ പ്രവർത്തനം തൃപ്തികരമല്ല. പൊതു വിതരണരംഗം ശക്തിപ്പെട്ടാൽ മാത്രമേ വില നിലവാരം പിടിച്ചു നിർത്താൻ കഴിയുകയുള്ളു. ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ ഇന്ന് ഈ പൊതുവിതരണ കേന്ദ്രങ്ങളിൽ ലഭ്യമല്ല. അതി നാൽ ഉപഭോക്താക്കൾക്ക് സ്വകാര്യ കച്ചവട സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരുന്നു. ആകെ 11 പൊതു വിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായ ത്തിലുണ്ട്. ഏത് ഉദ്ദേശത്തോടുകൂടിയാണോ ഇവ ആരംഭിച്ചത്. ആ ഉദ്ദേശങ്ങൾ സാധിതമാക്കുവാൻ കഴിയാത്ത നിലയിലാണ് ഇവയുടെ പ്രവർത്തനം. പച്ചക്കറികൾ വിതരണം ചെയ്യുന്ന പൊതു വിതരണ കേന്ദ്രങ്ങൾ ഇന്ന് പട്ടണങ്ങളിലും നഗരങ്ങളിലുമാണ് പ്രധാനമായും പ്രവർത്തിക്കു ന്നത്. അവ ഗ്രാമങ്ങളിലും പ്രവർത്തനം ആരംഭി ച്ചാൽ മാത്രമേ ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് സാധനം ലഭിക്കുകയുള്ളു. ടൺ കണക്കിന് പച്ചക്കറികളും, മുട്ടയുമാണ് നമ്മുടെ സ്വകാര്യമാർക്കറ്റുകളിൽ വിറ്റഴിക്കുന്നത്. പഞ്ചായ ത്തിനകത്ത് ഒരു കൺസ്യൂമർ സ്റ്റോർ ഇല്ലാ എന്നുള്ളത് കൊള്ളലാഭം എടുക്കുന്നതിന് കച്ചവടക്കാർക്ക് അവസരം നല്കുന്നു. പൊതു വിതരണ സമ്പ്രദായം എല്ലാ മേഖലകളിലും കടന്നു വന്നാൽ മാത്രമേ മാവേലി തമ്പുരാൻെറ ഭരണകാലത്തെ അവസ്ഥ കേരളത്തിൽ ഉണ്ടാ വുകയുള്ളു.

## *ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ*

1. നിലവിലുള്ള പൊതു വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

2. കൂടുതൽ മേഖലയിൽ പ്രവർത്തനം വ്യാപി പ്പിക്കുക.

3. കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.

4. വിലനിലവാരം കുറയ്ക്കുന്നതിനുള്ള കാര്യ മായ നടപടികൾ അധികൃതർ സ്വീകരിക്കുക.

5. സിവിൽ സർവ്വീസ് കോർപ്പറേഷൻെറ കീഴിലുള്ള മാവേലി സ്റ്റോറുകൾ തുടങ്ങണം.

# സംസ്ക്കാരം

ഒരു പ്രദേശത്ത് ജീവിക്കുന്ന ജനങ്ങളുടെ ആത്മ ചൈതന്യമാണ് അവരുടെ സംസ്ക്കാരം. സാംസ്ക്കാരികമായി വളരെ ഉയർന്ന ഒരു പ്രദേശമാണ് വെട്ടൂർ. ഹിന്ദുക്കളും, മുസ്ലീങ്ങളും, ക്രിസ്ത്യാനികളും അധിവസിക്കുന്ന പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുമത വിശ്വാസികളാണെങ്കിലും മുസ്ലീം മതവിഭാഗത്തിൽ പ്പെട്ടവർ ഈ പ്രദേശത്തെ ഗണ്യമായ ജനവിഭാഗങ്ങളാണ്. മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിൽ സംഘർഷം തീരെ ഇല്ലാത്ത ഒരു പ്രദേശമാണിത്. എന്നുമാത്രമല്ല മറ്റു മതക്കാരുടെ ആരാധനാലയങ്ങളിലെ ഉത്സവാഘോഷങ്ങളിൽ സഹകരിക്കുന്ന വിശാല മനസ്കരായ ആളുകളാണ് ഇവിടെ ഉള്ളത്.

ഇൻഡ്യയിലാകമാനം ജാതിമത ചിന്തയുടെ പേരിൽ ജനങ്ങൾ തമ്മിൽ അടിച്ചപ്പോഴും വിഭാഗീയതയുടെ വിഷജ്വരം ആളുകൾക്കിടയിൽ പടർന്ന പ്പോഴും അത്തരം ചിന്തകളിലും പ്രവർത്തികളിലും ഏർപ്പെടാതെ പരസ്പര സഹകരണത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായ ഒരു ഐക്യം നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ പൈതൃകം പൂർവ്വികർ നമുക്ക് നൽകിയ വിലപ്പെട്ട സ്വത്താണ്. അത് കാത്ത് സൂക്ഷിക്കുന്നതിന് നാം സദാ ജാഗരൂഗരായിരിക്കണം.

സ്വാതന്ത്ര്യാനന്തരം കേരളത്തിൽ രൂപം കൊണ്ട ഗ്രന്ഥശാല പ്രസ്ഥാനം ഈ നാടിനേയും ചൈതന്യവത്താക്കുകയുണ്ടായി. അക്കാലത്ത് സ്ഥാപിച്ച വിളബ്ഭാഗത്തെ യുവജനസംഘം ഗ്രന്ഥശാലയും വായനശാലയും ഈ ജില്ലയിലെ മികച്ചപ്രവർത്തനം കാഴ്ച വച്ച സ്ഥാപനങ്ങളിൽ ഒന്നായിരുന്നു. ആ ഗ്രന്ഥശാല ഉപയോഗപ്പെടുത്തി പഠിച്ചുവളർന്നവർ ഈ നാടിന്റെ അഭിമാന പാത്രങ്ങളായി തീരുകയുണ്ടായി.

അവരിൽ പ്രമുഖരാണ് പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനും കൊല്ലം എസ്. എൻ കോളേജിലെ പ്രിൻസിപ്പാലുമായിരുന്ന ഡോക്ടർ എം.ശ്രീനിവാസൻ പിൽക്കാലത്ത് പാകിസ്ഥാനിലേക്ക് കുടിയേറിയ റാത്തിക്കൽ പാണ്ഢിക്കഴികം വീട്ടിൽ പ്രൊഫസർ എം. എ. സലാഹുദ്ദീൻ എന്നിവർ. ഇന്ന് പ്രസ്തുത ഗ്രന്ഥശാല നശിച്ച് നാമാവശേഷമായി പലരുടേയും വീടുകളിൽ പുസ്തകങ്ങൾ കുന്നുകൂടി. അതോടൊപ്പം തന്നെ മേൽവെട്ടൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സുരേന്ദ്രനാഥ് മെമ്മോറിയൽ ഗ്രന്ഥശാലയും, ആശാൻ ആർട്സ് ക്ളബും. ആശാൻ ആർട്സ് ക്ളബിന്റെ പ്രവർത്തനം ഈ നാടിന്റെ സാംസ്കാരിക കലാപ്രവർത്തനങ്ങളുമായി വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്നു.

കേരളത്തിൽ ആദ്യമായി സംസ്ഥാന തലത്തിൽ നാടകമത്സരങ്ങൾ സംഘടിപ്പിച്ചു കൊണ്ടുള്ള അതിന്റെ പ്രവർത്തനം അടുത്ത കാലം വരെ തുടർന്നു. ഇന്ന് അറിയപ്പെടുന്ന കലാകാരൻമാരിൽ പത്മ ശ്രീ. തിക്കുറിശ്ശി സുകുമാരൻ നായർ ഇതിന്റെ പ്രവർത്ത

നവുമായി ബന്ധപ്പെട്ടയാളാണ് ജീർണ്ണാവസ്ഥ യിൽ കിടക്കുന്ന ഈ പ്രസ്ഥാന ത്തെ ഉയർത്തിയെടുക്കുന്നതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. സുരേന്ദ്രനാഥ് മെമ്മോറിയൽ ഗ്രന്ഥശാല പിൽക്കാലത്ത് പഞ്ചായത്തിനെ ഏൽപ്പിക്കുകയും തുടർന്ന് പഞ്ചായത്തിൻെറ അധീനതയിൽ ലൈബ്രറിയും വായനശാലയും ആരംഭിക്കുകയുണ്ടായി. താല്ക്കാലികമായി അതിൻെറ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ടി വന്നു. ചൂളപ്പുരയിലുള്ള വെട്ടൂർ പീപ്പിൾസ് ലൈബ്രറി നാമമാത്രമായി പ്രവർത്തിക്കുന്നു. അത് പുനരുദ്ധരിക്കേണ്ട താണ്. ഏതാനും പൗരസമിതികളും പ്രവർത്തി ച്ചുവരുന്നുണ്ട്. വെട്ടൂർ എസ്. എൻ.ഡി. പി ശാഖയുടെ വിദ്യാഭ്യാസ- സാംസ്കാരിക പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

സിനിമാ നടൻ വെട്ടൂർ പുരുഷൻ, സാഹിത്യകാരൻമാരായ സാഹിതിസദനം സി. കെ. ശ്രീ. വത്സൻ, ശ്രീ. എം. കെ. ഭാസി, വക്കം ജയകുമാർ എന്നിവരും യുവ കവിയും എഴുത്തുകാരനുമായ വെട്ടൂർ ശശിയും നമ്മുടെ നാട്ടുകാരാണെന്ന്. അത് ഈ റിപ്പോർട്ടിൽ ഞങ്ങൾ അഭിമാനത്തോടെ രേഖപ്പെടുത്തുന്നു.

കായിക രംഗത്തും ഈ പഞ്ചായത്തു പ്രദേശം ഒട്ടും പിന്നിലായിരുന്നില്ല. വോളിബാൾ രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച കെട്ടിടത്തിൽ പത്മനാഭൻ (കട്ടർ), വെട്ടൂർ അഹദ് സാർ എന്നിവരെയും, ഗുസ്തിയുടെ രംഗത്ത് നീഗ്രോ ഹനീഭ, വെട്ടൂർ വിശ്വംഭരൻ ഫയൽവാൻ എന്നിവരേയും ഇത്തരുണത്തിൽ ഓർക്കുന്നു. നല്ലനിലയിൽ കളിക്കുന്ന ഒരു കബഡി ടീം വെട്ടൂരിനുണ്ട്.

## റേഡിയോ

ടി. വി, കിയോസ്ക്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടി. വി.യുടേയും മറ്റ് ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെയും ആവിർഭാവം നമ്മുടെ കലാരൂപങ്ങൾക്ക് ഭീഷണിയായിട്ടുണ്ട്. പുസ്തക വായനയിലുള്ള താത്പര്യം ആളുകളിൽ കുറഞ്ഞ് വരികയാണ്. ഈ സാഹചര്യത്തിൽ സാംസ്കാരി കരംഗത്ത് ഒരു പുനർചിന്തനം ആവശ്യമാണ്. വളരുന്ന തലമുറ ദൂഷികവലയത്തിൽ അകപ്പെട്ടു പോകാതിരിക്കാൻ അധികൃതരും ഇക്കാര്യത്തിൽ അലംഭാവം കാണിക്കുവാൻ പാടില്ല.

*പ്രധാന മതവിഭാഗങ്ങൾ*

ഹിന്ദു, മുസ്ലീം, ക്രിസ്തുമതക്കാർ കുറഞ്ഞതോതിൽ ഉണ്ട്. ക്രിസ്തുമതക്കാർക്കുള്ള ആരാധനാലയങ്ങൾ ഇല്ല.

*ഹിന്ദു ആരാധനാലയങ്ങൾ*

വിളബ്ഭാഗം ശ്രീദേവി അമ്മൻകോവിൽ, പൊന്നും തുരത്ത് ശിവക്ഷേത്രം, മങ്ങാട് മാടൻകാവ് ദേവിക്ഷേത്രം, ചരുവിള അമ്മൻകോവിൽ, പ്ളാവഴികം ദേവീക്ഷേത്രം, മരക്കടമുക്ക് ശ്രീനാരായണഗുരു മന്ദിരം, മാത്തൻവിള ശിവക്ഷേത്രം, പരയൻവിളാകം ദേവീക്ഷേത്രം, പുത്തൻവിള ക്ഷേത്രം, അഴുക്കൻ വിള ക്ഷേത്രം, ചിലക്കൂർ അമ്മൻകോവിൽ കാട്ടിൽ ശിവക്ഷേത്രം,വെന്നികോട് വാറഴികം ദേവീക്ഷേത്രം, എലിയൻ വിളാകം ദേവീക്ഷേത്രം, അപ്പൂപ്പൻനട, തോപ്പിൽ ക്ഷേത്രം, അയ്യപ്പിളവീട്, മുരുകൻകോവിൽ, ആശാൻമുക്ക്, കുറവൻ കോണംദേവീക്ഷേത്രം, താഴെവെട്ടൂർ, പനച്ചിമൂട് ദേവീക്ഷേത്രം, വെളുത്തൻെറ വിള സുബ്രമണ്യക്ഷേത്രം, വിളബ്ഭാഗം പുത്തൻ വിള ക്ഷേത്രം, അഴുക്കൻ വിള ക്ഷേത്രം, കാട്ടുവിള ക്ഷേത്രം, ചിലക്കൂർ അമ്മൻകോവിൽ, പുത്തൻ ചന്ത മുത്താരമ്മൻ കോവിൽ.

*മുസ്ലീം പള്ളികൾ*

ചിലക്കൂർ മുസ്ലീം ജമാ അത്ത് പള്ളി, ഇളപ്പിൽ ജമാഅത്ത് പള്ളി, വെട്ടൂർ ജമാ അത്ത് പള്ളി, വെട്ടൂർ വടക്കേപള്ളി, റാത്തിക്കൽ ജമാ അത്ത് പള്ളി, മൗണ്ടിൽ തയ്ക്കാവ്, അഴുക്കൻ വിള തയ്ക്കാവ്, മദ്രസകൾ.

*ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ*

1. ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ആധുനികവത്കരിച്ച് പുനർജീവിപ്പിക്കുക.
2. വ്യാപകമായ ബോധവത്ക്കരണം ഇക്കാര്യത്തിൽ ഉണ്ടാക്കുക.
3. നാട്ടിൽ നന്നായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾക്ക് അർഹമായ പ്രോത്സാഹനം നല്കുക.
4. പുസ്തക വായന പ്രോത്സാഹിപ്പിക്കുക.
5. പഞ്ചായത്ത് തലത്തിൽ ഏതാണ്ട് നടത്തുന്ന കലാകായിക മത്സരങ്ങൾ ചടങ്ങുകളാക്കാതിരിക്കുക.
6. ഗ്രന്ഥശാലകളും, വായന ശാലകളും, ആവശ്യമായ സ്ഥലത്ത് സ്ഥാപിക്കുകയും അതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുക.
7. സാക്ഷരതാ പ്രവർത്തനങ്ങൽ വ്യാപകമാക്കുക.
8. ആരാധനാലയങ്ങളിലെ ഉത്സവങ്ങൾക്ക് ലക്ഷങ്ങൾ ചിലവു ചെയ്ത് ധനദുർവിനിയോഗം നടത്തുന്നതിനു പകരം അത്തരം തുകകൾ നാടിന്റെ വികസനത്തിനായി ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം.
9. ചൂളപ്പുരയിൽ പീപ്പിൾസ് ലൈബ്രറി ആന്റ് റീഡിംഗ് റൂമിന്റെ മുൻപ് കിട്ടിക്കൊണ്ടിരുന്ന ഗവൺമെന്റ് ഗ്രാന്റ് പുനസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

# വിഭവ സമാഹരണം

വെട്ടൂർ ഗ്രാമപഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രയിഡ് പഞ്ചായത്താണ്. ജനങ്ങളിൽ ഭൂരിഭാഗവും മത്സ്യതൊഴിലാളികളും കയർതൊഴിലാളികളുമാണ്. പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ വളരെ ഏറെയാണ്. ഈ പഞ്ചായത്തിൽ വ്യവസായ ശാലകളൊന്നും നിലവിലില്ല. രൂക്ഷമായ ജലക്ഷാമവും ജലസേചനമാർഗ്ഗങ്ങളും അഭാവവും പഞ്ചായത്തിൻെറ കാർഷിക മേഖലയെ തളർത്തിയിരിക്കുകയാണ്.

ഈ പഞ്ചായത്തിൻെറ പ്രധാനമായ വരുമാനമാർഗ്ഗങ്ങൾ, കെട്ടിട നികുതി, തൊഴിത നികുതി, വിനോദനികുതി, ലൈസൻസ് ഫീസുകൾ, ലേലം തുടങ്ങിയവയാണ്. കെട്ടിട നികുതി ഇനത്തിൽ ഒരു വർഷം ശരാശരി 1.5 ലക്ഷം രൂപയോളമാണ് ലഭിച്ചിരുന്നത്. വർഷം തോറും കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും തന്മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ് പഞ്ചായത്തിൻെറ ദൈനദിന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. തൊഴിൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറമാണ്. തന്മൂലം തൊഴിൽ നികുതിയും വളരെ തുച്ഛമാണ്. വ്യാപാര സ്ഥാപനങ്ങളുടെയോ കുറവും നല്ലരീതിയിൽ പ്രവർത്തിക്കുന്ന തിയറ്ററുകളുടെ അഭാവവും ലൈസൻസ് തുകയ്ക്ക് മങ്ങലേല്പിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിച്ചിരുന്ന വരുമാനത്തെകൂടി മാനദണ്ഡമാക്കിയാണ് ഫസ്റ്റ് ഗ്രേഡായിരുന്ന ഈ പഞ്ചായത്തിനെ സ്പെഷ്യൽ ഗ്രേഡാക്കി ഉയർത്തിയത്. ഇപ്പോൾ വാട്ടർ ചാർജ്ജ് പിരിച്ചെടുക്കുന്ന ചുമതല കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുകയാണ്. സ്പെഷ്യൽ ഗ്രേഡ് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തുകൾക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന പല ഗ്രേഡുകളും ഈ പഞ്ചായത്തിനു ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഒരു പബ്ളിക് മാർക്കറ്റാണുള്ളത്. ഇപ്പോൾ പുത്തൻചന്തയിൽ ഒരു പ്രൈവറ്റ് മാർക്കറ്റ് ഉണ്ടെങ്കിലും ലൈസൻസ് ഫീസിനത്തിൽ 12500 രൂപ മാത്രമാണ് ലഭിച്ചുവരുന്നത്. വെട്ടൂർ പഞ്ചായത്തിൻെറ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന പ്രസ്തുത മാർക്കറ്റ് പഞ്ചായത്തു ഏറ്റെടുക്കുകയാണെങ്കിൽ ലക്ഷക്കണക്കിനു രൂപ ലേലം ഇനത്തിൽ വർഷം തോറും ലഭിക്കുന്നതാണ്. ആഡംബരമായ രീതിയിൽ വളരെ പണം ചെലവഴിച്ചു നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സാധാരണ കെട്ടിട നികുതിക്കു പുറമേ ഒരു പ്രത്യേക നികുതി കൂടി ഈടാക്കുന്നകയാണെങ്കിൽ അതി പഞ്ചായത്തിൻെറ വരവു് വർദ്ധിപ്പിക്കം. ടൂറിസ വികയനത്തിലൂടെ വരവു് വർദ്ധിപ്പിക്കാൻ പര്യാപ്തമായ ഭൂപ്രകൃതിയാണ് വെട്ടൂരിനുള്ളത്.

സർക്കാരിൽ നിന്നും ഗ്രാൻറിനത്തിൽ ലഭിക്കുന്ന തുക വളരെ തുച്ഛമാണ്. ഗ്രാൻറ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം തുച്ഛമാണ്.

അതത് പഞ്ചായത്തിൻെറ ആവശ്യക തകൾ കണക്കിലെടുത്തായിരിക്കണം. തുച്ഛമായ ഗ്രാൻറ് അനുവദിച്ചാൽ തന്നെ പഞ്ചായത്തിന് തുക ലഭിക്കുന്നതിനുള്ള കാലതാമസം വികസനപ്രവർത്തനങ്ങൾക്ക് വിഘാതമായി തീരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ നിന്നും ഗൾഫ് നാടുകളിൽ പോയി പണിയെടുക്കുന്ന വിദേശ മലയാളികളുടെ സഹകരണത്തോടെ ഏതെങ്കിലും വ്യവസായ ശാലകളോ, സഹകരണ സ്ഥാപനങ്ങളോ ആരംഭിയ്ക്കുകയാണെങ്കിൽ അതുവഴി കുറച്ചൊക്കെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, പഞ്ചായത്തിൻെറ വരവു വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

പ്രധാനപ്പെട്ട മത്സ്യബന്ധന മേഖലയായ വെട്ടൂരിലെ യന്ത്രവൽകൃത ബോട്ടുകടമകളിൽ നിന്നും തൊഴിൽ കരം ഇനത്തിൽ ഒരു നിശ്ചിത ഫീസ് ഈടാക്കുകയാണെങ്കിൽ ഒരു നല്ല തുക വരുമാനമായി പഞ്ചായത്തിനു ലഭിയ്ക്കുന്നതാണ്.

### *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. ഈ പ്രദേശത്തെ വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന ആളുകളുടെ ഒരു സെൻസസ് എടടുക്കണം.
2. കേബിൾ റ്റി.വി. ടാക്സ് ഏർപ്പെടുത്തുക
3. വെട്ടൂർ ചൂളപ്പുരയിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിയ്ക്കുക.

## *ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ*

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | |
| 1 | 1 | ഇല്ല | 55 | - | 56 | 1575 |
| 2 | - | ഇല്ല | 15 | - | 15 | 650 |
| 3 | - | 2 | 10 | - | 10 | 555 |
| 4 | - | ഇല്ല | 14 | - | 14 | 675 |
| 5 | - | ഇല്ല | 8 | - | 8 | 619 |
| 6 | - | ഇല്ല | 12 | - | 12 | 835 |
| 7 | 2 | 1 | 16 | - | 19 | 890 |
| 8 | | ഇല്ല | 10 | - | 10 | 865 |
| 9 | 1 | ഇല്ല | 13 | - | 14 | 885 |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



കൃഷി പോലെ തന്നെ പ്രാധാന്യമുള്ള ഒന്നാണ് മൃഗസംരക്ഷണ മേഖലയും. ഭൂമിയുടെ തുണ്ട് തുണ്ടായുള്ള വിഭജനം, അന്യം നിന്നു പോയ കൃഷി ഇടങ്ങൾ, കാർഷിക മേഖലയിലെ വിലയിടിവ് എന്നിവയെല്ലാം തന്നെ മൃഗസംരക്ഷണ മേഖലയുടെ പ്രസക്തി വർദ്ധിപ്പിയ്ക്കുന്നു. കഴിഞ്ഞ രണ്ടു ദശകങ്ങളായി ഈ മേഖലയിൽ വൻപിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ കാലം കൊണ്ട് കുറച്ചു മുതൽ മുടക്കി കൂടുതൽ ലാഭം ഉണ്ടാക്കാൻ കഴിയുന്ന മേഖലയാണിത്. തൊഴിൽ രഹിതർക്ക് തൊഴിലും, വരുമാനവും ഉണ്ടാക്കാൻ കഴിയുന്നു.

പഞ്ചായത്ത് പ്രദേശത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കുറഞ്ഞുവരികയാണ്. ഈ പഞ്ചായത്തിലെ വിവധ കുടുംബങ്ങളിൽ നടത്തിയ കന്നു കാലി സർവ്വേയിൽ ഉദ്ദേശം 2321 കുടുംബങ്ങൾ മാത്രമാണ് കന്നുകാലികളെ വളർത്തുന്നത്. 829 കുടുംബങ്ങളിൽ കന്നുകാലികളേയോ കോഴികളേയോ വളർത്തുന്നില്ല. ഈ പ്രദേശത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി ഒരു മൃഗാശുപത്രിയാണുള്ളത്. അത് ആരംഭിച്ചിട്ട് ഒരു വർഷമേ ആകുന്നുള്ളു. ഇപ്പോൾ മൃഗാശുപത്രിയിൽ നിന്നും കന്നുകാലികൾക്കും, കോഴികൾക്കും, നായ്ക്കൾക്കും രോഗത്തിനുള്ള ചികിത്സയും അവയ്ക്കുള്ള രോഗ പ്രതിരോധ കുത്തിവെയ്പുകളും ലഭ്യമാണ്. ഈ പഞ്ചായത്തിൽ പാൽ സൊസൈറ്റിയില്ല. ആയതിനാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ ചായക്കടകളിലും വീടുകളിലും ചെലവിടുന്ന സാഹചര്യമാണുള്ളത്. എങ്കിലും സമീപ പഞ്ചായത്തുകളിലെ സൊസൈറ്റികളിൽ നിന്നും പാൽ ശേഖരിയ്ക്കാറുണ്ട്. ഇതുമൂലം ക്ഷീരകർഷകന് ന്യായമായ വിലയും കിട്ടുന്നില്ല. ഉല്പാദകന് കിട്ടുന്ന പാൽ വില ഉല്പാദന ചിലവിന് അനുസൃതമല്ല. കാലി തീറ്റയുടെ വിലക്കയറ്റം, വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ദൗർലഭ്യവും ഈ മേഖലയുടെ പ്രശ്നങ്ങളാണ്. ലഭ്യമായ തേങ്ങാ പിണ്ണാക്ക്, തവിടു്, കപ്പ എന്നിവ ഉപയോഗിച്ച് തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ കർഷകന് കുറഞ്ഞ വിലയ്ക്ക് തീറ്റ നൽകുവാൻ കഴിയും. തെങ്ങിൻ തോപ്പുകളിലും മറ്റു പ്രദേശങ്ങളിലും തീറ്റപ്പുല്ല് കൃഷി ചെയ്യുവാനുള്ള സഹായം നൽകിയാൽ തീറ്റയുടെ കാര്യത്തിൽ കുറച്ചൊരു ലാഭം ഉണ്ടാകും.

പശുക്കളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങളാണ് കുളമ്പുരോഗം, അകിടു വീക്കം, വിരശല്യം എന്നിവ. പലപ്പോഴും രോഗങ്ങൾക്ക് കൃത്യമായ ചികിത്സ നൽകാത്തതിനാൽ ചത്തുപോകാറുണ്ട്. അതും കർഷകന് ഈ രംഗത്തുണ്ടാകുന്ന പ്രയാസങ്ങളിൽ പ്രധാനമാണ്. വന്ധ്യതയും ഒരു പ്രധാന പ്രശ്നമായി കർഷകന്റെ മുന്നിലുണ്ട്. ആയതിന് ഇന്ന് ഫലപ്രദമായ ചികിത്സ മൃഗാശുപത്രി വഴി ചെയ്തു വരുന്നുണ്ട്.

## പശുവളർത്തൽ

ഗ്രാമീണ വനിതകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉപതൊഴിൽ എന്ന നിലയിൽ കന്നുകാലി വളർത്തൽ തുടങ്ങാം. ഇതുമൂലം സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവു

സമയം ഫലപ്രദമായി വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ജൈവവളമായ ചാണകം അടുക്കളതോട്ട സംരക്ഷണത്തിനും മറ്റു ചെറുകിട കൃഷികൾക്കും ഏറെ ഉപയോഗപ്രദ മാണ്. ചാണകം ഉപയോഗിച്ച് ഗോബർഗ്യാസ് പ്ലാൻറ് കൂടി ആരംഭിച്ചാൽ കുടുംബത്തിനുള്ള പാചക ഇന്ധനം ലഭ്യമാകും.

നാടൻ പശുക്കളേക്കാൾ കൂടുതൽ സങ്കര ഇനം പശുക്കളെയാണ് ഇപ്പോൾ വളർത്തുന്നത്. സർക്കാരും ഇതര ഏജൻസികളും പശുവളർത്ത ലിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

*വെട്ടൂർ പഞ്ചായത്തിലെ കന്നുകാലികളുടെ വിവരം*

| ഇനം | നാടൻ | സങ്കരം | ആകെ |
|---|---|---|---|
| പശു | 650 | 720 | 1370 |
| ആട് | 4850 | - | 4850 |
| എരുമ | - | 13 | 13 |
| കോഴി (കൃത്യമായ കണക്കില്ല) | | | |

## ആടുവളർത്തൽ

നമ്മുടെ പഞ്ചായത്തിൽ ധാരാളം ആളുകൾ ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. പാവപ്പെട്ട വൻെറ പശുവാണ് ആട് എന്ന് പറയാറുണ്ട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതി കൾക്ക് അനുയോജ്യമായതുകൊണ്ടും വൈവിധ്യ മാർന്ന പരിതസ്ഥിതികളോട് വേഗം ഇണങ്ങി ച്ചേരാനുള്ള കഴിവുള്ളതുകൊണ്ടും എപ്പോൾ വേണമെങ്കിലും സ്വർണ്ണ പണ്ടം പോലെ പണമാക്കി മാറ്റാവുന്ന സ്വത്ത് ആയതിനാലും ആടുകളെ നിർദ്ധനവിഭാഗങ്ങളുടെ വീട്ടിൽ വളർത്തി വരുന്നുണ്ട്. പ്രധാനമായും ആടുവളർ ത്തൽ ഇറച്ചിയ്ക്കുവേണ്ടിയാണ്. ആട്ടിറച്ചിയുടെ കുതിച്ചുയരുന്ന ആവശ്യ നിറവേറ്റുന്നതിന് ഇളം പ്രായത്തിലുള്ള ആടിനെപോലും അറവിന് വിധേയമാക്കുന്നത് ആടുകളുടെ വംശവർദ്ധ നവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. പച്ചില തീറ്റയുടെ ദൗർലഭ്യം ആടുവളർത്തലിൽ ഏർപ്പെട്ടി രിക്കുന്ന കർഷകരെ ആ തൊഴിലിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ഇതിനുവേണ്ട പച്ചില തീറ്റകൾ വച്ചു പിടിപ്പിക്കുവാൻ വേണ്ട പദ്ധതികൾക്കു രൂപം നൽകണം.

## കോഴിവളർത്തൽ

കോഴി വളർത്തൽ പ്രധാനമായും രണ്ടു വിഭാഗങ്ങ ളുണ്ട്. മുട്ടക്കോഴി വളർത്തലും, ഇറച്ചിക്കോഴി വളർത്തലും. വീട്ടുമുറ്റത്തെ കോഴിവളർത്തൽ മിക്കവാറും വീടുകളിലുണ്ട്. വ്യവസായികാടി സ്ഥാനത്തിൽ നടത്തുന്ന പൗൾട്രിഫാമുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും ചിലവുകുറഞ്ഞ രീതിയിൽ വീടുകളിൽ തന്നെ മുട്ടയുല്പ്പാദിപ്പിക്കാൻ കഴിയുമെന്നതിനു പുറമേ വീട്ടമ്മമാർക്ക് നല്ലൊരു വരുമാന മാർഗ്ഗം കൂടിയാണ് കോഴിവളർത്തൽ. കോഴിവസന്ത എന്ന രോഗം ബാധിച്ച് ഇവ കൂട്ടത്തോടെ ചത്തൊടു ങ്ങുന്നത് സർവ്വ സാധാരണമാണ്. കുത്തി വയ്പുകൾ ഉണ്ടെങ്കിലും സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ നടത്താത്തുകൊണ്ട് രോഗം മൂർഛിച്ച് കോഴികൾ ചത്തൊടുങ്ങുന്നു.

എരുമ വളർത്തൽ, താറാവ് വളർത്തൽ, കാട വളർത്തൽ, പന്നി വളർത്തൽ എന്നിവ പഞ്ചായത്ത് പ്രദേശത്ത് അപൂർവ്വമായേ ഉള്ളൂ. ഇവ വികസിപ്പിച്ചാൽ തൊഴിലും നല്ലൊരു വരുമാന മാർഗ്ഗവും ആകും.

ജന്തുജന്യരോഗങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പേവിഷബാധ. മൃഗങ്ങ ളിൽ നിന്നും മനുഷ്യരിലേക്ക് പകരാവുന്ന മാരകമായ വൈറസ് രോഗമാണ് പേവിഷബാധ. ഇന്ത്യയിൽ ഈ രോഗം പകരുന്നത് പട്ടികളുടേയും പൂച്ചകളുടേയും കടിയിലൂടെയാണ്. ചികിത്സ ചിലപ്പോൾ ഫലപ്രദമാകാറില്ല. അതുകൊണ്ട് തന്നെ തെരുവ് നായ്ക്കളെ നശിപ്പിക്കലും വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തി വയ്പ് നടത്തുകയാണ് ഈ രോഗം തടയാൻ ഫലപ്രദ മായ മാർഗ്ഗം.

പഞ്ചായത്ത് അതിർത്തിയിലെ തെരുവ് നായ്ക്കളെ ഏതാനും മാസങ്ങൾക്കു മുമ്പ് പിടിച്ച് കൊല്ലുക യുണ്ടായി. എങ്കിലും അവയുടെ എണ്ണം വീണ്ടും വർദ്ധിച്ചിട്ടുണ്ട്. അതിനെതിരെ എല്ലാപേരുടെയും സഹകരണം ഉണ്ടാകേണ്ടിയിരി ക്കുന്നു.

## ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം ഇരട്ടിയാക്കുന്നതിനാവശ്യമായ പദ്ധതികൾ ദുർബ്ബല ജനവിഭാഗങ്ങൾക്ക് നൽകണം. 2. ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

3. കുറഞ്ഞ വിലയ്ക്ക് തീറ്റ ലഭ്യമാക്കുന്ന തരത്തിൽ ഇതിന്റെ ഉല്പ്പാദനത്തിലും വിതരണത്തിലും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

4. എഗ്ഗർ നഴ്സറികൾ ആരംഭിച്ച് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തുക.

5. മൃഗസംരക്ഷണ മേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

6. സ്കൂൾ തലത്തിൽ പൗൾട്രി ക്ലാസുകൾ ആരംഭിക്കണം.

7. മൃഗസംരക്ഷണരംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിയ്ക്കുക.

8. നാടൻ കാലിത്തീറ്റ യൂണിറ്റുകൾ ആരംഭിക്കുക.

9. ക്ഷീരവികസന സഹകരണസംഘം രൂപീകരിക്കുക.

10. ഒരു വീടിന് ഒരു പശു എന്ന മുദ്രാവാക്യം.

11. മൃഗാശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുക.

12. മൃഗസംരക്ഷണം പ്രവർത്തനങ്ങൾ മൃഗാശുപത്രി വഴി ഏകോപിപ്പിച്ച് നടപ്പിലാക്കുക.

13. കന്നുകാലികളെ നിർബന്ധമായും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.



# മൽസ്യബന്ധന മേഖല

വെട്ടൂർ ഗ്രാമ പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്. നെടുങ്ങണ്ട പുതിയ പാലം മുതൽ ചിലക്കൂർ കുന്ന് അവസാനിക്കുന്ന ഭാഗം വരെയാണ് ഈ പഞ്ചായത്തിന്റെ തീരപ്രദേശം. 5 കിലോ മീറ്ററിൽ കൂടുതൽ വരുന്ന പ്രദേശമാണിത്. ഈ തീരദേശത്തുള്ളവരുടെ 85 % വും കടൽ മത്സ്യബന്ധനവുമായി വിവിധ രീതികളിൽ ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. പഞ്ചായത്തിന്റെ ഉൾഭാഗത്ത് ഏതാണ്ട് മദ്ധ്യഭാഗം വരെയുള്ള മേഖലയിലെ ജനങ്ങളിൽ ഏതാണ്ട് 40% ത്തോളം ഈ മേഖലയുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ഇവരിൽ മൽസ്യബന്ധനം മുഖ്യത്തൊഴിലാക്കിയവരും ഭാഗികത്തൊഴിലിലേർപ്പെടുന്നവരുമാണ് അധികവും. മൽസ്യ വിപണനം, സംസ്ക്കരണം ഐസിടുകയും ഉപ്പിട്ട് ഉണക്കി സൂക്ഷിക്കുകയും ചെയ്യുന്ന രീതി എന്നിവയിലേർപ്പെടുന്നവരും വല നിർമ്മാണം, വല നന്നാക്കൽ എന്നീ പണികളിൽ ഏർപ്പെടുന്നവരും ഈ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുടെ കൂട്ടത്തിൽപ്പെടുന്നു.

ഈ ഗ്രാമ പഞ്ചായത്തിലെ 2,3,4,5,8,9 എന്നീ വാർഡുകളിലാണ് പ്രധാനമായും മത്സ്യത്തൊഴിലാളികളും മൽസ്യമേഖലയുമായി ബന്ധപ്പെടുന്നവരും വസിക്കുന്നത്.

ഫിഷറീസ് വകുപ്പിന്റെ വിവിധ തട്ടുകളിലുള്ള സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടേയും അംഗത്വം സ്വീകരിച്ചവരുടേയും ഈ വകുപ്പിന്റെ വിവിധ ആനുകൂല്യങ്ങൾക്കായി സമീപിക്കുന്നവരുടേയും എണ്ണം ആനുപാതികമായി വളരെ കുറവാണ്. ഇതിലേക്ക് ആവശ്യമായ ബോധവത്ക്കരണത്തിന്റെ കുറവാണ് ഈ ഒരു സ്ഥിതി വിശേഷത്തിന് കാരണം. ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ ഫണ്ടുകൾ നാമമാത്രമായിപ്പോലും ചെലവഴിക്കപ്പെടാത്ത ഒരു പഞ്ചായത്താണിത്.

മൽസ്യത്തൊഴിലാളികളിൽ നല്ലൊരു വിഭാഗം ഭൂരഹിതരും ഭവന രഹിതരുമാണ്. കനാൽ പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ പേരും മൽസ്യത്തൊഴിലാളികളാണ്.

ഈ പഞ്ചായത്തിൽ മൽസ്യത്തൊഴിലാളികളും മൽസ്യമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരും തിങ്ങിപ്പാർക്കുന്ന പ്രധാന മേഖലകൾ ചുവടെ ചേർക്കുന്നു.

1. ഫിഷർമെൻ കോളനി
2. കോളനിക്ക് പുറത്തുള്ള ചിലക്കൂർ കുന്നിൻ പ്രദേശം
3. തുരപ്പിന്റെ മുകളിലും ഇരു കരകളിലും
4. കനാൽ പുറമ്പോക്ക്
5. പുന്നക്കൂട്ടം
6. അക്കരെവിള
7. ചിറ്റിലക്കാട്
8. വാറുവിള
9. തെങ്ങറ
10. പേഴുവിള
11. ഒസ്സാവിള
12. അഴുക്കൻ വിള
13. അരിവാളം
14. റാത്തിക്കൽ
15. എ. കെ. ജി. ജംഗ്ഷൻ

...ർത്തി

പരമ്പരാഗതമായ രീതിയിലാണ് മൽസ്യബന്ധനം നടത്തുന്നത്. യന്ത്രവൽകൃത ബോട്ടുകൾ ഈ പഞ്ചായത്തിൽ ആർക്കുമില്ല.

യന്ത്രങ്ങൾ ഘടിപ്പിച്ച നാടൻ വള്ളങ്ങൾ ഉള്ളവർ നാമമാത്രം. ഭൂരിപക്ഷം പേരും കമ്പവലയും കട്ടമരങ്ങളും നാടൻ വള്ളങ്ങളുമാണ് മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നത്. മൽസ്യബന്ധനോപകരണങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റും ഈ പഞ്ചായത്തിൽ ഇല്ല. സീസണൽ മത്സ്യബന്ധനമാണ് ഇവിടെ പ്രധാനമായും നടക്കുന്നത്. ആഴക്കടൽ മൽസ്യബന്ധനം മൂലമുണ്ടാകുന്ന ഭവിഷത്തുകൾ ഏറെ അനുഭവിക്കുന്ന ഒരു പ്രദേശമാണിത്. മൽസ്യം തീരെ ഇല്ലാത്ത കാലങ്ങളിൽ പട്ടിണിയും ദുരിതവും നിത്യസംഭവമാണ്.

ഉൾനാടൻ മൽസ്യകൃഷിക്ക് ഏറെ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണിത്. അതിനായുള്ള സാദ്ധ്യത ഒട്ടും വിനിയോഗിക്കപ്പെട്ടിട്ടില്ല.

ഉൾനാടൻ ശുദ്ധജല മൽസ്യകൃഷിക്കായി ഉപയോഗിക്കാവുന്ന പ്രദേശങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

***1. റ്റി. എസ്. കനാൽ***

1. റ്റി.എസ്. കനാലിന്റെ ഇരുവശത്തും ദീർഘ ചതുരാകൃതിയിൽ കുളങ്ങൾ നിർമ്മിച്ചും മൽസ്യകൃഷി നടത്താം.

2. വെട്ടൂർ തോടിന്റെ ഇരുഭാഗത്തും സാദ്ധ്യമായിടത്തൊക്കെ കുളങ്ങൾ നിർമ്മിച്ച് മൽസ്യകൃഷി നടത്താം.

3. കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നും ജല കെട്ടിക്കിടക്കുന്നതുമായ നിലങ്ങൾ.

4. വെട്ടൂർ തോട് അവസാനിക്കുന്ന പൊഴിക്കരഭാഗം. ഈ പ്രദേശത്ത് വിപുലമായ ഒരു കൊഞ്ചു കൃഷി പദ്ധതിയ്ക്ക് സാദ്ധ്യതയുണ്ട്.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. വെട്ടൂർ ചൂളപ്പുരയിൽ ഒരു മയമാവേലി സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

2. ഫിഷറീസിന്റെ ലൊരു വ്യാസാ സ്റ്റോർ വെട്ടൂർ ചൂളപ്പുരയിൽ സ്ഥാപിക്കണം. കേരളത്തിന്റെ തീരപ്രദേശത്ത് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തിനും കൊല്ല ജില്ലയിലെ നീണ്ടകരയ്ക്കും ഇടയിൽ ഒറ്റ വ്യാസ സ്റ്റോർ പോലും ഇല്ലായെന്ന കാര്യ പരിഗണിക്കണം.

3. ഫാമിലി അക്വേറിയം സൗന്ദര്യ മത്സ്യ വളർത്തൽ ഒരു പദ്ധതിയായി രൂപാന്തരപ്പെടുത്തി ആവശ്യമായ ബോധവൽക്കരണം നടത്തിയാൽ ഈ പഞ്ചായത്തിലുള്ള താല്പര്യമുള്ള കുറെപ്പേർക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്.

4. ഉൾനാടൻ മൽസ്യ വളർത്തൽ കേന്ദ്രം തുടങ്ങണം.

5. ഈ പഞ്ചായത്തിന്റെ തീരക്കടലിലെ വെട്ടൂർ കല്ലും കരയിൽ ഉള്ള ചിലക്കൂർ കുന്നും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വലിയതുറ മാതൃകയിൽ ഉള്ള ഒരു പാലം നിർമ്മിക്കണം.

6. വെട്ടൂർ തയ്ക്കാവിനം പടിഞ്ഞാറ് ഭാഗത്ത് അനുയോജ്യമായ സ്ഥലത്ത് ഒരു മൽസ്യ സംസ്ക്കരണ വിപണന കേന്ദ്രം ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കണം.

7. മൽസ്യത്തൊഴിലാളി ക്ഷേമസംഘം തുടങ്ങണം.

8. മൽസ്യഫെഡിന്റെ വാഹന സൗകര്യ ഈ പഞ്ചായത്തിൽ ലഭ്യമാക്കണം.

9. യന്ത്രവൽകൃത വലനിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.

10. യന്ത്ര വൽകൃത നാടൻ ബോട്ടുകൾ നന്നാക്കു ന്നതിനുള്ള ഒരു വർക്ക്ഷോപ്പ് തുടങ്ങണം.

11. ചിലക്കൂർ കുന്നിൻെറ മുകളിൽ സർച്ച് ലൈറ്റ് സ്ഥാപിക്കണം.

12. മൽസ്യ ഫെഡിൻെറ വെൽഫെയർ ഓഫീസ് ചൂളപ്പുരയിൽ തുടങ്ങണം.

13. ഫിഷരീസ് ഹെൽത്ത് സബ് സെൻറർ പഞ്ചായത്തിൻെറ തീരദേശത്തെ മൽസ്യഗ്രാമ മായി പ്രഖ്യാപിക്കണം.

14. വെട്ടൂർ ഒരു ഐസ് പ്ലാൻറ സ്ഥാപി ക്കണം.

15. കക്കൂസ്, വൈദ്യുതി ഇല്ലാത്ത. മൽസ്യ ത്തൊഴിലാളികളുടെ സർവേ നടത്തി എത്രയെന്ന് കണ്ടുപിടിച്ച കക്കൂസ്, വൈദ്യൂതി എന്നിവ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.



# പാർപ്പിടം, സാമൂഹ്യക്ഷേമം, പരിസ്ഥിതിപ്രശ്നം.

മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം. അവന്റെ ഏറ്റവും വലിയ സ്വപ്നമാണ് സ്വന്തമായൊരു വീട്. സ്വന്തമായി പാർപ്പിടം ഇല്ലാത്ത നൂറു കണക്കിന് കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പുറമ്പോക്കുകളിലും കനാൽ തീരങ്ങളിലും അധിവസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം ഏറെ പ്രയാസമേറിയതാണ്. സ്വന്തമായി ഭുമിയില്ലാത്ത ഈ വിഭാഗത്തിനായി പഞ്ചായത്ത് അടിയന്തിരമായി ചിലകാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഭുമി വിലയ്ക്കെടുത്ത് വീടുവച്ചുകൊടുക്കുന്ന പദ്ധതി നിലവിലുണ്ടെങ്കിലും വസ്തുവിന്റെ അമിതമായ വിലക്കയറ്റം മൂലം അതിനു കഴിയാത്ത സാഹചര്യമാണുള്ളത്. എങ്കിലും ഗവൺമെന്റിന്റെ വിവിധ പദ്ധതി പ്രകാരം ദുർബ്ബല ജനവിഭാഗങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാരായ കുടുബങ്ങൾക്കും വീടു വയ്ക്കുന്നതിനും പഞ്ചായത്തുവഴി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

വീടു വയ്ക്കുന്നതിന് ഹൗസിംഗ് ബോർഡും ഹൗസിംഗ് സഹകരണ സംഘങ്ങളും വിവിധ പദ്ധതികളിലൂടെ വായ്പകൾ നൽകി വരുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചില് സ്ഥാപനങ്ങളും ഇത്തരത്തിൽ വായ്പകൾ നൽകുന്നുണ്ട്. നഗരങ്ങളിലെ കെട്ടിട നിർമ്മാണ ശൈലി ഗ്രാമങ്ങളെയും ആകർഷിച്ചിട്ടുണ്ട്. ഗൾഫ് വരുമാനത്തിന്റെ അതിപ്രസരം കെട്ടിടനിർമ്മാണത്തിൽ ഗണ്യമായ സ്വാധീന ചെലുത്തിയിട്ടുണ്ട്. ധനികനായ അയൽക്കാരന്റെ പാർപ്പിട നിർമ്മാണ ശൈലി പിന്തുടരുന്ന നിത്യ വരുമാനക്കാരൻ ഒടുവിൽ കടക്കെണിയിൽ ചെന്നുപെടുന്നു. നാടിന്റെ വികസനത്തിനുപയോഗിക്കേണ്ട വിദേശ നാണ്യം കോൺക്രീറ്റ് കെട്ടിടങ്ങൾക്കായി ചെലവഴിക്കുന്ന അപകടകരമായ സാഹചര്യത്തിനെതിരെ ബോധവൽക്കരണം ആവശ്യമാണ്.

വീടു നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനങ്ങളുടെ വില താങ്ങാനാവാത്ത വിധം വർദ്ധിച്ചിരിക്കുകയാണ്. കൂലി ചിലവ്, പാർപ്പിട നിർമ്മാണരംഗത്ത് സാധാരണക്കാരെ ബുദ്ധിമുട്ടിയ്ക്കുന്നുണ്ട്.

മത്സ്യതൊഴിലാളികളും, മറ്റു കൂലി പണിക്കാരും താമസിക്കുന്ന വീടുകളിൽ യാതൊരു സൗകര്യങ്ങളുമില്ലാത്ത രണ്ടു മൂന്നു കുടുംബങ്ങൾ ഒന്നിച്ചു കഴിയേണ്ടിവരുന്ന ദുഃസ്ഥിതിയാണുള്ളത്. ലക്ഷം വീടുകളുടെ സ്ഥിതിയിലും ഏറെ ദുരിതം നിറഞ്ഞതാണ്. ഇന്ന് നാശത്തിന്റെ വക്കിലാണ് ലക്ഷം വീടുകൾ.

പരമ്പരാഗത കേരള ശൈലിയിലുള്ള വീടുകൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ഉള്ളവതന്നെയും ആധുനിക ഭവനനിർമ്മാണത്തിനു വേണ്ടി പൊളിച്ചു മാറ്റുകയാണ്. മൺചുമരുള്ളതും ഓലമേഞ്ഞതുമായ വീടുകളും വളരെയധികം ഉണ്ട്. ചുമരുകൾ കേടു പറ്റാതെ സൂക്ഷിക്കുകയും, വേണ്ടത്ര ജനലുകളും വെളിച്ചവും കാറ്റും കിട്ടാവുന്ന മറ്റ് സംവിധാനങ്ങൾ ഉപയോഗിക്കുകയും, തറചാണകം മെഴുകി വൃത്തിയായി സൂക്ഷിക്കുകയും ചെയ്താൽ ഈ വീടുകൾ ആരോഗ്യകരമായ പാർപ്പിടം പ്രദാനം ചെയ്യുന്നതാണ്. അവ സുഖവാസത്തിനും പര്യാപ്തമാണ്.

സിമൻറും കമ്പിയും ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ രീതികൾ നമ്മുടെ നാട്ടിൽ സർവ്വസാധാരണമാണ്. ശരിയായ പ്ലാനിംഗിന്റെ അഭാവം, പണിക്കാരെ മാത്രം ആശ്രയിച്ചുള്ള കെട്ടിട നിർമ്മാണരീതി എന്നിവ പലതരത്തിലും പാഴ്ചിലവുണ്ടാക്കുന്നു. സിമൻറ്, കമ്പി എന്നിവയുടെ അമിത ഉപയോഗം, അലങ്കാരപണികൾ, തീരെ ഉപയോഗമില്ലാത്ത ഭാഗങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.

ചെറിയവീടുകൾ നിർമ്മിച്ചുകൊണ്ട് ധനവ്യയംഒഴിവാക്കുകയാണ് സമൂഹത്തിനും നമുക്കും നല്ലത് എന്ന കാര്യം എല്ലാ പേരും ഓർക്കുന്നത് നന്നായിരിക്കും. പാർപ്പിടം അതിന്റെ വലിപ്പത്തിലല്ല, അതു വൃത്തിയായി സൂക്ഷിയ്ക്കുന്നതിലും ഉപയോഗിയ്ക്കുന്നതിലുമാണ് അതിന്റെ മഹത്വം.

### *ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ*

1. ഭൂമി വിലയ്ക്കെടുത്ത് ഭൂരഹിത - ഭവന രഹിതരെ പുനരധിവസിപ്പിക്കുക.
2. ദുർബല വിഭാഗങ്ങളുടെ നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.
3. ഉപയോഗ്യമായ പഴയ ഭവനങ്ങൾ പൊളിച്ചു കളയാതെ ചില്ലറമാറ്റങ്ങൾ വരുത്തി ഉപയോ ഗിക്കുക.
4. അനിയന്ത്രിതമായ കൂറ്റൻ കെട്ടിടനിർമ്മാണങ്ങൾ നിയമം മൂലം നിയന്ത്രിക്കുക.
5. കെട്ടിട നിർമ്മാണം മൂലമുണ്ടാകുന്ന പാഴ്ചിലവുകൾക്കെതിരെ ബോധവൽക്കരണം നടത്തുക

# സാമൂഹ്യക്ഷേമം

രാജാക്കൻമാർ മുതൽ മന്ത്രിമാർ വരെയുള്ള ഭരണാധികാരികൾ സാമൂഹ്യക്ഷേമതാര്യങ്ങളിൽ അതീവ തല്പരരായിരുന്നു. ദാരിദ്ര്യവും, നിർദ്ധനാവസ്ഥയും തൊഴിലില്ലായ്മയുമൊക്കെ നിർമ്മാർജ്ജനം ചെയ്യാൻ തീവ്രമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് ഭരണാധികാരികൾ. അതിനായി ധാരാളം പദ്ധതികളും ഉണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും ക്ഷേമനിധിബോർഡുകളും അതിനായി ചുക്കാൻ പിടിയ്ക്കുന്നു. ഇത്തരം പദ്ധതികളെക്കുറിച്ച് അറിയാത്തതുകൊണ്ട് ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു പോവുകയോ, അനർഹരായവർക്ക ലഭിയ്ക്കുകയോ ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിലും സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികളും നിരവധി യാണ്. 1991 ലെ ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങൾ 1321 ആണ്. രേഖകൾ അതാണ് കാണിയ്ക്കുന്നതെങ്കിലും അതിലും കൂടുതലും കുടുംബങ്ങൾ ദാരിദ്ര്യം അനുഭവിയ്ക്കുന്നവരാണ്. 216 കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തു വാനും, വീടുവയ്ക്കുവാനും കക്കൂസ് നിർമ്മാണത്തിനുമൊക്കെ സഹായങ്ങൾ ചെയ്യുവാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. കയർ തൊഴിലാളി പെൻഷൻ, മത്സ്യ ത്തൊഴിലാളി പെൻഷൻ, കർഷക ത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, രോഗികൾക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ പഞ്ചായത്തിലെ 10 ശതമാനം ആളുകൾക്കേ ലഭ്യമാകുന്നുള്ളു. പെൻഷൻ വിതരണം അതാതു ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുകയാണെങ്കിൽ വൃദ്ധൻമാർക്കും, വികലാംഗർക്കും, വിധവകൾക്കും അവശതയനുഭവിക്കുന്ന മറ്റു വിഭാഗങ്ങൾക്കും ഏറെ സൗകര്യമായിരിക്കും.

പകർച്ച വ്യാധികൾ, മാറാരോഗങ്ങൾ എന്നിവ പിടിപെട്ടുകഷ്ടപ്പെടുന്നവർക്കാശ്വാസമായി സൗകര്യചികിത്സയും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

പ്രീപ്രൈമറി വിദ്യാഭ്യാസ കാര്യ ത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു കൊണ്ട് നാളത്തെ ഉത്തമ പൗരന്മാരെ വാർത്തെ ടുക്കാൻ കഴിയുന്ന പരിപാടി കൾക്കു നേതൃത്വം നൽകണം.

പഞ്ചായത്തിലെ എല്ലാ വാർഡിലെയും ഫീഡിംഗ് സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ഏറ്റവും വലിയ മാർക്കറ്റായ പുത്തൻചന്തയിൽ ദിനം പ്രതി നൂറുകണക്കിനാളുകൾ വന്നു പോകുന്നുണ്ട്. അവരുടെ സൗകര്യാർത്ഥം പുത്തൻചന്ത കേന്ദ്രീകരിച്ച് രണ്ടു വെയിറ്റിംഗ് ഷെഡുകൾ നിർമ്മിച്ചും ഒരു പബ്ളിക് കംഫർട്ട് സ്റ്റേഷൻ പണികഴിപ്പിച്ചും കുടിവെള്ളം നൽകിയും ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മഹത്തരമാണെന്ന് ഓർത്തുകൊണ്ട് അതിനായി യത്നിക്കാം.

## *ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ*

1. പെൻഷനുകൾ അനുവദിക്കുന്നതിലെ സാങ്കേതികത്വങ്ങൾ ഒഴിവാക്കി അർഹരായവർക്ക് നൽകുക.
2. തൊഴിലില്ലായ്മ വേതനം കൃത്യമായി നൽകുക.
3. അശരണരെ സഹായിക്കുവാനുള്ള കേന്ദ്രങ്ങൾ ആരംഭിയ്ക്കുക.
4. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുവഴി ഏകോപിപ്പിച്ച് ക്ഷേമ കാര്യപരിപാടികൾ സംഘടിപ്പിക്കുക.
5. പൊതുകിണറുകളിലും പൈപ്പുകളിലും എപ്പോഴും ശുദ്ധജലം ലഭിയ്ക്കുമെന്ന് ഉറപ്പുവരുത്തുക.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം - ദാരിദ്രരേഖയ്ക്ക്
താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST |
|---|---|---|---|---|
| 1 | 88 | 6 | 22 | 3 |
| 2 | 197 | 16 | 29 | 6 |
| 3 | 154 | - | 15 | - |
| 4 | 163 | 15 | 24 | 13 |
| 5 | 179 | 11 | 15 | 11 |
| 6 | 175 | 64 | 34 | 26 |
| 7 | 130 | 10 | 29 | 8 |
| 8 | 74 | 8 | 22 | 6 |
| 9 | 161 | 16 | 26 | 12 |
| ആകെ | 1321 | 146 | 216 | 85 |

## ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം - ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളവ |
|---|---|---|---|---|
| 1 | 70 | 3 | 2 | 1 |
| 2 | 113 | - | - | - |
| 3 | 90 | - | - | - |
| 4 | 103 | 3 | 3 | - |
| 5 | 105 | - | - | - |
| 6 | 125 | 15 | 9 | 6 |
| 7 | 95 | 7 | 4 | 3 |
| 8 | 64 | 6 | 4 | 2 |
| 9 | 140 | 4 | 2 | 2 |
| ആകെ | 702 | 41 | 24 | 14 |

## ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം - കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവധ പദ്ധതി കളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|---|
| 1 | 26 | | |
| 2 | 82 | 1 (95-96) | 1 |
| 3 | 94 | 3 (94-95) | 3 |
| 4 | 63 | 1 (94-95) | 1 |
| 5 | 103 | 1 (95-96) | 1 |
| 6 | 125 | 18 (95-96) | 6 |
| 7 | 95 | 9 (95-96) | 3 |
| 8 | 64 | 5 (95-96) | 4 |
| 9 | 140 | 12 (95-96) | 5 |
| | 792 | 50 | 24 |

1996-97ൽ 1 മുതൽ 5 വരെ വാർഡുകളിൽ 15 കക്കൂസുകൾ നൽകുന്നതിന് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു.

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| വാർഡ് നമ്പർ | I.R.D.P സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | 3 | 1 |
| 2 | 3 | 3 |
| 3 | 1 | 1 |
| 4 | 8 | 3 |
| 5 | 2 | 1 |
| 6 | 12 | 3 |
| 7 | 8 | 2 |
| 8 | 6 | 2 |
| 9 | 11 | 3 |
| ആകെ | 54 | 19 |

രണ്ടാം വാർഡിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഒരു ഡയറി യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വെട്ടൂർ ഗ്രാമപഞ്ചായത്ത് ഐ.ആർ.ഡി.പി. സർവ്വേ - ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ തകുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്കുമുകളിലെത്തിയ കുളടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 88 | 6 | 22 | 3 | | |
| 2 | 197 | 16 | 29 | 6 | | |
| 3 | 154 | | 15 | | | |
| 4 | 163 | 15 | 24 | 13 | | |
| 5 | 175 | 11 | 15 | 11 | | |
| 7 | 130 | 10 | 29 | 8 | | |
| 8 | 74 | 8 | 22 | 6 | | |
| 9 | 161 | 16 | 26 | 2 | | |
| ആകെ | 1321 | 146 | 216 | 85 | | |

### 11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P. സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 70 | 3 (95-96) | 2 | 1 | |
| 2 | 113 | | | | |
| 3 | 90 | | | | |
| 4 | 103 | 3(95-96) | 3 | | |
| 5 | 105 | | | | |
| 6 | 125 | 15 | 9 | | |
| 7 | 95 | 7 | 4 | | |
| 8 | 64 | 6 | 4 | | |
| 9 | 140 | 4 | 2 | | |

# പരിസ്ഥിതി പ്രശ്നങ്ങൾ

ഈ പഞ്ചായത്തിന്റെ പദ്ധതിരേഖ തയാറാക്കുമ്പോൾ ഇവിടത്തെ ഭൂപ്രകൃതി യും സ്ഥല - ജലവിഭവ സാദ്ധ്യതകളും ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളുമായി എങ്ങനെ പൊരുത്തപ്പെടുത്താം എന്നത് സസൂഷ്മം പരിശോധിക്കപ്പെടണം. ജനകീയാവശ്യങ്ങളുടേയും അഭിലാഷങ്ങളുടേയും വസ്തുനിഷ്ഠമായ ക്രോഡീകരണത്തിലൂടെയാണല്ലോ ജനകീയാസൂത്രണം സാക്ഷാത്കരിക്കപ്പെടുന്നത്. അപ്പോൾ നമ്മുടെ ഭൂപ്രകൃതി, പരിസ്ഥിതി, പരിസരപ്രശ്നങ്ങൾ നാളിതു വരെയുള്ള അനുഭവങ്ങളുടെ ഉരകല്ലിൽ ദീർഘവീക്ഷണത്തോടെ പരിഗണിക്കപ്പെടണം. പരിസ്ഥിതി സംബന്ധമായ നിസ്സാരമെന്ന് തൊന്നുന്ന പ്രശ്നങ്ങൾ പോലും ഗൗരവ ബുദ്ധിയോടെ ചർച്ച ചെയ്യണം.

നമ്മുടെ മിക്ക ജലസ്രോതസുകളുടേയും നീരുറവകളുടേയും ഉൾതുടിപ്പുകൾ മനസിലാക്കാതെയുള്ള കേവലമായ വികസന സമീപനം പ്രകൃതിയുടെ സന്തുലനം തന്നെ തെറ്റിക്കും. നല്ലമേനി വിളവുകൾ നല്കിയിരുന്ന നെൽപാടങ്ങൾ നികത്തി തെങ്ങുകൃഷിയും കെട്ടിട നിർമ്മാണവും നടത്തിയപ്പോൾ കിണറുകളിലും

കുളങ്ങളിലും തോടുകളിലും ജലനിരപ്പ് താണു തുടങ്ങി. വേനൽക്കാലത്തു് രൂക്ഷമായ ജലക്ഷാമം ഇതിൻെറ പ്രത്യാഘാതമാണ്. റ്റി.എസ്. കനാലിലെ ജലം ഒഴുകാതെ കെട്ടിക്കിടന്ന് മലിനപ്പെടുതു് മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടിയതീരു. വെട്ടൂർ തോടിൻെറ വശങ്ങളിലുള്ള മിക്ക വീടുകളിലെ കക്കൂസിൻെറ നിർഗ്ഗമനങ്ങൾ തുറന്നിരിക്കുന്നത് തോട്ടിലേക്കാണ്.

വെട്ടൂർ തോടിൻേറയും ഏലായുടേയും ഇരു കരകളിലും ഉള്ള പുരയിടങ്ങളിൽ വേണ്ട വിധത്തിലുള്ള പുരയിട സംരക്ഷണ പണികളുടെ അഭാവത്തിൽ ഉണ്ടാകുന്ന മണ്ണൊലിപ്പു് തോടിൻേറയും വയലിൻെറയും താളം തെറ്റിക്കുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ വെള്ളം ഒഴുകുന്നതിനുള്ള ചാലുകൾ കോരിയാൽ തോട്ടിൽ ധാരാളം വെള്ളം ഒഴുകി എത്തുകയും മണ്ണടിഞ്ഞ് തോടു നികന്നു പോകുന്ന പ്രതിഭാസം ഇല്ലാതാവുകയും ചെയ്യും.

തുറസ്സായ സ്ഥലങ്ങളിലെ മല വിസർജ്ജനം ഈ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും പരിസര ശുചിത്വത്തേയും പരിസ്ഥിതിയേയും ബാധിക്കുന്ന പ്രശ്നമാണ്. തുച്ഛ വരുമാനക്കാരായ മത്സ്യ തൊഴിലാളി കൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലും കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്ത കോളനികളിലും റോഡു സൈഡുകളിലും കനാലിൻേറയും തോടിൻേറയും കരകളിലും ആണ് ഈ പ്രശ്നം ഏറെ രൂക്ഷം. ദുർബല വിഭാഗങ്ങൾക്ക് ആവശ്യമായ തോതിൽ കക്കൂസുകൾ നിർമ്മിച്ചു കൊടുത്തും കനാലിൻേറയും തോടിൻേറയും തിരഞ്ഞെടുത്ത മേഖലകളിലും തിരക്കുള്ള നിരത്തുവക്കുകളിലും പൊതു കക്കൂസ് നിർമ്മിച്ചും മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയു.




പുതിയ ഓഫീസ് മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം ശ്രീ. വയലാർ രവി എം.പി. നിർവ്വഹിക്കുന്നു.

Printed by **Vasantham Offset Printers**, Maithanam, Varkala.





Printed at VASANTHAM OFFSET PRINTERS, Maithanam, Varkala.